Reg. No. M. 2293

ഒററപ്രതി 2ണ


# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1956 ഏപ്രിൽ 11—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 മീനം 29 | ലക്കം 34

## ക്രിസ്തു വന്നു!

(തോമസ് മത്തിപ്പറമ്പിൽ



തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം

"എന്റെ കർത്താവും എന്റെ ദൈവവും"

(വി. യോഹന്നാൻ XX:28)

ചരിത്രത്തിൽ കാണാം അവർ ദൈവങ്ങളാണ്, അല്ലെങ്കിൽ സന്ദേശവാഹകരാണെന്നു പറയുന്ന ചില മനുഷ്യരെ. ബുദ്ധൻ, മഹമ്മദ്, സോക്രട്ടീസ്, ക്രിസ്തു തുടങ്ങി ഇന്നാൾ ഒരു മതം സ്ഥാപിച്ച ലോസ്ആൻജലിസുകാരൻ വരെ ഉണ്ടായിട്ടുണ്ട്. അതു ശരിയോ തെററോ എന്നറിയുന്നതിനു പരീക്ഷണങ്ങളുണ്ട്. അതുകൾ യുക്തിയും ചരിത്രവുമാണ്. ഒരുവൻ ദൈവത്തിൽനിന്നും വരുന്നുവെന്നതിനു, ദൈവം പ്രത്യക്ഷനാകുന്നതിനുമുൻപ്, ആ ദൈവത്തിന്റെ പ്രതിനിധിയെന്നു വിവക്ഷിക്കപ്പെടുന്ന ആളിനെക്കുറിച്ച് സാക്ഷികരിച്ചിരിക്കണമെന്നു നാം അവകാശപ്പെടുന്നു. അങ്ങനെ ദൈവം ഒരുവനെ മനുഷ്യരുടെ ഇടയിലേക്കു അയക്കുന്നപക്ഷം, ആ പ്രവാചകൻ അല്ലെങ്കിൽ സന്ദേശകൻ എപ്പോൾ വരുമെന്നും, എവിടെ ജനിക്കുമെന്നും, എവിടെ ജീവിക്കുമെന്നും, എന്തു തത്വങ്ങൾ പഠിപ്പിക്കുമെന്നും, അദ്ദേഹത്തിനു ശത്രുക്കൾ ഉണ്ടാകുമോ എന്നും, ഭാവിയിൽ അനുവർത്തിക്കുന്ന പരിപാടി എന്തെന്നും, തന്റെ മരണത്തിന്റെ രീതി എന്തെന്നും മററുമുള്ള വിവരങ്ങൾ നമ്മെ ധരിപ്പിക്കുവാൻ അയാൾ ബാദ്ധ്യസ്ഥനാണ്. ആ സന്ദേശകന്റെ സാധർമ്മ്യത്തിൽ നമുക്കു അയാളെ വിധിക്കുവാനും കഴിയും. ദൈവം ഇപ്രകാരം അനുവർത്തിക്കാത്തപക്ഷം ഏതു വിഡ്ഢിക്കും, "ഞാൻ ദൈവത്തിൽനിന്നാകുന്നു", "ഒരു വാനദൂതൻ മരുഭൂമിയിൽ പ്രത്യക്ഷപ്പെട്ട് എനിക്കി സന്ദേശം തന്നു" എന്നെല്ലാം പറയുന്നതിനു കഴിയും എന്നു യുക്തി നമ്മോടു പറയുന്നു.

അന്യരാജ്യത്തുനിന്നും ഒരുവൻ ഇവിടെ വന്നിട്ട് അയാൾ ഒരു രാജ്യതന്ത്രജ്ഞനായിരുന്നു, നയകോവിദനായിരുന്നു എന്നു പറഞ്ഞാൽ നാം അയാളുടെ പാസ്പോർട്ടും സാക്ഷ്യങ്ങളും ചോദിക്കും. ഈ കാര്യത്തിൽ ഇപ്രകാരമെങ്കിൽ പ്രാധാന്യമുള്ള മതപരമായ കാര്യങ്ങളിൽ തീർച്ചയായും നാം ചോദിക്കും, "നിങ്ങൾ വരുന്നതിനുമുൻപ് നിങ്ങൾ വരുന്നുവെന്നതിനു എന്താണു രേഖയുള്ളതു" എന്ന്. ഈ അടിസ്ഥാനത്തിൽ നമുക്കു പരിശോധിക്കാം. "അല്ലയോ സോക്രട്ടീസ്, നിങ്ങൾ വരുന്നതായി ആരെങ്കിലും അറിഞ്ഞിരുന്നുവോ?" "ഹേ! ബുദ്ധഭഗവാൻ, അങ്ങയുടെ സന്ദേശം ആരെങ്കിലും പ്രവചിച്ചിരുന്നോ? ഒരിക്കൽ ആ ബുദ്ധമരത്തിന്റെ ചുവട്ടിൽ താങ്കൾ ഇരിക്കുമെന്ന് ആരെങ്കിലും പ്രവചിച്ചിരുന്നോ?" "മഹമ്മദുനബി, നിങ്ങളുടെ ജനനസ്ഥലം ആരെങ്കിലും വെളിപ്പെടുത്തിയിരുന്നോ? ദൈവത്തിന്റെ സന്ദേശവാഹകനാണെന്നു നൂററാണ്ടുകൾക്കുമുൻപു വെളിപ്പെടുത്തപ്പെട്ടിരുന്നോ?" "ക്രിസ്തുവേ, അങ്ങയുടെ വരവിനെക്കുറിച്ച് ആരെങ്കിലും അറിഞ്ഞിരുന്നോ, ജീവിതസാഹചര്യങ്ങളേയോ ജനനസ്ഥലത്തെയോപററി ആരെങ്കിലും പറഞ്ഞിരുന്നോ?" ഒരാൾ ഒഴിച്ചു മററുള്ളവരെല്ലാം മൗനം അവലംബിക്കുകതന്നെ ചെയ്യും. അവരെക്കുറിച്ച് പ്രവചനങ്ങൾ ഒന്നുമില്ലായിരുന്നു. അവർ വന്നിട്ട് "എന്നെ വിശ്വസിച്ചാലും" എന്നുമാത്രം പറഞ്ഞു. എന്നാൽ ക്രിസ്തുമാത്രം പറയും, "എന്റെ വരവിനെക്കുറിച്ചുള്ള നിസ്സാരവൃത്താന്തങ്ങൾപോലും മുൻകൂട്ടി പറഞ്ഞിരുന്നു." അദ്ദേഹം നമ്മോടു പറയും യഹൂദജനങ്ങളുടെ എഴുത്തുകളും അതിനോടു ബന്ധപ്പെട്ട ബാബിലോണിയാക്കാരുടേയും പേർഷ്യാക്കാരുടേയും ഗ്രീക്കുകാരുടേയും റോമാക്കാരുടേയും ചരിത്രങ്ങളും പരിശോധിക്കുവാൻ. യുക്തിയേയും ചരിത്രത്തേയും ഉപജീവിച്ച് ക്രിസ്തു പറയുന്നു: "ഞാൻ ജനിക്കുന്നതിനു രണ്ടായിരം കൊല്ലങ്ങൾക്കുമുൻപ് അബ്രാഹം ജീവിച്ചിരുന്നു. ഞാൻ ജനിക്കുന്നതിനു എഴുനൂറുവർഷം മുൻപ് ഞാൻ ബത്‌ലേഹമിൽ ജനിക്കുമെന്നു മുൻകൂട്ടി പറഞ്ഞിരുന്നു. ഞാൻ ഒരു കന്യകയിൽനിന്നും പിറക്കുമെന്നും എന്നെ എമ്മാനുവേൽ എന്നു വിളിക്കപ്പെടുമെന്നും പറഞ്ഞിരുന്നു. എഴുനൂറുവർഷങ്ങൾക്കുമുൻപു പൂർവ്വദിക്കിൽനിന്നും രാജാക്കൾ വരുമെന്നും അവർ പൊന്ന്, മീറ, കുന്തിരുക്കം എന്നി കാഴ്ചദ്രവ്യങ്ങൾ സമ്മാനിക്കുമെന്നും, ഈജിപ്തിലേക്കു പ്രയാണം ചെയ്യേണ്ടിവരുമെന്നും, പിന്നീടു നസ്രസിൽ ജീവിക്കുമെന്നും മുൻകൂട്ടി പറഞ്ഞിരുന്നു. എന്റെ ജനനത്തിനു അഞ്ഞൂറുകൊല്ലംമുൻപു എന്റെ പേരു ഈശോ അല്ലെങ്കിൽ രക്ഷകൻ എന്നായിരിക്കുമെന്നു പ്രവചിക്കപ്പെട്ടിരുന്നു. എന്റെ സ്വഭാവത്തെക്കുറിച്ചും ജീവിതവ്യാപാരങ്ങളെക്കുറിച്ചും എന്റെ മരണത്തെക്കുറിച്ചുപോലും ദീർഘദർശനങ്ങളുണ്ടായി. എന്നെ സംബന്ധിച്ച് 456 വ്യക്തമായ ദീർഘദർശനങ്ങൾ വിവിധ ആലയങ്ങളിൽ ശേഖരിക്കപ്പെട്ടിരുന്നു. ഇസ്രായേൽ ജനത മാത്രമല്ല എന്നെ പ്രതീക്ഷിച്ചിരുന്നതു്, ലോകത്തിലെ ജനം മുഴുവനും എന്നെ പാർത്തിരുന്നു.

ഇനി നമുക്കു മതവിരോധികളുടെ സാക്ഷ്യങ്ങൾ നോക്കാം. റോമൻചരിത്രകാരൻ ടാസിററസ് പറയുന്നു, "യൂദയായിൽനിന്നുമായിരിക്കും ലോകത്തിന്റെ നാഥനും ഭരണകർത്താവുമെന്നും മററുമുള്ള പ്രാചീനദീർഘദർശനങ്ങളിലുള്ള വിശ്വാസം ജനങ്ങൾക്കു സാധാരണമായി പ്രചോദനം നൽകിയിരുന്നു." Suetonius (റോമൻ) പറയുന്നു, "യഹൂദർ ഉന്നതമായ അധികാരം പ്രാപിക്കുമെന്ന വസ്തുത തീർച്ചയായ പ്രവചനങ്ങൾമൂലം പൗരസ്ത്യദേശീയർ പൗരാണികമായും തുടർച്ചയായും വിശ്വസിച്ചിരുന്നു." ചൈനാക്കാരുടേയും ഗ്രീക്കുകാരുടേയും രേഖകളും സാക്ഷ്യം നൽകുന്നുണ്ട്, യഹൂദരുടെ ഇടയിൽ പ്രചരിച്ചിരുന്ന പ്രവചനങ്ങൾമൂലമായിരിക്കണം കിഴക്കേദിക്കിൽനിന്നും പൂജരാജാക്കൾ ഈ വൃത്താന്തങ്ങൾ അറിയുവാനിടയായതു്. ക്രിസ്തുവിനു 500 വർഷംമുൻപു ദാനിയേൽദീർഘദർശി പേർഷ്യാക്കാർക്കു വെളിപ്പെടുത്തിയ പ്രവചനങ്ങളായിരിക്കണം മിക്കവാറും ഇതിനാധാരം.

ക്രിസ്തുവിനെ പ്രതീക്ഷിച്ചിരുന്നു. ഈ വസ്തുത മററുള്ള മതസ്ഥാപകരിൽനിന്നും ക്രിസ്തുവിനെ വേർതിരിച്ചിരുന്നു. ചരിത്രപരമായി നോക്കുമ്പോൾ ക്രിസ്തു ചരിത്രത്തെ രണ്ടായി വിഭജിക്കുന്നു. ക്രിസ്തുവിന്റെ വരവിനു മുൻപും, പിൻപും. ബുദ്ധനാകട്ടെ, ഇതരഭാരതീയതത്വജ്ഞരാകട്ടെ, ഇങ്ങനെ ചെയ്തിട്ടില്ല. ദൈവത്തിൽ വിശ്വസിക്കാത്തവർപോലും അവിടുത്തോടു എതിർക്കുന്ന തീയതി എ. ഡി. യിൽ കുറിക്കുന്നു.

മററുള്ളവർ ജീവിക്കുന്നതിനായി ലോകത്തിലേക്കു വന്നു. എന്നാൽ ക്രിസ്തുവാകട്ടെ മരിക്കുന്നതിനായിട്ടാണ്. ഇതാണ് മററുള്ളവരിൽനിന്നും ക്രിസ്തുവിനെ വേർതിരിക്കുന്ന മറെറാരു സംഗതി. സോക്രട്ടീസിനു മരണം ഒരു വിഘ്നതടിയായിരുന്നു. അതു അദ്ദേഹത്തിന്റെ പഠനങ്ങൾക്കു തടസ്സമായിരുന്നു. എന്നാൽ ക്രിസ്തുവിനാകട്ടെ മരണം താൻ അന്വേഷിച്ചിരുന്ന ജീവിതത്തിന്റെ ലക്ഷ്യസ്ഥാനമായിരുന്നു. ഒരു ഗുരു എന്നതിനേക്കാൾ ഒരു രക്ഷകനായി അവിടുന്നു പ്രത്യക്ഷപ്പെട്ടു. മനുഷ്യൻ നല്ലവനായിത്തീരുന്നതിനുള്ള ശക്തി അവിടുന്നു പ്രദാനം ചെയ്യുന്നില്ലെങ്കിൽ മനുഷ്യർ നല്ലവരാകുന്നതിനു പഠിപ്പിച്ചതായി വരികയില്ലായിരുന്നു.

ഇങ്ങനെയെല്ലാമുള്ള സ്ഥിതിക്കു കേവലം ഒരു മനുഷ്യൻ മാത്രമെങ്കിൽ അവഗണിക്കുക. അല്ലാത്തപക്ഷം സത്യമനുഷ്യനും സത്യദൈവവുമായി ആരാധിക്കുക. ക്രിസ്തുവിനെ വെറുക്കുന്ന കമ്മ്യൂണിസ്റ്റുകാർക്കു അയഞ്ഞ മനസ്ഥിതിക്കാരേക്കാളും അടുപ്പമുണ്ട്. ക

# ഏതു പാതയിൽ?

(തോമസ് പണ്ടാരക്കളം)

“ഞാൻ വഴിയും സത്യവും ജീവനുമാകുന്നു” എന്നരുളിച്ചെയ്ത ദിവ്യഗുരുവിന്റെ പ്രബോധനങ്ങളെപ്പററി കൂടുതലായി ചിന്തിക്കേണ്ട അവസരമായിരുന്നല്ലോ നോമ്പുകാലം. ഈയവസരത്തിൽ, അവിടുന്നു പ്രദേശിച്ച പാതയിൽക്കൂടെത്തന്നെയാണോ നാം ജീവിതം നയിക്കുന്നതു് എന്നറിവാൻ നമ്മുടെ അനുദിനജീവിതത്തിലെ ചെയ്തികളിലേക്കു് ഒന്നു കണ്ണോടിക്കുന്നതു് നന്നായിരിക്കും.

“അനന്തസ്നേഹം” അത്രെ ആ തിരുനാമത്തിന്റെ പര്യായം. ആ നാമശ്രവണമാത്രയിൽ ഏതു മനസ്സിലും പൊന്തിവരുന്നതും അനന്തസ്നേഹം എന്ന ആശയംതന്നെ. ക്രിസ്തു മനുഷ്യനായി അവതരിച്ചതു് മനുഷ്യകുലത്തോടുള്ള സ്നേഹാതിരേകത്താലാണ്. അവിടത്തെ പ്രബോധനങ്ങളും ഉപദേശങ്ങളുമെല്ലാം സ്നേഹത്തിന്റെ മാഹാത്മ്യത്തെ പ്രകീർത്തിക്കുന്നവയാണ്. സ്നേഹപാരമ്യത്താലാണ് അവിടുന്നു പീഡകളും കുരിശുമരണവും സ്വയം കൈവരിച്ചതു്. നാം അവിടത്തെ അനുയായികളാണെന്നു മററുള്ളവർ അറിവാൻ പരസ്പരം സ്നേഹിക്കുവാനാണ് ദിവ്യഗുരു നമ്മോടുപദേശിച്ചിരിക്കുന്നതു്. പരസ്നേഹമാണ് ഒരു ക്രിസ്ത്യാനിയുടെ ഏററവും വലിയ ധർമ്മം. ഒരു ക്രിസ്ത്യാനിയുടെ സ്ഥാനചിഹ്നവും അതുതന്നെ. ഈ അളവുകോൽകൊണ്ടളക്കുമ്പോൾ നമ്മിലെത്രപേരുണ്ട് ക്രിസ്ത്യാനിയെന്ന പേരിനു യോഗ്യരായി? പരസ്നേഹത്തെപ്പററി ധാരാളം പ്രസംഗങ്ങൾ നാം കേട്ടിട്ടുണ്ടാവാം. വളരെയധികം വായിച്ചിട്ടുണ്ടാവാം. എന്നാൽ അനുദിനജീവിതത്തിൽ അതു പ്രയോഗത്തിൽ വരുത്തുന്നവർ എത്ര വിരളം! നമ്മെപ്പോലെ നമ്മുടെ അയൽക്കാരെ സ്നേഹിക്കാതെ നാം ക്രിസ്ത്യാനിയെന്ന പേരിന് അർഹരാകയില്ല.

നമ്മുടെ സഹോദരന്മാർ ആരെല്ലാമെന്നും, അവരോടുള്ള നമ്മുടെ സ്നേഹത്തിന്റെ അടിസ്ഥാനത്തിലാണ് മരണാനന്തരം നമുക്കു നിത്യസമ്മാനം ലഭിക്കുന്നതെന്നും ദിവ്യഗുരു നമ്മോടരുളിച്ചെയ്തിരിക്കുന്നു.

വിധിദിവസത്തിൽ നീതിസ്വരൂപന്റെ തിരുസന്നിധിയിൽ നിൽക്കുമ്പോൾ നമ്മുടെ ലൗകികസമ്പത്തിന്റെ വ്യാപ്തിയോ, ദൈവശാസ്ത്രത്തിൽ നമുക്കുള്ള വ്യുല്പത്തിയോ അല്ല പ്രധാനമായി എണ്ണപ്പെടുക. നാം എത്ര തിരുനാളുകൾ ഏററുകഴിച്ചിട്ടുണ്ടെന്നോ, എത്ര പ്രദക്ഷിണത്തിൽ പങ്കുകൊണ്ടിട്ടുണ്ടെന്നോ പരിശോധിക്കപ്പെടുകയില്ല. പിന്നെയോ നാം വിശന്നുവലഞ്ഞവർക്കു ഭക്ഷണം നൽകിയോ, വസ്ത്രമില്ലാതെ നമ്മെ സമീപിച്ചവർക്കു വസ്ത്രം നൽകിയോ, ദുഃഖിതരെ ആശ്വസിപ്പിച്ചോ എന്നുതുടങ്ങിയുള്ള പരസ്നേഹപ്രവൃത്തികളായിരിക്കും എണ്ണപ്പെടുന്നതു്. പ്രദക്ഷിണങ്ങളിൽ സംബന്ധിക്കുന്നതും തിരുനാളുകൾ നടത്തുന്നതും മററും നല്ലതുതന്നെ. പക്ഷെ നമ്മിൽ പലരും ഈ ബാഹ്യപ്രകടനങ്ങൾകൊണ്ടുമാത്രം തൃപ്തിയടയുന്നു. ഇമ്മാതിരി പ്രകടനങ്ങളിലാണ് ക്രിസ്തീയത്വം അടങ്ങിയിരിക്കുന്നതെന്നു തെററിദ്ധരിച്ചിരിക്കുന്നു.

ക്രിസ്ത്യാനിയുടെ മറെറാരു മുദ്ര ക്ഷമയാണ്. സ്നേഹമുണ്ടെങ്കിൽ അവിടെ ക്ഷമയുമുണ്ടായിരിക്കും. “ഞങ്ങളുടെ കടക്കാരോടു് ഞങ്ങൾ പൊറുക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും പൊറുക്ക” എന്നു ദിവസത്തിൽ എത്ര പ്രാവശ്യം നാം പ്രാർത്ഥിക്കാറുണ്ട്. നമ്മുടെ പ്രാർത്ഥനയനുസരിച്ചു് നമ്മുടെ തെററുകൾ പൊറുക്കപ്പെടുവാൻ നാം യോഗ്യരാണോ? മററുള്ളവർ നമ്മോടു ചെയ്യുന്ന തെററുകൾ നാം ക്ഷമിക്കാറുണ്ടോ? ഈവക കാര്യങ്ങൾ നാം ചിന്തിക്കാറേയില്ല. നമുക്കെതിരായി മററുള്ളവർ ചെയ്യുന്ന തെററുകൾ, നാം ദൈവത്തിനെതിരായി ചെയ്യുന്നവയോടു താരതമ്യപ്പെടുത്തുമ്പോൾ എത്രയോ നിസ്സാരങ്ങളാണ്. അപ്പോൾ നാം നമ്മുടെ അയൽക്കാരോടു ക്ഷമിക്കുന്നില്ലെങ്കിൽ നീതിമാനായ ദൈവം നമ്മോടു ക്ഷമിക്കുമോ? ക്ഷമിക്കുമെന്നു നമുക്കാശിക്കാമോ? നമ്മിൽ ഉത്തമക്രിസ്ത്യാനികളെന്നും വളരെ ജ്ഞാനമുള്ളവരെന്നും കരുതപ്പെടുന്ന പലരേയും അടുത്തറിയുമ്പോഴാണ് അവരുടെ തനിനിറം തെളിയുന്നതു്. അവരുടെ ക്ഷമയില്ലായ്മയും പരസ്നേഹക്കുറവും കാണുമ്പോൾ, അന്യമതാനുയായികൾപോലും അന്ധാളിച്ചുപോകുന്നു. അനുദിനജീവിതത്തിൽ അവർ കാണിക്കുന്ന വക്രതകളും, ദുഷ്ടതകളും കണ്ടു് അന്യന്മാർ ഞെട്ടാറുണ്ട്. നാം നമ്മുടെ ഈ പോരായ്മകളെപ്പററി മനസ്സിലാക്കുന്നതേയില്ല. നമ്മുടെ ഗുരുവിൽനിന്നു എത്രമാത്രം പിന്നിലായി നിൽക്കുന്നുവെന്നു നാം അറിയുന്നതേയില്ല

നമ്മിൽ പലരും അന്യമതരെ, ക്രിസ്തുവിങ്കലേക്കാകർഷിക്കുവാൻ —മതപ്രചരണത്തിനു് — വളരെ താല്പര്യം കാണിക്കാറുണ്ട്. പ്രസംഗിക്കാറുണ്ട്. പക്ഷെ എന്തു ഫലം? നൂററാണ്ടുകളായി നാം പ്രസംഗിച്ചിട്ടും, ഇൻഡ്യയിൽ ക്രിസ്ത്യാനികൾ എത്ര ചുരുക്കം. കാരണം നമ്മുടെ മാതൃകയുടെ പോരായ്മയല്ലേ? പ്രസംഗമല്ല, നല്ല മാതൃകയാണു വേണ്ടതു്. നമ്മുടെ കുടുംബജീവിതം അന്യമതരുടേതിനേക്കാൾ ശ്രേഷ്ഠതരമാണോ? നമ്മുടെ പണമിടപാടുകളിൽ നാം സത്യസന്ധതയോടുകൂടി പെരുമാറുന്നുണ്ടോ? വാഗ്ദാനങ്ങൾ പാലിക്കുന്നുണ്ടോ? വിട്ടുവീഴ്ചകൾ ചെയ്യാറുണ്ടോ? നമ്മെ ആശ്രയിച്ചു ജീവിക്കുന്നവരോടു കരുണയോടും സ്നേഹത്തോടുംകൂടി നാം പെരുമാറുന്നുണ്ടോ? അവരുടെ കുററങ്ങളും കുറവുകളും ക്ഷമിക്കാറുണ്ടോ? ഇവയെല്ലാം നാം ചെയ്യാറുണ്ടെങ്കിൽ നമ്മുടെ ആ ജീവിതവിശുദ്ധിയും പരസ്നേഹവും ക്ഷമാശീലവും കണ്ടു് നമ്മുടെ ചുററുമുള്ള അന്യമതർ ക്രിസ്തുവിലേക്കു് താനേ ആകർഷിക്കപ്പെട്ടുകൊള്ളും. നാം സ്വയം ശുദ്ധീകരിക്കപ്പെടാതെ ക്രിസ്തുവിനെ അനുകരിക്കാതെ അനുഗമിക്കാതെ, നമ്മുടെ പൊള്ളയായ പ്രസംഗങ്ങൾക്കു് അന്യമതരിൽ എന്തു മാററം വരുത്തുവാൻ സാധിക്കും?

മ്യൂണിസ്റ്റുകാർ ഒന്നു തീരുമാനിച്ചിട്ടുണ്ട്, ക്രിസ്തു ജയിക്കുന്നപക്ഷം അവർ പിൻവാങ്ങുമെന്നു്. മററുള്ളവർക്കാകട്ടെ ക്രിസ്തു ജയിക്കുമോ തോല്ക്കുമോ എന്നു തീർച്ചപ്പെടുത്തുന്നതിനു സാധിക്കുന്നില്ല. കാരണം അവിടുന്നു ആവശ്യപ്പെടുന്ന ആത്മാവിന്റെ സന്മാർഗ്ഗികമൂല്യങ്ങൾ പാലിക്കുവാൻ അവർ തയ്യാറാകുന്നില്ല.

അവിടുന്നു ഒരു രക്ഷകനോ ഉദ്ധാരകനോ ആണെന്നു അവകാശപ്പെടുന്നെങ്കിൽ ഇക്കാലയളവിൽ നമുക്കാവശ്യം ഒരു പരാക്രമമുള്ള ക്രിസ്തുവിനെയാണ്. അപ്രകാരമെങ്കിൽ മരണത്തിന്റേയോ പാപത്തിന്റേയോ നിരാശയുടേയോ വക്കിലേക്കു് അകപ്പെട്ടാൽ അന്നേയും ഒരു നേതാവെന്ന പരിഗണനയിൽ നമ്മുടെ കഴിവുകളുപയോഗിച്ചു് അദ്ദേഹത്തിനുവേണ്ടി എന്തു ത്യാഗവും അനുഭവിക്കുന്നതിനും മരണംവരെ സ്നേഹിക്കുന്നതിനും കഴിയും. അലറുന്ന സമുദ്രത്തിന്റേതിനോടൊക്കുന്ന ശബ്ദമുള്ളവനും അവിടുത്തെ വചനങ്ങളിൽ നമുക്കു വിഹിതമായവയെ സ്വീകരിക്കുന്നതിനും അഹിതമായവയെ നിരസിക്കുന്നതിനും നമ്മെ അനുവദിക്കാത്തവനുമായ ഒരു ക്രിസ്തുവിനെയാണ് നമുക്കിന്നാവശ്യം. സന്മാർഗ്ഗത്തെ മുറുകെ പിടിച്ചുകൊണ്ടു് പാപത്തെക്കുറിച്ചു് തീവ്രമായ വെറുപ്പു് നമ്മിലുളവാക്കുന്നവനും നാം എപ്രകാരം വെള്ളം കുടിക്കുന്നുവോ അതുപോലെ മരണം കൈവരിക്കുന്നതിനു തക്കവണ്ണം പുണ്യത്തെ സ്നേഹിക്കുന്ന അവസ്ഥയിലെത്തിക്കുന്നവനുമായുള്ള ക്രിസ്തുവിനെയാണ് നമുക്കാവശ്യം.

Catholic Digest അവലംബം.

# സ്റ്റാലിനിസം ശവപ്പെട്ടിയിൽ

(വർഗ്ഗീസ് മേച്ചേരി)

സ്റ്റാലിൻ മരിച്ചു, മൂന്നു കൊല്ലങ്ങൾക്കു മുമ്പ്. സ്റ്റാലിന്റെ മരണശേഷം, സ്റ്റാലിൻ അവശേഷിപ്പിച്ച “ഇസ”ത്തെ “ശവപ്പെട്ടി”യിലടയ്ക്കുവാൻ ശ്രമിക്കുകയാണ് “മഹാനായ” സ്റ്റാലിന്റെ “അനുസരണ”യുള്ളവരായ അകമ്പടിക്കാർ! ഈയിടെ നടന്ന റഷ്യൻ കമ്മ്യൂണിസ്റ്റുപാർട്ടി കോൺഗ്രസിൽവെച്ചു അതിന്റെ അവസാനത്തെ ആണിയും അടിച്ചുകഴിഞ്ഞു.

മലങ്കോവിന്റെ ആരോഹണം മുതൽ ആരംഭിച്ചതാണ് സ്റ്റാലിനിസത്തെ തകർക്കുവാനുള്ള പരിശ്രമങ്ങൾ. ഇക്കഴിഞ്ഞ മോസ്കോ കോൺഗ്രസിൽവെച്ചു അതു മിക്കവാറും സഫലീകൃതമായി എന്നു പറയാം. സ്റ്റാലിന്റെ ഉററമിത്രവും നാട്ടുകാരനുമായ ജോർജ്ജിയക്കാരൻ ബോൾഷെവിക്ക്-റഷ്യൻ രഹസ്യപ്പോലീസ് മേധാവി— അനേകലക്ഷങ്ങളുടെ നിണനീരിൽ മുങ്ങിത്തുടിച്ച ആ വിപ്ലവമോഹി— ബറിയ— മലങ്കോവിന്റെ വെടിയുണ്ടയേററു് മരിച്ചുവീണപ്പോൾ സ്റ്റാലിനിസത്തിനുനേരെയുള്ള ഭയങ്കരമായ ആക്രമണമായി ലോകം അതു കണക്കാക്കി. ഇന്നു ഒട്ടനേകം സ്റ്റാലിൻ ഭക്തർ കൊല്ലപ്പെട്ടു. സ്റ്റാലിൻ ശിക്ഷിച്ചു തടവുകാരാക്കിയ ഡോക്ടർമാരെ മലങ്കോവു് കാരാഗാരവിമുക്തരാക്കിയപ്പോൾ സ്റ്റാലിൻ അവഹേളിതനായി.

എന്തായിരുന്നു സ്റ്റാലിൻ ആവിഷ്കരിച്ച തത്വസംഹിതയുടെ പ്രത്യേകത? യഥാർത്ഥത്തിൽ സ്റ്റാലിനിസ്സം ഒരു പുതിയ തത്വസംഹിതയായിരുന്നില്ല. അധികാരത്തിന്റെ ലഹരിയിൽ സ്വാഭീഷ്ടമനുസരിച്ചു കമ്മ്യൂണിസം അവിടെ നടപ്പാക്കിയെന്നുമാത്രം. ലെനിനും ഒരു ഏകാധിപതിയായിരുന്നില്ലേ?

സർവ്വാധിപത്യം, സാമ്രാജ്യത്വം, ലക്ഷ്യം നേടുവാൻ ഏതു മാർഗ്ഗവും സ്വീകരിക്കാമെന്നുള്ള തത്വം ഇവയായിരുന്നു സ്റ്റാലിൻ സ്വീകരിച്ച അചഞ്ചലവും നീചവുമായ പ്രവർത്തനലക്ഷ്യങ്ങൾ. സ്റ്റാലിന്റെ ഭരണകാലത്തെ ചുരുക്കമായൊന്നു് വിശകലനം ചെയ്തു നോക്കിയാൽ ഈ വസ്തുതകൾ തെളിഞ്ഞു കാണാവുന്നതാണ്. സ്റ്റാലിൻ എങ്ങിനെ ഭരണാധികാരിയായി? 1924 ജനുവരി 21-ാം തീയതി ലനിൻ മരിച്ചു. അന്നുണ്ടായിരുന്ന ട്രോട്സ്കി, കമനേവ്, സിനവ്യ, സ്റ്റാലിൻ എന്നീ നാലു സോവ്യററു നേതാക്കളിൽ അവസാനത്തെ സ്ഥാനമേ സ്റ്റാലിനുണ്ടായിരുന്നുള്ളുവെന്നതു് അക്കാലചരിത്രത്തിലെ ഒരു തെളിഞ്ഞ വസ്തുതയാണ്. സ്റ്റാലിനെക്കുറിച്ചു് ലനിൻതന്നെ പറഞ്ഞിട്ടുള്ളതു്, “സഖാവു് സ്റ്റാലിൻ ക്രമവും മര്യാദയും കുറഞ്ഞ ആളാകയാൽ നേതാവാകുവാൻ പാടുകയില്ല” എന്നാണ്. എങ്കിലും സ്റ്റാലിൻ നേതാവാകുകതന്നെ ചെയ്തു. സ്റ്റാലിൻ ഉറച്ച ഒരു ബോൾഷെവിക്കായിരുന്നു. ഒരു ബോൾഷെവിക്ക് വിപ്ലവകാരിക്കു യോജിച്ച മികച്ച നെഞ്ചുറപ്പു് അദ്ദേഹത്തിന്റെ കൂടപ്പിറപ്പായിരുന്നു.

“ചതി, അനീതിപരമായ മാർഗ്ഗം, സൂത്രം, സത്യം മറയ്ക്കൽ, കുതന്ത്രം ഇവയെല്ലാം അവസരോചിതം ഉപയോഗിക്കണം” (The infantile sickness of Leftism in Communism) എന്ന ലനിന്റെ സൂക്തി സ: സ്റ്റാലിൻ പ്രായോഗികമാക്കി. ഒരു സ്വേച്ഛാധിപതിക്കുണ്ടാകാവുന്ന സകല ദുർഗ്ഗുണങ്ങളും അദ്ദേഹത്തിനു സുലഭമായി ഉണ്ടായിരുന്നു. ആദ്യമേ പോലീസും പട്ടാളവും തന്റെ നേരിട്ടുള്ള ചൊൽപ്പടിയിലാക്കി. തനിക്കെതിരെ വരുന്ന സകല പ്രതിബന്ധങ്ങളേയും ആ ഏകഛത്രാധിപതി അടിച്ചുതകർത്തു. വെടിയുണ്ടകൾ രാജ്യമാസകലം ചീറിപ്പാഞ്ഞു. കാരാഗൃഹങ്ങൾ നിബിഡങ്ങളായി; അടിമക്യാമ്പുകൾ അനേകമായിവർദ്ധിച്ചു.

ജീവൻ കിട്ടിയാൽ മതിയെന്ന ഏകചിന്തയോടെ മെക്സിക്കോയിലേക്കു് ഓടി രക്ഷപെട്ട ലനിന്റെ സന്തതസഹചാരിയായ ആ തീവ്രമർക്സിസ്റ്റ് ട്രോട്സ്കി. സകല എതിരാളികളേയും മൂലച്ഛേദം വരുത്തിയാലേ തന്റെ ഏകഛത്രാധിപത്യം അംഗീകൃതമാകയുള്ളുവെന്ന അഭിലാഷപൂർത്തിക്കുവേണ്ടി സ്റ്റാലിൻ ട്രോട്സ്കിയെ അവിടേയും ജീവിക്കുവാൻ സമ്മതിച്ചില്ല. അദ്ദേഹത്തിന്റെ ഏജൻറുമാർ അവിടെ ചെന്നു് ട്രോട്സ്കിയുടെ തല കോടാലികൊണ്ടു് വെട്ടിപ്പൊളിച്ചു അയാളെ യമപുരിയിലേക്കയച്ചശേഷം മാത്രമേ ആ രക്തദാഹി അടങ്ങിയുള്ളൂ. “നിയമത്തിന്റെ ആനുകൂല്യം നമ്മുടെ കുത്തകയാണ്. നമ്മുടെ എതിരാളികൾക്കു് രാഷ്ട്രീയസ്വാതന്ത്ര്യം അനുവദിക്കില്ല. നമ്മോടു മത്സരിക്കുന്നവർക്കു് നിയമദൃഷ്ട്യാ അസ്തിത്വത്തിന്റെ സാധ്യതപോലും നാം കൊടുക്കുന്നില്ല” എന്നു സഖാവു് ലനിൻ മരിക്കുന്നതിന്റെ ഒരു കൊല്ലം മുമ്പ് 1923-ൽ പ്രഖ്യാപിച്ചതാണല്ലോ. സിനവ്യവും കമനേവും ഈ സിദ്ധാന്തപ്രഖ്യാപനത്തിൽ സ്റ്റാലിനെ അനുകൂലിച്ചവരാണ്. അവരുടെ ആ പ്രഖ്യാപനംതന്നെ അവർക്കെതിരായി സ്റ്റാലിൻ പ്രാവർത്തികമാക്കി. അവരെ കൊലക്കയററിൽ തൂക്കിയിട്ടു. പ്രതിബന്ധങ്ങളെല്ലാം തട്ടിത്തകർത്തുകൊണ്ടു് സ്റ്റാലിൻ അന്നു മുന്നേറി, സർവ്വാധിപത്യത്തിലേക്കു്. “മർക്സിസ (കമ്മ്യൂണിസം)ത്തിന്റെ തത്വപരമായ അടിസ്ഥാനം മർക്സും എങ്കൽസും ആവർത്തിച്ചു പ്രസ്താവിച്ചിട്ടുള്ളതുപോലെ ഡയലക്ടിക്കൽ മെററീരിയലിസമാണ്. ഇതാകട്ടെ പരിച്ഛേദം നിരീശ്വരപരവും സർവ്വമത വിരുദ്ധവുമാകുന്നു. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്” (V. I. Lenin-Marx, Engals, Marxism) എതിരില്ലാത്ത സ്വേച്ഛാധിപതിയുണ്ടായാൽ അയാളെ ജനങ്ങൾ ദൈവമായി ആരാധിക്കണം. ഹിരണ്യന്റെ നാട്ടിൽ ഹിരണ്യായ നമഃ. നാസിവീരൻ ഹിററ്ലർ തന്റെ “ഉച്ചേവടി” ആരാധിക്കാത്തവരെ വെടിവെച്ചു കൊന്നതും കാരാഗൃഹത്തിലടച്ചു മർദ്ദിച്ചതും എല്ലാം ചരിത്രവസ്തുതകളാണല്ലോ.

1936 നവമ്പർ 26-ാംനു മോസ്കോവിലെ കോൺഗ്രസിൽകൂടി സ്റ്റാലിൻ പ്രഖ്യാപിച്ചു: “സോവ്യററു റഷ്യയിൽ പല കക്ഷികൾക്കു സ്ഥാനമില്ല. ഇവിടെ ഒരൊററ കക്ഷിക്കുമാത്രമേ സ്ഥാനമുള്ളൂ. അതു കമ്മ്യൂണിസ്റ്റുകക്ഷിയാണ്” എന്നു്.

ഈ ഏകാധിപത്യത്തിനെതിരെ ശബ്ദിക്കുന്നവരെല്ലാം ജയിലറകളിലേക്കു് ആനയിക്കപ്പെട്ടു. തൂക്കുമരത്തിൽ തൂങ്ങേണ്ടിവരും!

(ശേഷം 11-ാം പേജിൽ)


## ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

ക്ലിപ്തബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ-കൊച്ചിയിൽ രജിസ്റ്റർചെയ്യപ്പെട്ടതു്

### ഹെഡ് ഓഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ: ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

| | | |
|---|---|---|
| അധികൃതമൂലധനം. | രൂ. | 10,00,000—0—0 |
| വാഗ്ദത്തമൂലധനം. | ” | 6,00,000—0—0 |
| പിരിഞ്ഞുകിട്ടിയ മൂലധനം. | ” | 5,97,150—0—0 |
| പ്രവർത്തനമൂലധനം. | ” | 39,47,506—0—0 |

ഡയറക്ടേഴ്സ്

1. ശ്രീ പോൾ വറുഗീസ് ബി. ഏ., ബി. എൽ., ചങ്ങനാശേരി (ചെയർമാൻ)
2. ” കുഞ്ചെറിയാ കെ. പുരക്കൽ, പുളിങ്കുന്നു്
3. ” മൈക്കൾ എ. കള്ളിവയലിൽ ബി. എ., കൊണ്ടുപറമ്പിൽ, വിളക്കുമാടം
4. ” തോമസ് ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
5. ” കുഞ്ചെറിയാ ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
6. ” തോമസ് ററി. കുരിയാളശ്ശേരിൽ (മാനേജിംഗ് ഡയറക്ടർ)

# പുനരുത്ഥാനത്തിന്റെ പ്രബോധനങ്ങൾ

(സിറിയക് കണ്ടത്തിൽ)

ദുഃഖശനിയാഴ്ച രാവിലെ ക്രിസ്തുവിന്റെ ചില പ്രതിയോഗികൾ പീലാത്തോസിനോട പറയുകയാണ്:- "മൂന്നു ദിവസത്തിനു ശേഷം ഞാൻ വീണ്ടും ഉയിർത്തെഴുന്നേൽക്കും" എന്നു ആ ജനവഞ്ചകൻ മൂന്നുകൊല്ലംമുമ്പു പറഞ്ഞ സംഗതി ഞങ്ങൾ നല്ലതിൻവണ്ണം ഓർക്കുന്നുണ്ട്. അതുകൊണ്ട് ആ ശവകുടീരത്തിൽ കാവൽ ഏർപ്പെടുത്തുവാൻ അങ്ങു ആജ്ഞാപിക്കണം. അല്ലെങ്കിൽ അവന്റെ അനുയായികൾ അവനെ എടുത്തുകൊണ്ടു പോകുവാൻ ഇടയുണ്ട്." "നിങ്ങൾ കാവൽഭടന്മാരെ കൂട്ടിക്കൊണ്ടു പോയി ഏററം ഭദ്രമായി കല്ലറ സൂക്ഷിച്ചുകൊള്ളുവിൻ" എന്നു പീലാത്തോസ് കല്പനയായി. തദനുസരണം കല്ലറയുടെ മുകളിൽ ഒരു വലിയ ശില സ്ഥാപിച്ച് അതിന്മേൽ മുദ്രയും വച്ച് ഒരു കാവൽഭടനെ അവിടെ നിറുത്തുകയും ചെയ്തു.

ആ കല്ലറയിൽ കാവൽ ഏർപ്പെടുത്തണമെന്നുള്ള സംഗതി ഒരു ഭൂതോദയം പോലെ ഉണ്ടായതല്ല. ആയിരമായിരം കൊല്ലങ്ങൾക്കുമുമ്പു തന്നെ പ്രവചിക്കപ്പെട്ടിരുന്നതാണ് അവിടുന്നു ഉയിർത്തെഴുന്നേല്ക്കുമെന്നു. ഒരു ശവകല്ലറയിൽ കാവൽ ഏർപ്പെടുത്തിയതായി ലോകചരിത്രത്തിൽ ഇങ്ങനെ ഒരൊററസംഭവം മാത്രമേ ഉണ്ടായിട്ടുള്ളു. അവിടുത്തെ പുനരുത്ഥാനത്തിനു എന്തു തെളിവു കാണിക്കുവാൻ കഴിയുമെന്നു തന്റെ പരസ്യജീവിതം ആരംഭിക്കുന്നതിനുമുൻപ് പ്രതിയോഗികൾ ചോദിച്ചപ്പോൾ അവിടുന്നു പറഞ്ഞതു്, നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുകയാണെങ്കിൽ ഞാൻ അതു് മൂന്നു ദിവസത്തിനുള്ളിൽ പുനരുദ്ധരിക്കും എന്നാണല്ലോ. പക്ഷെ 46 കൊല്ലത്തെ പഴക്കമുള്ള ഈ ബ്രഹ്മാണ്ഡമായ ജറുസലേം ദേവാലയം അജ്ഞാതനും കേവലം 30 വയസ്സു മാത്രം പ്രായമുള്ളവനുമായ ഒരു ഗലിലേയക്കാരൻ നശിപ്പിക്കുകയും മൂന്നു ദിവസത്തിനുള്ളിൽ കെട്ടി ഉയർത്തുകയും ചെയ്യുന്നതെങ്ങനെയെന്നു അപ്പോൾ അവർ പരിഹസിക്കുകയാണുണ്ടായതു്. അവിടുന്നു സ്വശരീരമാകുന്ന ദേവാലയത്തെപ്പററി അലങ്കാരഭാഷയിൽ സംസാരിച്ചതാണെന്നു് വേദപുസ്തകം സമർത്ഥിക്കുന്നുണ്ട്. പക്ഷെ ആ ഉപരിപ്ലവബുദ്ധികൾ അതിന്റെ പൊരുൾ ഗ്രഹിച്ചതേയില്ല. ക്രിസ്തു പറഞ്ഞതിനു അവർ ഒരുപാഠഭേദം വരുത്തി. ഇന്നത്തെപ്പോലെ അന്നും കള്ളസാക്ഷികൾ ഉണ്ടായിരുന്നു. "മനുഷ്യകരങ്ങളാൽ നിർമ്മിതമായ ഈ ദേവാലയം ഞാൻ നശിപ്പിക്കുകയും മൂന്നു ദിവസത്തിനുള്ളിൽ യാതൊരു മനുഷ്യസഹായവും കൂടാതെ മറെറാന്നു നിർമ്മിക്കുകയും ചെയ്യും എന്നവൻ പറയുന്നതു് ഞങ്ങൾ കേട്ടു" എന്നത്രെ അവിടുത്തെ കുററവിസ്താരത്തിൽ സാക്ഷികൾ ക്രിസ്തുവിനെതിരായി മൊഴി കൊടുത്തതു്. എന്നാൽ "ഈ ദേവാലയം ഞാൻ നശിപ്പിക്കും" എന്നു അവിടുന്നു ഒരിക്കലും പ്രസ്താവിച്ചിട്ടില്ലല്ലോ. സ്വശരീരമാകുന്ന ദേവാലയം നശിപ്പിക്കപ്പെടുകയാണെങ്കിൽ എന്നത്രെ അവിടുന്നു അരുൾചെയ്തതു്.

ക്രിസ്തുവിന്റെ മരണത്തോടുകൂടി ആ ഗലിലേയക്കാരൻ ശൂന്യതയിലേക്കു അമർന്നുപോയെന്നു് പ്രതിയോഗികൾ ജയഭേരി മുഴക്കി. എങ്കിലും അവർ പുനരുത്ഥാനം പ്രതീക്ഷിക്കുകതന്നെ ചെയ്തു. അതുകൊണ്ടാണല്ലോ ക്രിസ്തുവിന്റെ കല്ലറയ്ക്കു മുദ്രവച്ചു ഒരു കാവൽഭടനെ നിറുത്തിയതു്. എങ്കിലും അവിടുത്തെ ഉററ അനുയായികൾക്കു പുനരുത്ഥാനത്തെപ്പററി പ്രതീക്ഷയില്ലായിരുന്നുവെന്നുള്ള സംഗതി പ്രത്യേകം ശ്രദ്ധേയമാണ്.

പുനരുത്ഥാനദിനത്തിൽ ക്രിസ്തു ദർശനമരുളിയ മൂന്നു രംഗങ്ങളിൽ അവിടുത്തെ അനുയായികൾ ആശാഭംഗതയും അവിശ്വാസവും പ്രത്യക്ഷപ്പെടുത്തുകയുണ്ടായി.

ഈസ്റ്റർദിനത്തിൽ അതിരാവിലെ മറിയംമഗ്ദലേന സുഗന്ധദ്രവ്യങ്ങളുമായി ശവകല്ലറയിൽ ആഗതയാകുന്നതു് ഉത്ഥിതനായ രക്ഷകനു സ്വാഗതം അരുളുവാനല്ല; ആ മൃതശരീരത്തിൽ സുഗന്ധലേപനം ചെയ്യുവാനത്രെ. അപ്പോൾ കല്ലറ ഒഴിഞ്ഞുകിടക്കുന്നതു കണ്ടപ്പോൾ, അവിടുത്തെ പുനരുത്ഥാനത്തിൽ വിശ്വസിക്കുന്നതിനുപകരം അവൾ വാവിട്ടു കരയുകയത്രെ ചെയ്തതു്. നിർഭാഗ്യകരം! അവൾ കേഴുകയാണ്: "എന്റെ അരുമനാഥനെ അവർ അപഹരിച്ചുകൊണ്ടു പോയിരിക്കുകയാണ്. അവർ അദ്ദേഹത്തെ എവിടെ കൊണ്ടുപോയിരിക്കുകയാണെന്നു പറയുവാൻ സാധിക്കുമോ?" അപ്പോൾ ക്രിസ്തു പ്രത്യക്ഷപ്പെട്ടു മഗ്ദലേനയോടു ചോദിച്ചു: "സ്ത്രീയേ! നീ കരയുന്നതെന്താണ്? നീ അന്വേഷിക്കുന്നതു് ആരെയാണ്?" തന്നോടു സംസാരിക്കുന്ന ആൾ അരിമത്തിയാക്കാരൻ ജോസഫിന്റെ ഉദ്യാനപാലകനായിരിക്കുമെന്നത്രെ അവൾ വിചാരിച്ചതു്. ക്രിസ്തുവിനെപ്പററി അറിവുണ്ടായിരിക്കുമെന്നു കരുതി അയാളെ അഭിവാദ്യംചെയ്തുകൊണ്ടു് അവൾ ചോദിക്കുകയാണ്: "അങ്ങു അദ്ദേഹത്തെ എടുത്തുകൊണ്ടു പോയിട്ടുണ്ടെങ്കിൽ എവിടെ കൊണ്ടുപോയി മറവുചെയ്തിരിക്കുകയാണെന്നു പറയുക. ഞാൻ അദ്ദേഹത്തെ ചുമന്നുകൊണ്ടുപൊയ്ക്കൊള്ളാം." സാധു മഗ്ദലേന! ദുഃഖവെള്ളിയാഴ്ച മുതൽ ശോകപരവശയായ അവൾ ദുഃഖശനിയാഴ്ച ആയപ്പോൾ തളർന്നു അവശയായിരിക്കുകയാണ്. ജീവൻ ഒരു നിഴൽപോലെ അവശേഷിക്കുകയും ശക്തി ഒരു നൂലുപോലെ ക്ഷയിക്കുകയും ചെയ്തിരിക്കുന്ന അവൾ അദ്ദേഹത്തെ സംവഹിച്ചുകൊണ്ടു പോകുമെന്നു! അവളുടെ സ്നേഹപാരമ്യം വഹിക്കുവാനും താങ്ങുവാനും ആവാത്ത ഭാരത്തെ ഏററവും നിസ്സാരവും ലഘുവുമാക്കിത്തീർത്തു. ആ സ്നേഹത്തിന്റെ വില താഴാതെ ആചന്ദ്രതാരം നിലകൊള്ളും. അവളെ "മേരി" എന്നു രക്ഷകൻ വിളിച്ചു. തിരിഞ്ഞുനോക്കിയപ്പോൾ കരചരണങ്ങളിൽ പുതിയതും രക്തവല്ലാങ്കിതവുമായ ആണിപ്പഴുതുകളോടുകൂടിയ അരുമനാഥൻ അവളെ കാരുണ്യപുരസ്സരം കടാക്ഷിക്കുന്നതത്രെ കണ്ടതു്. ഉടനെ "നാഥാ" എന്നവൾ പ്രത്യുത്തരിച്ചു. കല്ലറയിൽ ചെന്നു സ്നേഹാദരങ്ങളുടെ ബാഷ്പധാര നാഥനു തിരുമുൽക്കാഴ്ച വയ്ക്കണമെന്നേ അവൾ കരുതിയിരുന്നുള്ളു.

അന്നത്തെ സായാഹ്നത്തിൽ ക്രിസ്തുവിന്റെ രണ്ടു ശിഷ്യന്മാർ ദുഃഖനിമഗ്നരായി എമ്മാവൂസിലേക്കു് പ്രയാണംചെയ്യുകയാണ്. അവരുടെകൂടെ ഉത്ഥിതനായ രക്ഷകനും ഉണ്ടായിരുന്നു. പക്ഷെ ആ വിവരം സ്വശിഷ്യർ അറിഞ്ഞിരുന്നില്ല. അവർ നിരാശരും അശരണരുമായി കാണപ്പെട്ടതിനാൽ അതിന്റെ കാരണം അവിടുന്നാരാഞ്ഞു. അപ്പോൾ അവർ പറയുകയാണ്: "സ്ത്രീകൾ ക്രിസ്തുവിന്റെ കല്ലറ ഒഴിഞ്ഞുകിടക്കുന്നതായി കണ്ടുവത്രെ. അവിടുന്നു ഉയിർത്തെഴുന്നേററുവെന്നും ജീവനോടുകൂടി ഇരിക്കുന്നുവെന്നും ദൈവദൂതന്മാർ പ്രഖ്യാപനം ചെയ്തുപോലും." പുനരുത്ഥാനത്തിൽ അവിശ്വസിച്ചുകൊണ്ടു് അവർ പരാതിപ്പെടുകയാണ്: "എന്നാൽ ഞങ്ങൾ വിചാരിച്ചതു് അവിടുന്നു ഇസ്രായേലിനെ വീണ്ടെടുത്തു രക്ഷിച്ചവനായിരിക്കുമെന്നാണ്." ഇതിലധികം ആശ്ചര്യകരമായിരിക്കുന്നതു് അപ്പസ്തോലന്മാരുടെ അവിശ്വാസമാണ്. പുനരുത്ഥാനവാർത്ത വെറും മുത്തികഥകളായി അവർ പുറംതള്ളിക്കളഞ്ഞു.

ഈസ്റ്റർദിനത്തിലെ സായാഹ്നം. രംഗം സെഹിയോൻ ഊട്ടുശാലയിലെ മുകളിലത്തെ നില. പകലത്തെ കഥകൾ കേട്ടു ഭയവിഹ്വലരായി തോമസ് അപ്പസ്തോലനൊഴികെയുള്ള അപ്പസ്തോലന്മാരെല്ലാവരും പഞ്ചപുച്ഛമടക്കി വാതായനങ്ങൾ ബന്ധിച്ചു് അകത്തിരിക്കുകയാണ്. ആ മുറിയുടെ അകത്തേക്കുള്ള പ്രവേശനദ്വാരം ഒന്നും തുറക്കാതെ, യാതൊരു ശബ്ദവും ചലനവും, പാദവിന്യാസംപോലും കൂടാതെ ദിവ്യരക്ഷകൻ അവരുടെ മദ്ധ്യേ പ്രത്യക്ഷനായി ചോദിക്കുകയാണ്: "നിങ്ങൾ വിസ്മയിക്കുന്നതെന്തിനു്? നിങ്ങളുടെ ഉള്ളിൽ ആശ്ചര്യം തോന്നുന്നതെന്തുകൊണ്ടു്? എന്റെ കൈകാലുകൾ കണ്ടാലും! ഇതു ഞാൻതന്നെയാണെന്നു് തീർത്തു ഗ്രഹിക്കുക. എന്നെ സ്പർശിക്കുക! എന്നെ പരിശോധിക്കുക. ഇതൊരു ഭൂതമാണെങ്കിൽ എന്നിൽ കാണുന്നതുപോലുള്ള മാംസവും അസ്ഥികളും കാണുകയില്ല." ഇങ്ങനെ അരുളിച്ചെയ്തുകൊണ്ടു് ക്രിസ്തു തന്റെ കരചരണങ്ങളും പാർശ്വവും അവർക്കു കാണിച്ചുകൊടുത്തു. എന്തിനു്, നശിപ്പിക്കപ്പെട്ട ആ ദേവാലയം മൂന്നുദിവസത്തിനുള്ളിൽ വീണ്ടും നിർമ്മിക്കപ്പെട്ടു.

ഇങ്ങനെ പുനരുത്ഥാനാനന്തരം ക്രിസ്തു ദർശനംനൽകിയ മൂന്നു രംഗങ്ങളിൽ അവിശ്വാസത്തിന്റെയും ആശാഭംഗതയുടേയും ലക്ഷ്യങ്ങൾ അവിടുത്തെ അനുയായികളിൽ ദൃശ്യമായെങ്കിലും, ഉയിർപ്പുതിരുനാൾ ആവിഷ്കരിക്കുന്ന ചില മഹാസത്യങ്ങളുണ്ട്. മരിച്ചവർ ഉയിർക്കും; പരാജിതർ വിജയിക്കും; ലോകത്തിലെ വസന്തം —നിത്യജീവന്റെ ഉത്ഥാനം— ഉണ്ടാകും. ജീവിക്കുന്നവരുടെ നാടായ ലോകത്തിൽ ഉയിർപ്പിന്റെ കാഹളധ്വനി ഉയരിയടിക്കും.


ക്രിസ്തു പുനരുത്ഥാനംചെയ്തപ്പോൾ, ശരീരം മഹത്വീകരിക്കപ്പെട്ടപ്പോൾ, മർദ്ദനംമൂലം ഉളവായ മുറിവുകൾ സുഖപ്പെട്ടിരുന്നെങ്കിലും അവയുടെ പാടുകളും ആണിപ്പഴുതുകളും അവശേഷിച്ചതെന്തുകൊണ്ട്? ഒന്നാമതായി, പീലാത്തോസിന്റെ വാഴ്ചക്കാലത്തു കിരാതമായി മർദ്ദിക്കപ്പെട്ടു് ക്രൂശിക്കപ്പെടുകയും മരിക്കുകയും സംസ്കരിക്കപ്പെടുകയും ചെയ്ത കന്യകാമറിയത്തിന്റെ പുത്രൻതന്നെയാണോ ഉയിർത്തെഴുന്നേററതെന്നു സംശയിക്കുന്ന ലോകത്തിനു അസന്നിഗ്ദ്ധമായ തെളിവുകൾ നൽകുന്നതിനുതന്നെ.

സമരത്തിൽ വിജയികളാകുന്ന ഭടന്മാർ അവരുടെ ക്ഷതങ്ങൾ സ്വരാജ്യസ്നേഹത്തിന്റെ കീർത്തിമുദ്രകളായി കണക്കാക്കുകയും അഭിമാനിക്കുകയും ചെയ്യുക സഹജമാണല്ലോ. ഇപ്രകാരംതന്നെ മനുഷ്യരാശിയോടുള്ള അവിടുത്തെ സ്നേഹത്തിന്റെ വിജയചിഹ്നങ്ങളായി അവ നിതരാം പരിലസിക്കുവാൻവേണ്ടിയാണ് അവ നിർമ്മാർജ്ജനം ചെയ്യപ്പെടാതിരുന്നതു്. ഏററം പ്രധാനവും ശാശ്വതവുമായ മറെറാരുസത്യം നമ്മെ പ്രബോധിപ്പിക്കുന്നതിനു വേണ്ടിക്കൂടിയാണ് അവ മായ്ക്കപ്പെടാതിരുന്നതു്. നിത്യപിതാവിന്റെ സ്നേഹഭാജനമായ തിരുകുമാരൻ മർദ്ദനവിധേയനായിത്തീർന്നെങ്കിൽ അവിടുത്തെ ഭൃത്യരും അല്പജ്ഞരുമായ നാം ആ തിക്താനുഭവങ്ങളിൽക്കൂടി കടന്നുപോകാതെ നിവൃത്തിയില്ലെന്നു നമ്മെ അനുസ്മരിപ്പിക്കുന്നതിനു തന്നെ. ആ ക്ഷതങ്ങൾ പരംപൊരുളിന്റെ കറപുരളാത്ത ദിവ്യനീതിയെ വിശദമായും വിളംബരംചെയ്യുകയാണ്. കുരിശു സംവഹിക്കാതെ പാപകല്ലറയിൽ നിന്നും ഉത്ഥാനംചെയ്യുവാൻ സാദ്ധ്യമല്ലതന്നെ. മുൾമുടിചൂടാത്ത ശിരസ്സിനു ശരീരമഹത്വീകരണം ഒരിക്കലും കൈവരുന്നതല്ല. തിന്മയോടും നീതികേടുകളോടും നിരന്തരം നിർഭയം സമരംചെയ്യുവേണം സ്വർഗ്ഗം നേടുവാൻ. ഇതിനായി വിധിക്കപ്പെട്ട മനുഷ്യർ കപടസമാധാനത്തെ കാംക്ഷിക്കുന്നതു് ദൈവത്തിനു ഇഷ്ടമുള്ള കാര്യമല്ല.

പാപികൾക്കത്രെ പുനരുത്ഥാനം. ഈസ്റ്റർദിനത്തിന്റെ മാഹാത്മ്യം പ്രത്യാശാഭരിതവും ശാശ്വതാനന്ദദായകവുമായ ഈ പരമസത്യത്തിലാണന്തർഭവിച്ചിരിക്കുന്നതു്. നീതിമാന്മാരെ തേടിയല്ല, നേരെമറിച്ച് പാപികളെ അന്വേഷിച്ചാണ് ക്രിസ്തു ലോകാവതീർണ്ണനായതെന്നുള്ള അനർഘമൂല്യത്തിന്റെ അവസാനത്തേതും അസന്നിഗ്ദ്ധവുമായ തെളിവാണ് പുനരുത്ഥാനം. പാപികളുടെ രക്ഷയും പുനരുത്ഥാനവും അവിടുത്തെ ദിവ്യമായ ജോലിയല്ലായിരുന്നെങ്കിൽ രക്ഷകനെന്ന പേരിനുതന്നെ അവിടുന്നു എങ്ങനെ അർഹനായി ഭവിക്കും? ദുഃഖവെള്ളിയാഴ്ച കുരിശിൻചുവട്ടിൽ ഏററം അടുത്തുനില്ക്കാനും ഈസ്റ്റർപ്രഭാതത്തിൽ ആദ്യം കല്ലറയിൽ ചെല്ലാനും ഭാഗ്യംസിദ്ധിച്ചതു് ഒരു സാദ്ധ്വിക്കാണെന്നുള്ള വസ്തുത സ്ത്രീലോകത്തിനു എക്കാലവും അഭിമാനകരമായിത്തീർന്നിട്ടുണ്ട്.


ക്രിസ്തുവിന്റെകാലത്തെ പ്രതിയോഗികളുടെ സ്ഥാനത്തു ഇന്നു നില്ക്കുന്നതു് കമ്മ്യൂണിസ്റ്റു നേതാക്കളാണ്. അവർ ക്രിസ്തുവിന്റെ മൗതികശരീരത്തെ ഇന്നു കഠിനകഠിനം മർദ്ദിച്ചുകൊണ്ടിരിക്കുകയാണ്. അവർ അവിടുത്തെ മൗതികശരീരത്തെ സംഹരിച്ചു് കല്ലറയിൽ കല്ലുരുട്ടിവച്ചു് മുദ്രയുംപതിച്ചു് കാവൽഭടന്മാരെ നിറുത്തിക്കൊണ്ടു് ക്രിസ്തുമതം പരാജയമടഞ്ഞുപോയെന്നു ഉച്ചൈസ്തരം ഉൽഘോഷിക്കുകയാണ്. അവർ ലോകത്തെ വിപ്ലവാത്മകമായ പരിവർത്തനത്തിനു വിധേയമാക്കുവാൻ വെമ്പൽകൊള്ളുകയാണ്. പരാശക്തിയിൽ വിശ്വാസമോ ആശ്രയമോ കൂടാതെയുള്ള ഈ യത്നത്തിൽ അവർ സ്വയം നശിക്കുകയാണെന്നുള്ള വിവരം അവർ അറിയുന്നില്ല. കല്ലറയെ തകർത്തുകൊണ്ടു് ഉയിർത്തെഴുന്നേററ ആ ഗലിലേയക്കാരൻ ധാർമ്മികമൂല്യങ്ങൾകൊണ്ടു് ലോകത്തെ വീണ്ടും ഉദ്ധരിക്കും; സംശയമില്ല. അത്ര വിദൂരമല്ലാത്ത ഒരു ഈസ്റ്റർദിനത്തിലെ സുപ്രഭാതത്തിൽ ദൈവദൂതന്മാർ വിളംബരംചെയ്യും: "അവർ ക്രിസ്തുവിന്റെ മൗതികശരീരത്തെ സംഹരിച്ചു് സംസ്കരിച്ച സ്ഥലം കണ്ടാലും! കല്ലറ ഒഴിഞ്ഞുകിടക്കുന്നു. കടുത്ത വ്രണങ്ങളുടെ സ്ഥാന


For favours received




C. I. Paul L. T. O. & Family, Arimpur

FOR FAVOURS RECEIVED



through the intercession of the "Queen of the Missions, Berhampur, Ganjam Dt. Excuse delay.

A. V. J.

നിങ്ങൾ ആഗ്രഹിക്കുന്ന നല്ല സാധനങ്ങൾക്കുവേണ്ടി

**പണം കരുതി വെയ്ക്കുന്നതെങ്ങിനെ**

നിങ്ങൾ വാങ്ങിക്കുവാൻ ആഗ്രഹിക്കുന്ന പുതിയ വസ്ത്രങ്ങൾ, വീട്ടു സാമാനങ്ങൾ മുതലായവയ്ക്കു വേണ്ടി ഇന്നുതന്നെ പണം കരുതി വയ്ക്കുവാൻ ആരംഭിക്കുക. വെറും അഞ്ചു രൂപാകൊണ്ട് നിങ്ങൾക്ക് പാലാ സെൻട്രൽ ബാങ്കിൽ ഒരു സേവിംഗ്സ് കണക്കു തുടങ്ങാം. പിന്നീട് എത്ര ചെറിയ സംഖ്യവേണമെങ്കിലും കണക്കിൽ ചേർക്കാം. നിക്ഷേപിക്കുന്ന ഓരോ അണയ്ക്കും നല്ല പലിശ ലഭിച്ചുകൊണ്ടിരിക്കും.

നിങ്ങളുടെ ആഗ്രഹം അനുസരിച്ച് ഒരു ബ്രാഞ്ചിൽ നിന്നും മറെറാന്നിലേക്ക് സേവിംഗ്സ് കണക്ക് മാററാം; അല്ലെങ്കിൽ നൂറു രൂപാമുതൽ മേല്പോട്ടുള്ള സംഖ്യകൾ കൂടുതൽ പലിശ ലഭിക്കുന്ന സ്ഥിരനിക്ഷേപമായി ഇടാം.

വിശദ വിവരങ്ങൾക്കു "സേവിംഗ്സ് കണക്കുകൾ തുടങ്ങുന്നതെങ്ങിനെ" എന്ന ഞങ്ങളുടെ ലഘുഗ്രന്ഥത്തിന് എഴുതുക.

**പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്**

ഹെഡ് ആഫീസ്: പാലാ

തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ

PC. 2197

ഒരു സംഭവകഥ

# വഴി തെളിഞ്ഞു

(ജോൺ കെ. മണ്ഡപത്തിൽ ബി. ഏ.)

1899 ഡിസമ്പർ 17. രാത്രി 11-30 നു് ബോർഡോയിൽനിന്നും പാരീസിലേക്കുള്ള എക്സ്പ്രസ്സ് ട്രെയിൻ അതിന്റെ പതിവിൻപടിയുള്ള സുദീർഘയാത്ര ആരംഭിച്ചിട്ടു് അരമണിക്കൂർ ആകാറായി. കൂരിരുട്ട് സർവ്വത്ര വ്യാപിച്ചുകിടക്കുന്നു. നിദ്രാധീനമായ ലോകത്തിന്റെ ഭീകരമായ മൂകതയെ ഭഞ്ജിച്ചുകൊണ്ടു് വിസ്തൃതമായ പൊതുനിരത്തുകളിലൂടെ തീവണ്ടി അതിവേഗം കുതിച്ചുപായുകയാണു്.

തീവണ്ടിയിലുള്ള യാത്രക്കാരിൽ അധികംപേരും ഉറക്കംപിടിച്ചുകഴിഞ്ഞു. എന്നാൽ മെയിൽ വാനിൽ പോസ്റ്റൽക്ലാർക്കായ ഗബ്രിയേൽഗാർഗാം തന്റെ കൃത്യത്തിൽ വ്യാപൃതനായി ഉറക്കമൊഴിഞ്ഞിരിക്കുകയാണു്. ഉഗ്രമായ തണുത്ത കാററു് വകവയ്ക്കാതെ അദ്ദേഹം വേഗത്തിൽ എഴുത്തുകൾ തരംതിരിച്ചുകൊണ്ടിരിക്കുകയാണു്. അദ്ദേഹത്തിന്റെ ഈ ജോലി തീരുന്നതിനുമുൻപു തന്നെ വായുവേഗത്തിൽ പോയിക്കൊണ്ടിരുന്ന തീവണ്ടിയുടെ വേഗതയ്ക്കു പെട്ടെന്നൊരു മാന്ദ്യം സംഭവിച്ചു. തീവണ്ടിയുടെ എഞ്ചിനു് എന്തോ തകരാറു്! സമർത്ഥനായ എഞ്ചിൻഡ്രൈവർ പഠിച്ചപണി പതിനെട്ടും നോക്കി. എന്തിനു്; ഏതാനും വാരക്കൂടി സഞ്ചരിച്ചശേഷം തീവണ്ടി പെട്ടെന്നു നിലച്ചു.

ബോർഡോയിൽനിന്നും ടൂർസിലേക്കുള്ള വേറൊരു തീവണ്ടിയാണു് റാപ്പിഡേ (Rapide). റാപ്പിഡേ ബോർഡോസ്റ്റേഷൻ വിട്ടുകഴിഞ്ഞിട്ടുണ്ടു്. ഏതാനും മിനിട്ടുകൾക്കകം അപകടം പാറി കിടക്കുന്ന തീവണ്ടിയുടെ സ്ഥാനത്തു് അതും എത്തിച്ചേരും.

സമയം രാത്രി 12-15. ഒരു തീവണ്ടിയുടെ കുഴൽവിളി കേൾക്കുന്നുണ്ടു്. മിന്നൽവേഗത്തിൽ റാപ്പിഡേ വരികയാണു്. തീവണ്ടിപ്പാളത്തിലുള്ള ഒരു വളവുമൂലം തകരാറുപററി കിടക്കുന്ന തീവണ്ടിയെ കാണാനുംപാടില്ല. വായുവേഗത്തിൽ വരുന്ന റാപ്പിഡേ നിശ്ചലമായി കിടക്കുന്ന തീവണ്ടിയിൽ ശക്തിയായി ഇടിച്ചു.

അതിഭയങ്കരമായ ഈ അത്യാഹിതംമൂലം വാഗനുകൾ ചിന്നിച്ചിതറി. യാത്രക്കാരിൽ പലരും അകാലമൃത്യുവിനിരയായി. അപകടം പററാത്തതായി ആരുംതന്നെ ഉണ്ടായിരുന്നില്ല. ഗബ്രിയേൽ ഗാർഗാം മുപ്പതുവാര അകലെയുള്ള ഒരു മഞ്ഞിൻകട്ടയുടെ പുറത്തുപോയി വീണു.

അടുത്ത പ്രഭാതത്തിൽ മററു് അപകടംപിണഞ്ഞവരോടൊന്നിച്ചു് ഗാർഗാമും ആൻജുലം ആശുപത്രിയിലേക്കു നീക്കപ്പെട്ടു. അന്നു് രാത്രിയായതിനുശേഷമേ ഗാർഗാമിനു ബോധമുണ്ടായുള്ളു. കൈയോ കാലോ അനക്കുന്നതിനോ, തല അല്പമൊന്നുയർത്തുന്നതിനോ അദ്ദേഹത്തിനു് നിവൃത്തിയുണ്ടായിരുന്നില്ല. ദേഹമാസകലമുള്ള വേദനയോ അസഹനീയം. വൈദ്യസഹായം അദ്ദേഹത്തിനു ആവോളം ലഭിച്ചുവെങ്കിലും അതുകൊണ്ടു് വലിയ പ്രയോജനമൊന്നുമുണ്ടായില്ല. ഡോക്ടറന്മാർ അദ്ദേഹത്തിന്റെ ജീവനെ ഒരുവിധത്തിൽ രക്ഷിച്ചുവെങ്കിലും ശിഷ്ടമുള്ള ആയുഷ്കാലം മുഴുവനും തളർവാതക്കാരനായി കിടക്കയിൽതന്നെ അദ്ദേഹം കഴിഞ്ഞുകൂടണം.

എട്ടുമാസക്കാലം ഈ നിസ്സഹായാവസ്ഥയിൽ ഗാർഗാം കഴിച്ചു. റെയിൽവെ 252 പവന്റെ വർഷാന്തദ്രവ്യം (annuity) കൊടുത്തതിനു പുറമെ 2500 പവൻ രൊക്കം പണമായി അദ്ദേഹത്തിനു സമ്മാനിച്ചു. ഡോക്ടറന്മാരുടെ അഭിപ്രായത്തിൽ ഗാർഗാമിനു ദീർഘകാലം ജീവിച്ചിരിക്കേണ്ടതായിട്ടില്ല. പക്ഷെ ജീവിതഅളവു് എന്തുതന്നെയായാലും ഓരോ മിനിട്ടും മരണവേദന അനുഭവിച്ചുകൊണ്ടുതന്നെവേണം കഴിച്ചുകൂട്ടുവാൻ.

ഗാർഗാം മതപരമായ സകല കടമകളിൽനിന്നും പൂർണ്ണമായി ഒഴിഞ്ഞുമാറിയിട്ടു് നീണ്ട സംവത്സരങ്ങൾ പതിനഞ്ചുകഴിഞ്ഞു. ദൈവത്തോടും മതത്തോടുമുള്ള അദ്ദേഹത്തിന്റെ സന്ധിയില്ലാസമരത്തിനു് മാററുകൂട്ടുവാൻമാത്രമേ ഈ ഭയങ്കരഅത്യാഹിതം ഉപകരിച്ചുള്ളു. ദൈവവുമായി രമ്യത ഉണ്ടാക്കുവാൻവേണ്ടി ആശുപത്രി ചാപ്ലെയിൻ ചെയ്ത ശ്രമങ്ങൾ തീർത്തും വിഫലങ്ങളായിരുന്നു. ഗാർഗാമിന്റെ കിടക്കയ്ക്കുസമീപം സമയം മുഴുവൻ കഴിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിന്റെ വൃദ്ധമാതാവിന്റെ ജ്ഞാനോപദേശങ്ങളും മരുഭൂമിയിൽ വീണ നീർത്തുള്ളിപോലെയായിത്തീരുകയാണുണ്ടായതു്.

"ഗാർഗാം," ഒരുദിവസം വൈകുന്നേരം ആ മാതാവു് മകന്റെ കിടക്കയിൽ ഇരുന്നുകൊണ്ടു വിളിച്ചു. ഗാർഗാം ജിജ്ഞാസയോടെ അമ്മയുടെ മുഖത്തുനോക്കി. "നീയറിഞ്ഞോ നമ്മുടെ റോമിന്റെ കുഷ്ഠരോഗം മാറിയതു്?"

"കുഷ്ഠരോഗം! ...റോമിന്റെ!! ഒരിക്കലുമില്ല" മകൻ പ്രയാസപ്പെട്ടു് പ്രതിവചിച്ചു.

"റോമം ഇന്നലെ ലൂർദ്ദിൽവച്ചു് രോഗവിമുക്തനായതായി അവന്റെ പിതാവിൽനിന്നു് ഒരു കമ്പി ഇന്നു രാവിലെ അവന്റെ മാതാവിനു ലഭിച്ചു."

"വേറെ വല്ല കഥയും പറഞ്ഞാൽ ഞാൻ വിശ്വസിക്കാം" മകൻ മറുപടിനൽകി.

"മകനേ, ഇതു കഥയല്ല; ദൈവത്തിന്റെ അനന്തമായ കാരുണ്യമാണു്. എനിക്കും നിന്നോടൊരു കാര്യം പറഞ്ഞാൽ കൊള്ളാമെ......"

"എന്താണു്?" മകൻ ചോദിച്ചു.

"നീ എന്റെകൂടെ ലൂർദ്ദിൽ വരണം. ഞാൻ നിനക്കുവേണ്ടി ആ വിമലാംബയോടു പ്രാർത്ഥിക്കുവാൻതുടങ്ങിയിട്ടു് നാളുകൾ പലതായി. എന്റെ പ്രാർത്ഥനയും കേൾക്കുമെന്നെനിക്കുറപ്പുണ്ടു്."

"പക്ഷെ...." തുടങ്ങിയ വാക്യം ഗാർഗാം പൂർത്തിയാക്കിയില്ല.

"ഒരു പക്ഷെയുമില്ല മകനെ. എനിക്കറിയാം നിനക്കിതു വിശ്വസിക്കുവാൻ പ്രയാസമാണെന്നു്. എനിക്കുവേണ്ടി നീയിതു ചെയ്യണം."

"ഇതൊഴിച്ചു് വേറെ എന്തും ചെയ്യാം" മകൻ പറഞ്ഞു.

"എന്റെ മോൻ ഇങ്ങനെ പറയരുതു്. മകനെ, നിന്റെ സുഖമല്ലാതെ എനിക്കു ജീവിതത്തിൽ വേറെയാശയില്ല. മരണവുമായി മല്ലിട്ടുകൊണ്ടു് ദിനരാത്രങ്ങൾ തള്ളിനീക്കിക്കൊണ്ടിരിക്കുന്ന നിന്റെ അമ്മയുടെ ഈ അഭ്യർത്ഥന —ഒരുപക്ഷെ അവസാനത്തെ— നീ നിരസിക്കുമോ?"

ഗാർഗാം മറുപടിയൊന്നും പറഞ്ഞില്ല.

"കന്യകാമേരി എന്റെ പ്രാർത്ഥന സ്വീകരിക്കും. എന്റെ മോൻ എന്റെകൂടെ ലൂർദ്ദിൽ വരണം" അമ്മ തുടന്നു അഭ്യർത്ഥിച്ചു.

"അമ്മ എവിടെ വേണമെങ്കിലും എന്നെ കൊണ്ടുപോയിക്കൊള്ളൂ" ഗാർഗാം മനസ്സില്ലാമനസ്സോടെ അനുമതിനൽകി.

"മകനെ നിനക്കു നന്ദി. നിന്റെ നിന്ദാവചനങ്ങൾ നിറുത്തിയിട്ടു് മാതാവിനോടു പ്രാർത്ഥിക്കുവാൻ ശ്രമിക്കുക. എല്ലാം ശരിയായി കിട്ടും." മകന്റെ കിടക്കവിരി ശരിപ്പെടുത്തിക്കൊണ്ടു് അമ്മ പറഞ്ഞു.

ഗാർഗാം ഒന്നും സംസാരിച്ചില്ല. എന്നാൽ അദ്ദേഹത്തിന്റെ മാതാവു് സുസ്മേരവദനയായി കാണപ്പെട്ടു.

* * *

ഗാർഗാമും മാതാവും ആഗസ്റ്റ് 13-ാംനു- രാവിലെ ലൂർദ്ദിൽ എത്തിച്ചേർന്നു. ലൂർദ്ദിലെ ജനക്കൂട്ടവും അവരുടെ ഭക്തിപ്രകടനങ്ങളും ഗാർഗാമിന്റെ മനസ്സിൽ മതല്ലൊരു മാററമുണ്ടാക്കി. അങ്ങനെയിരിക്കെ കുഷ്ഠരോഗവിമുക്തനായ റോമും, പിതാവും അവരെ കണ്ടുമുട്ടുന്നതിനിടയായി.

റോമം ഗാർഗാമിനെ ആലിംഗനംചെയ്തു. ആ ബാല്യകാലസഖാക്കൾ അകമേ അതിയായ ആനന്ദമനുഭവിച്ചു. ജ്യേഷ്ഠാനുജത്തിമക്കൾ എന്നതിനേക്കാൾ സ്നേഹിതന്മാർ എന്ന നിലയിലായിരുന്നു അവരുടെ അടുപ്പക്കൂടുതൽ. കുഷ്ഠരോഗത്തിനു് അധീനനായശേഷവും റോമിനെ പലപ്പോഴും ഗാർഗാം സന്ദർശിച്ചിട്ടുണ്ടു്. തന്റെ കണ്ണിനെ വിശ്വസിക്കുവാൻ ഗാർഗാമിനു വിഷമംതോന്നി. ഏതായാലും അമ്മ പറഞ്ഞതു് വിശ്വസിക്കുന്നതിനു് ഇതു തക്കതായ കാരണമായിത്തീർന്നു. ഇതോടുകൂടന്നു് താനറിയാതെതന്നെ തന്റെ അന്തരംഗത്തിൽ എന്തോ വലിയ പ്രവർത്തനങ്ങൾ നടക്കുന്നതായി ഗാർഗാമിനു തോന്നി.

x x x

റോമും പിതാവും പോയതിനുശേഷം ഗാർഗാം ഒന്നുംതന്നെ സംസാരിച്ചില്ല. തന്റെ പഴയ ജീവിതത്തിലേക്കു് അദ്ദേഹം ഒന്നെത്തിനോക്കുവാൻ തുടങ്ങി. ......പാപക്കൂമ്പാരം!

അന്നുരാത്രി മുഴുവൻതന്നെ ഗാർഗാം തന്റെ കഴിഞ്ഞുപോയ ജീവിതത്തെപ്പററി ആത്മാർത്ഥമായി പശ്ചാത്തപിച്ചുകൊണ്ടു് കഴിച്ചു. തക്ക ഒരുക്കത്തോടുകൂടി പിറേറദിവസം വൈകുന്നേരം അദ്ദേഹം പാപസങ്കീർത്തനംചെയ്തു. ഇതുവരെ അനുഭവിച്ചിട്ടില്ലാത്ത ഒരു ഹൃദയസമാധാനവും ആനന്ദാനുഭൂതിയും അദ്ദേഹത്തിനു് അനുഭവപ്പെട്ടു.

ഹൃദയപരിശുദ്ധിയുടേയും ആത്മീയാനന്ദത്തിന്റേയും നിറവായ ദിവ്യനാഥനെ പരിശുദ്ധകുർബ്ബാനവഴിയായി സസന്തോഷം പിറേറന്നു രാവിലെ ഗാർഗാം സ്വീകരിച്ചു. നിഷ്ക്കളങ്കഹൃദയത്തോടെ ഗാർഗാം തന്റെ ആറാമത്തെ വയസ്സിൽ നടത്തിയ ആദ്യകുർബ്ബാനസ്വീകരണത്തിന്റെ ഒരാവർത്തനമായിരുന്നു ഇതു്.

ഏറെത്താമസിയാതെ റോസറിചർച്ചിന്റെ (Rosary Church) മുൻവശത്തുള്ള വിശാലമായ മുററത്തേക്കു് അദ്ദേഹത്തെ കൊണ്ടുപോയി. ദിവ്യനാഥന്റെ എഴുന്നള്ളത്തും പ്രതീക്ഷിച്ചുകൊണ്ടു് മററു രോഗികളുടെ കൂട്ടത്തിൽ ഗാർഗാമും കിടന്നു. സ്നേഹത്തിന്റെ കൂദാശയിൽ എഴുന്നള്ളിയിരിക്കുന്ന ക്രിസ്തുനാഥനെ വൈദികൻ കൈയിലേന്തിക്കൊണ്ടുള്ള പ്രദക്ഷിണം ഏതാണ്ടു് അവരുടെ മദ്ധ്യത്തിലെത്തി.

ഗാർഗാം വളരെ വികാരാധീനനായി കാണപ്പെട്ടു. സംസാരിക്കുന്നതിനു് അദ്ദേഹത്തിന്റെ നാവിനു് ശക്തിയുണ്ടായില്ല. മോഹാലസ്യപ്പെട്ടുപോയേക്കുമെന്നു അദ്ദേഹത്തിനു തോന്നി.

പ്രദക്ഷിണം സാവധാനത്തിൽ മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. മുട്ടിന്മേൽനിന്നിരുന്ന രോഗികളുടെ ദീനരോദനംകൊണ്ടു് അന്തരീക്ഷം മാറെറാലിക്കൊണ്ടു.

വൈദികൻ വീണ്ടും ഏതാനും അടികൾക്കൂടി മുമ്പോട്ടുവച്ചു. താൻ ഏതോ സ്വപ്നലോകത്തിലാണെന്നു ഗാർഗാമിനു തോന്നി. അദ്ദേഹം എഴുന്നേൽക്കുവാൻ ശ്രമിച്ചു. ഫലപ്പെട്ടില്ല; വീണ്ടും ശ്രമിച്ചു......അത്ഭുതം! ഉടനെ അദ്ദേഹം തന്നത്താൻ എഴുന്നേററുനിന്നു, മരണത്തിൽനിന്നു ഉയിർത്തവനെപ്പോലെ. അദ്ദേഹത്തിന്റെ ഹൃദയം കൃതജ്ഞതകൊണ്ടു് ക്രമാതീതമായി തുടിച്ചു. അദ്ദേഹത്തിന്റെ നിറഞ്ഞ കണ്ണുകൾ അങ്ങകലെയുള്ള ഗ്രോട്ടോയിൽ പ്രശോഭിക്കുന്ന മാതാവിന്റെ തിരുസ്വരൂപത്തിൽ പതിഞ്ഞു.

ആദ്ധ്യാത്മികവീഥി

# മറുപടിക്കത്തു്

ദൈവത്തിന്റെ വത്സലമക്കളെ,

സത്യദീപംവഴി മറുപടി കൊടുക്കണമെന്നാവശ്യപ്പെട്ടു കൊണ്ടു പല എഴുത്തുകളും ലഭിക്കുന്നുണ്ടു്. അവയിൽ ചിലതിനു രഹസ്യമറുപടിയാണു കൂടുതൽ ഉപകാരപ്രദമെന്നു കാണുന്നുണ്ടെങ്കിലും മേൽവിലാസം അറിഞ്ഞുകൂടാത്തതുകൊണ്ടും പോസ്റ്റേജു സ്റ്റാമ്പു അടക്കം ചെയ്യാത്തതിനാലും മറുപടി അയക്കാൻ നിവൃത്തിയില്ലാതെ വരുന്നുണ്ടു്. ഞാൻ മുൻപൊരിക്കൽ അറിയിച്ചിട്ടുള്ളതുപോലെ എല്ലാം എഴുത്തിലും സ്വന്ത മേൽവിലാസം എഴുതിയ പോസ്റ്റ് കവറുംകൂടി അടക്കം ചെയ്യുന്നപക്ഷം ആവശ്യാനുസരണമുള്ള മറുപടി അയക്കുവാൻ സാധിക്കും. അങ്ങനെ ഇവിടെ മനസ്സിലാകുന്ന പേരുവിവരം വളരെ രഹസ്യമായിരിക്കുമെന്നും ഉറപ്പുതരുന്നു.

മേൽവിലാസം അറിയിക്കാതെ ഇയ്യിടെ ലഭിച്ച ഒരെഴുത്തിന്റെ രത്നച്ചുരുക്കവും അതിന്റെ മറുപടിയും താഴെ ചേർക്കുന്നു. ആളറിയാമായിരുന്നെങ്കിൽ രഹസ്യമായേ മറുപടി അയക്കുമായിരുന്നുള്ളു.

"എന്നെക്കാൾ സൗന്ദര്യവും പഠിപ്പും ധനസ്ഥിതിയും ഉള്ള ഒരാളിനോടു എനിക്കു ക്രമാതീതമായ സ്നേഹം തോന്നുന്നു. ചിലപ്പോൾ എഴുത്തയക്കുകയും കണ്ടു സംസാരിക്കയും ചെയ്തിട്ടുണ്ടു്. എന്നെ എപ്പോഴും അലട്ടിക്കൊണ്ടിരിക്കുന്നതും അപകടകരവും അസാദ്ധ്യവുമെന്നു ബുദ്ധി പറയുന്നതുമായ ഈ ബന്ധത്തിൽനിന്നു മാറാനുള്ള മാർഗ്ഗം ഉപദേശിച്ചുതരണമെ."

മറുപടി

ഇന്നു പ്രചുരപ്രചാരം സിദ്ധിച്ചിരിക്കുന്ന പുരോഗമനസാഹിത്യകൃതികളിൽ ഒരു ആഢ്യനമ്പൂതിരി സ്ത്രീ ഒരു പുലയനെ ഭർത്താവായി സ്വീകരിച്ചുവെന്നും ധനാഢ്യനായ ഒരു ബ്രാഹ്മണയുവാവു ഒരു പുലച്ചിയെ വേളി കഴിച്ചുവെന്നും മററും പ്രസ്താവിക്കയും ആ വക ബന്ധങ്ങൾ അത്യന്തം ആദരണീയങ്ങളാണെന്നു പ്രകീർത്തിക്കയും ചെയ്യുന്നുണ്ടു്. അതു കേട്ടു വ്യാമോഹിച്ചു പോകുന്ന യുവതീയുവാക്കന്മാർ ഇപ്പോൾ അത്ര വിരളമല്ല. നിങ്ങളും അക്കൂട്ടത്തിൽ ഒരാളായിരുന്നിരിക്കാം.

ഏതായാലും ഇന്നത്തെ സാമുദായികവ്യവസ്ഥിതിയിൽ നിങ്ങളുടെ ഇപ്പോഴത്തെ ബന്ധം ഉപദ്രവകരമാണെന്നു തോന്നുന്നതു നല്ലതുതന്നെ. അതിൽനിന്നു മാറുന്നതിനുള്ള മാർഗ്ഗം പലതുണ്ടു്. 1) കഴിയുമെങ്കിൽ സൗന്ദര്യത്തിലും പഠനത്തിലും സമ്പത്തിലും ഏറെക്കുറെ നിങ്ങളോടു പൊരുത്തമുള്ള ഒരാളിലേക്കു നിങ്ങളുടെ ചിന്ത തിരിച്ചുവിടുവാൻ ശ്രമിക്കുക. 2) മറേറയാളുമായുള്ള കത്തിടപാടുകളും സംസർഗ്ഗവും പാടെ വർജ്ജിക്കുകയും, അയാളുടെ വകയായി കൈവശമുള്ളവയെല്ലാം നശിപ്പിച്ചു കളയുകയും ചെയ്യുക. വിറകു കൊടുക്കാതിരുന്നാൽ തീ താനെ കെട്ടുപൊയ്ക്കൊള്ളുമല്ലോ. 3) ഒരിക്കലും അലസമായിരിക്കാതെ മനസ്സിനും ശരീരത്തിനും ധാരാളം ജോലി കൊടുത്തു ഇതരചിന്തകളിലേക്കു മനസ്സിനെ തിരിച്ചുവിടുക. കുറേക്കാലം കൊണ്ടുവിഷമമെല്ലാം മാറിക്കിട്ടും.


പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്.

## റഷ്യൻ നയംമാററം

### മാവോസെതൂങ്ങിനെ പരിഭ്രമിപ്പിക്കുന്നു

ചൈനയിൽ മാവോസേതുങ്ങിനുള്ള വ്യക്തിപരമായ നേട്ടങ്ങളെ റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി പത്രമായ പ്രവദായുടെ വ്യക്തിയാരാധനയെ പരാമർശിച്ചുകൊണ്ടുള്ള ഒരു മുഖപ്രസംഗത്തിൽ വെല്ലുവിളിച്ചിരിക്കുന്നു. സ്റ്റാലിന്റെ ചരിത്രം സംബന്ധിച്ചു റഷ്യയിൽ ഉണ്ടായിരിക്കുന്ന കുഴപ്പങ്ങളിൽ ഭാഗഭാക്കാകാതെയിരിക്കുവാൻ മാവോ 20-ാംപാർട്ടി കോൺഗ്രസിൻശേഷം കിണഞ്ഞു ശ്രമിക്കുകയുണ്ടായി. മാവോയുടെ ചൈനയിലെ സൽപ്പേരു് നിലനിർത്തുന്നതിനുവേണ്ടി ചൈനീസ് ഔദ്യോഗികപ്രസ്സും, റേഡിയോയും സ്റ്റാലിനെപ്പററിയുള്ള എല്ലാ പരാമർശനങ്ങളും വെട്ടികളയുകയാണുണ്ടായതു്.

ത്തു വെറും 'പാട്ടകൾമാത്രം!' കമ്മ്യൂണിസത്തിന്റെ ശക്തിദുർഗ്ഗമായ റഷ്യയിൽപോലും അധഃപതനത്തിന്റേയും ചേരിതിരിവിന്റേയും ലാഞ്ഛനകൾ ഇന്നു കാണുന്നുണ്ടല്ലോ. ദൈവസ്നേഹത്തേയും സഹോദരസ്നേഹത്തേയും മുൻനിറുത്തി അന്യരുടെ പാപഭാരം പേറിക്കൊണ്ടു് മഹാത്യാഗമനുഷ്ഠിക്കുന്നവർക്കു മാത്രമേ ശാശ്വതസമാധാനവും ഐശ്വര്യവും നിലനില്ക്കുന്ന ഒരു നവീനലോകത്തെ സംവിധാനംചെയ്യുവാൻ കഴിയൂ.



## ഇടവകവർത്തകൾ
(8-ാംപേജ് തുടർച്ച)

**ചിറ്റാറ്റുകര:** സ്ഥലം ദേവാലയത്തിൽ പതിവായി നടത്തിവരാറുള്ള, വലിയ നോമ്പിലെ പരിഹാരപ്രദക്ഷിണം; ഇക്കൊല്ലം ദുഃഖവെള്ളിയാഴ്ച വിയാസാഗ്രയോടുകൂടി കഴിപ്പാൻ പ്രത്യേകം ഒരുക്കിയിരുന്ന മുക്കാൽ നാഴിക ദൂരമുള്ള അങ്ങാടിയിൽ, ആയിരത്തിൽപരം ഭക്തജനങ്ങളുടെ സാന്നിദ്ധ്യത്തിൽ പൂർവ്വാധികം ഭംഗിയായി നടത്തപ്പെട്ടു.

**തുരുത്തി:** ഈ ഇടവകയിലെ ചെറുപുഷ്പ മിഷ്യൻലീഗിന്റെ ആഭിമുഖ്യത്തിൽ ഒരു പരിഹാരപ്രദക്ഷിണം ദുഃഖവെള്ളിയാഴ്ച പകൽ 3 മണിക്ക പൊടിപ്പാറപ്പള്ളിയിൽനിന്നാരംഭിച്ച് തുരുത്തിപ്പള്ളിയിൽ വന്നവസാനിച്ചു. പരിഹാരപ്രദക്ഷിണത്തിൽ പതിന്നാലു സ്ഥലങ്ങളിലും റവ എസക്ക് അലഞ്ചേരിൽ പ്രസംഗങ്ങൾ നടത്തുകയുണ്ടായി. കുരിശു വഹിച്ചുകൊണ്ടുള്ള ഈ പരിഹാരജാഥയിൽ ഏകദേശം മൂവായിരത്തിൽപരം ആളുകൾ പങ്കുകൊണ്ടു. അവസാനത്തിൽ റവ. ഫാദർ ജോർജ്ജ് മണമേലിന്റെ ഒരു പ്രസംഗവുമുണ്ടായിരുന്നു.

**ആളൂർ:** ദുഃഖവെള്ളിയാഴ്ച പ്രമാണിച്ച് കർത്താവിന്റെ മൃതശരീരപ്രതിമ പ്രത്യേകമായൊരു പേടകത്തിൽ വഹിച്ചുകൊണ്ടും ദർശനസമൂഹം, സൊഡാലിററി, മൂന്നാംസഭ എന്നീ സംഘാംഗങ്ങളുടെ അകമ്പടിയോടെ ഉച്ചഭാഷിണിയിൽക്കൂടി വിയാസാഗ്ര കഴിച്ചും ഭക്തിസംവർദ്ധകമായ ഗാനങ്ങൾ ആലപിച്ചും സ്ഥലം പള്ളിയിൽനിന്നും ഒരു വിലാപയാത്ര പുവിപ്പാറക്കുന്നിന്റെ അടുത്തു സ്ഥാപിച്ചിട്ടുള്ള കുരിശിന്റെ അടുക്കലേക്ക പുറപ്പെട്ടു. അയ്യായിരത്തിൽപരമാളുകൾ പ്രസ്തുത പ്രദക്ഷിണത്തിൽ കുരിശുകൾ വഹിച്ചും ജപമാല ജപിച്ചും പങ്കെടുക്കുകയുണ്ടായി. റവ ഫാദർ ജേയിക്കബ് ചൊവ്വല്ലൂർ സന്ദർഭോചിതമായൊരു പ്രഭാഷണം നടത്തുകയുമുണ്ടായി

**പൂവത്തോട്:** സ്ഥലം സൺഡേസ്കൂൾ ബാലസമാജത്തിന്റെ ഒരു യോഗം മാർച്ച 18-ാം തിയതി കൂടി ഒരു പൂർവ്വ അദ്ധ്യാപകനും ഇപ്പോൾ സിലുവൈനിരി ആശ്രമത്തിൽ ചേർന്നിരിക്കുന്ന ആളുമായ ബ്രദർ റററി എം മത്തായി മിഷൻകാര്യങ്ങളെപ്പററി ഒരു പ്രസംഗം ചെയ്തു.

**വയലത്തല:** തിരുവനന്തപുരം മെത്രാപ്പോലീത്താ മാർ ഗ്രിഗോറിയോസ് തിരുമനസ്സുകൊണ്ട് പീഡാനുഭവ ആഴ്ചയിൽ വയലത്തലപ്പള്ളിയിൽ എഴുന്നെള്ളി തിരുകർമ്മങ്ങൾ നടത്തി.

**ചന്ദനപ്പള്ളി:** റവ സാമുവേൽ തെങ്ങുവിളയിൽ, ഉമ്മൻ അയ്യനേത്ത് എന്നിവരുടെ പ്രഥമബലിയപ്പണം മാർച്ചുമാസം 18-ാംനു ചന്ദനപ്പള്ളി കത്തോലിക്കാമിഷനിൽവെച്ചു സാഘോഷം നടന്നു. ഫാദർ ദാനിയേൽ അയ്യനേത്തിന്റെ അദ്ധ്യക്ഷതയിൽ ഒരു അനുമോദനയോഗം ചേർന്നു. മി. തോമ്മസ് അയ്യനേത്ത് ചന്ദനപ്പള്ളി കത്തോലിക്കാമിഷന്റെ പ്രാരംഭത്തേയും വളർച്ചയേയും വിശദീകരിച്ചും മാറു കാര്യപൂർണ്ണമായ ഒരു പ്രസംഗം ചെയ്തു. ബ്രദർ ജേക്കബ് അയന്തി നവവൈദികരെ അനുമോദിച്ചും മാവുകങ്ങൾ നേന്നും വീട്ടുകാരും നാട്ടുകാരും വൈദികരോട് എങ്ങിനെ സഹകരിക്കണമെന്നു വിശദീകരിച്ചും ഒരു ലഘുപ്രസംഗം ചെയ്തു.

വീട്ടിൽവെച്ചു നടന്ന അനുമോദനയോഗത്തിൽ അയ്യനേത്തു കുടുംബക്കാരുടെ വകയായി ഒരു മംഗളപത്രം ഫാദർ ഉമ്മനു നൽകപ്പെട്ടു. വിരുന്നിൽ ഇടവകക്കാരും ബന്ധുജനങ്ങളുമായി വളരെയധികം പേർ സംബന്ധിച്ചിരുന്നു.

—o—

## ചരമവാർത്തകൾ

**കൊഴുവനാൽ:** സ്ഥലത്തെ ക്ലാരമഠത്തിൽ ഉദ്ദേശം മൂന്നുവർഷത്തെ നിസ്തുലജീവിതം കഴിച്ച് പെട്ടെന്നുണ്ടായ അസുഖങ്ങൾനിമിത്തം കൊഴുവനാൽ ആശുപത്രിയിൽവച്ച് സിസ്റ്റർ ഗംസ്റ്റർ മാർച്ച് 29-ാംനു കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. അന്നുതന്നെ വൈകിട്ട് പാലാ വികാരിജനറാൾ, അനവധി വൈദികർ, ശെമ്മാശന്മാർ കന്യാസ്ത്രീകൾ വമ്പിച്ച ഒരു ജനാവലി ഇവരുടെ സാന്നിദ്ധ്യത്തിൽ കൊഴുവനാൽപള്ളി സിമിത്തേരിയിൽ പ്രത്യേകം തയ്യാർചെയ്തിരുന്ന കല്ലറയിൽ മൃതദേഹം സംസ്കരിക്കപ്പെട്ടുകയുണ്ടായി 21 വയസ്സ് പ്രായമുള്ള പരേത മണിയങ്ങാട്ടു കുടുംബത്തിലെ ഒരംഗമായിരുന്നു.

**അതിരമ്പുഴ:** സ്ഥലം സ്ക്കൂൾ ഡ്റിൽമാസ്റ്ററായിരുന്ന മി പി എ വക്കി 64-ാമത്തെ വയസ്സിൽ ആസ്മാരോഗംനിമിത്തം നിര്യാതനായിരിക്കുന്നു. സ്വദേശ്യഗണങ്ങളുടേയും പൗരന്മാരുടേയും ബ: വൈദികരുടേയും സഹകരണത്തിൽ മാർച്ച് 28-ാംനു മൃതദേഹം അതിരമ്പുഴ ഫൊ: പള്ളിയിൽ യഥാവിധി സംസ്കരിക്കപ്പെട്ടു

**കുഴുപ്പിള്ളി:** ഈ ഇടവക ചിറ്റേടൻ ജെ കൊച്ചുവറീത് മാർച്ച് 14 ാംനു നിര്യാതനായി. മൃതദേഹം പിറേറദിവസം റാസ മുതലായ തിരുകർമ്മങ്ങൾക്കശേഷം റവ ഫാദർ തായങ്കേരി അവർകളുടെ പ്രധാനകാർമ്മികത്വത്തിലും വമ്പിച്ചൊരു ജനാവലിയുടെ സാന്നിദ്ധ്യത്തിലും യഥാവിധി സംസ്കരിക്കപ്പെട്ടു ചരമപ്രസംഗം നടത്തിയതു റവ ഫാദർ പഴൂപ്പിള്ളി അവർകളാണ്.

R. I. P.

## യുവതികൾക്കു ഏകാന്തധ്യാനം
### ആലുവാ

ചുണങ്ങംവേലി അഗതികളുടെ സഹോദരിമാരുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും നടത്തപ്പെടുന്ന യുവതികൾക്കായുള്ള ഏകാന്തധ്യാനം ഈ ആണ്ടിലും ആലുവാ സെന്റ് മേരീസ് ഹൈസ്കൂളിൽവച്ച് 1956 ഏപ്രിൽ 16-ാംനു (പതിനാറാം തീയതി) തിങ്കളാഴ്ച വൈകുന്നേരം തുടങ്ങുന്നതും 20-ാംനു (ഇരുപതാം തീയതി) വെള്ളിയാഴ്ച കാലത്ത് അവസാനിക്കുന്നതുമാണ്. ധ്യാനഗുരു റവ ഫാദർ മാത്യു മങ്കുഴിക്കരിയാണ്.

ശയ്യോപകരണങ്ങൾ ഓരോരുത്തരും കൊണ്ടുവരണം. ബോർഡിംഗ് ഫീസ് 7 രൂപാ മാത്രം.

ഇതിൽ സംബന്ധിക്കുവാൻ ഉദ്ദേശിക്കുന്നവർ ഏപ്രിൽ 8-ാംനു (എട്ടാംതീയതി)ക്കകം വിവരം അറിയിക്കേണ്ടതാണ്.

Mother Superior, S. D.,
Chunangamvely, Alwaye

# വിവിധവൃത്താന്തങ്ങൾ

## ഒസ്സാനാമിന്റെ ശവകുടീരം
### വീണ്ടും തുറന്നു

വിൻസെന്റ് ഡി പോൾ സംഘത്തിന്റെ സ്ഥാപകനായ ഫ്റെഡറിക്ക് ഒസ്സാനാമിനെ വിശുദ്ധനെന്നു പേരുവിളിക്കുന്നതിനുള്ള നടപടികൾ തുടർന്നുകൊണ്ടിരിക്കുകയാണല്ലോ. നടപടികളുടെ ഇടയിൽ ആവശ്യമായ ശാസ്ത്രീയപരിശോധനകൾ നിർവ്വഹിക്കുന്നതിനാണ് പാരിസ് കാത്തലിക്ക് ഇൻസ്റ്റിററ്യൂട്ടിലെ ക്രിപ്റ്റിൽ സംസ്കരിച്ചിരിക്കുന്ന ശരീരാവശിഷ്ടങ്ങൾ രണ്ടാമതും കല്ലറ തുറന്നെടുത്തത്. യുവമിഷണറിയായ ഫ്റഡറിക്ക് 1853 സെപ്റ്റംബർ 8-ാം തിയതിയാണ് 40-ാമത്തെ വയസ്സിൽ മാർസെയിത്സിൽവച്ചു മരണമടഞ്ഞത്. പേരു വിളിക്കുന്നതിനുള്ള നടപടികളുടെ പ്രാരംഭഘട്ടത്തിൽ 1929-ൽ ആദ്യമായി കല്ലറതുറന്നു പരിശോധിക്കപ്പെട്ടു. അന്നു ശരീരത്തിനു യാതൊരു ഹാനിയും സംഭവിച്ചിരുന്നില്ല. ഇപ്പോൾ രണ്ടാംപ്രാവശ്യം മറ്റു പ്രകാരം വൈദികാധികാരികൾ, വിൻസെന്റ് ഡി പോൾ സംഘത്തിന്റെ പ്രസിഡന്റ് ജനറാൾ, ഒസ്സാനാമിന്റെ അനന്തരഗാമികൾ തുടങ്ങി ഒട്ടുവളരെപ്പേരുടെ സാന്നിദ്ധ്യത്തിലാണ് കല്ലറ തുറന്നു പരിശോധിച്ചത്. അവശിഷ്ടങ്ങൾ ഓക്കുമരംകൊണ്ടുള്ള ഒരു പേടകത്തിലാക്കി അതു ലോഹംകൊണ്ടുള്ള വേറൊരു പെട്ടിയിൽ അടച്ചു ഭദ്രമായി സൂക്ഷിച്ചിരിക്കുകയാണ്. വിൻസെന്റ് ഡി പോൾ സംഘവുമായി പല വിധത്തിൽ ബന്ധപ്പെട്ട ലക്ഷോപലക്ഷങ്ങൾ ഒസ്സാനാമിനെ വിശുദ്ധനായി പ്രഖ്യാപിച്ചുകാണുന്നതിനുള്ള അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയാണ്.

## പോർത്തുഗീസാഫ്റിക്കായിൽ
## 1000 വൈദികർ അത്യാവശ്യം

പോർത്തുഗലിന്റെ കീഴിലുള്ള ആഫ്റിക്കൻവിഭാഗം വൈദികരുടെ ക്ഷാമംകൊണ്ട് വളരെ ക്ലേശിക്കുന്നതായി അവിടത്തെ ഒരു പത്രത്തിൽ പ്രസ്താവിച്ചിരിക്കുന്നു. അംഗോളാപ്രോവിൻസിൽ 40 ലക്ഷവും, മൊസാംബിക്കിൽ 60 ലക്ഷവും, പോർത്തുഗീസ് ഗിനിയായിൽ $7\frac{1}{2}$ ലക്ഷവും ജനങ്ങളാണുള്ളത്. 20 ലക്ഷത്തിലധികംപേർ കത്തോലിക്കരാണ്. ഇപ്പോൾ ആകെയുള്ള വൈദികർ 1518 മാത്രമാണ്. 1000 വൈദികർകൂടി അവിടെ അത്യാവശ്യമായിരിക്കുകയാണ്. വേണ്ടത്ര വൈദികരുടെ ശുശ്രൂഷ ലഭിക്കുന്നതായാൽ ജനങ്ങൾ മുഴുവനും കത്തോലിക്കാമതം സ്വീകരിക്കുന്നതിനു സന്നദ്ധരായിരിക്കുമെന്നാണ് പ്രസ്തുതപത്രം അഭിപ്രായപ്പെടുന്നത്.

## റഷ്യൻ നേതാക്കളുടെ കാര്യം
### കോമൺസിൽ ചോദിക്കുന്നു

മാർഷൽ ബുൾഗാനിനും മി. ക്രൂഷ്ചേവും ഇംഗ്ലണ്ട് സന്ദർശിക്കുന്ന അവസരത്തിൽ, റഷ്യൻ തടങ്കൽക്യാമ്പുകളിൽ അടിമത്തത്തിൽ ഉഴലുന്ന ലക്ഷോപലക്ഷങ്ങളെ മോചിപ്പിക്കുന്നതിനു പ്രധാനമന്ത്രി ശക്തിയായ ഒരു നിവേദനം നടത്തുമോ എന്നു കോമൺസ്സഭയിൽവച്ച് മി റിച്ചാർഡ് സ്റ്റോക്ക്സ് ഒരു ചോദ്യം ഉന്നയിച്ചു. പ്രധാനമന്ത്രി സർ ആന്റണി ഈഡൻ അതിനു നൽകിയ മറുപടിയിൽ ഇപ്രകാരം പ്രസ്താവിച്ചു: "ഈ ചോദ്യം ഉന്നയിച്ചപ്പോൾ മി സ്റ്റോക്സിന്റെ മനസ്സിൽ ഉണ്ടായിരിക്കുമെന്നു ഞാൻ വിചാരിക്കുന്ന ഇടയലേഖനം (ഇംഗ്ലണ്ടിലേയും വെയിത്സിലേയും ഹയരാർക്കികളുടെ ഏകോപിച്ചുള്ള ഇടയലേഖനം) കാണുന്നതിനു എനിക്കും അവസരമുണ്ടായിട്ടുണ്ട്. ബ്രിട്ടന്റെ പാരമ്പര്യങ്ങൾ രണ്ടു കാര്യങ്ങൾ പ്രകടമാക്കുന്നുണ്ടെന്നാണ് എന്റെ അഭിപ്രായം: മതസഹിഷ്ണുതയെ നാം അനുകൂലിക്കുന്നു; എല്ലാ തരത്തിലുമുള്ള മതമർദ്ദനവും നാം അങ്ങേയറ്റം ശക്തിയായി എതിർക്കുകയും ചെയ്യുന്നു."

## ഇടയലേഖനത്തിലെ സംഗതമായ ഭാഗം


എം. പി മാരോടുള്ള അഭ്യർത്ഥന—"ഗവമ്മെന്റു ഈ ക്ഷണം നൽകുന്നതിനു തീരുമാനിച്ചു, സോവ്യററുനേതാക്കന്മാരുടെ ഈ രാജ്യസന്ദർശനം പരസ്പരധാരണ വർദ്ധിപ്പിക്കുന്നതിനു സഹായകമാകുമെന്നുള്ള പ്രത്യാശയിലാണ്. എന്നാൽ ഈ രാജ്യം മതമർദ്ദനത്തെ എത്രമാത്രം വെറുക്കുന്നുവെന്ന് മാന്യ അതിഥികളോടു പറയുവാൻ ഗവമ്മെന്റിനെ പാർലമെന്റുമെമ്പറന്മാർ നിർബന്ധിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. വസ്തുതകൾ ഭയജനകങ്ങളും സംശയരഹിതങ്ങളുമാണ്. കഴിഞ്ഞ വ്യാഴവട്ടക്കാലത്തെ സോവ്യററ്റുകേന്ദ്രങ്ങൾ അതുല്യങ്ങളാണ്. നയപരമായ ഉപചാരത്തിന്റെ പേരിൽ നമ്മുടെ ഗവമ്മെന്റ് ബ്രിട്ടിഷ് പൗരസഞ്ചയത്തിന്റെ അഭിപ്രായത്തെ വിശദമായി പ്രഖ്യാപിക്കുന്നതിൽനിന്നു പിൻമാറാതിരിക്കട്ടെ. നീതിബോധവും സഹോദരസ്നേഹവും ഇതാവശ്യപ്പെടുന്നു."

## പരിശുദ്ധപിതാവിന്റെ ഈസ്റ്റർ സന്ദേശം

പരിശുദ്ധ മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് ഈസ്റ്റർപ്രമാണിച്ച് ലോകത്തോടായി പ്രക്ഷേപണംചെയ്ത ഒരു സന്ദേശത്തിൽ, അണുവായുധങ്ങൾ നിർത്തലാക്കുകയോ അഥവാ നിയന്ത്രിക്കുകയോ ചെയ്യണമെന്നും അങ്ങനെ നാശഗർത്തത്തിലേക്കുള്ള ത്വരിതഗമനം അവസാനിപ്പിക്കണമെന്നും രാജ്യതന്ത്രജ്ഞന്മാരെ ആഹ്വാനം ചെയ്തിരിക്കുന്നു. അണുവായുധമത്സരത്തിന്റെ ആത്മഹത്യാപരമായ വിഡ്ഢിത്തത്തെ കടിഞ്ഞാണിട്ടു നിർത്തുവാൻ സാധിക്കുമോയെന്നതിനെ സംബന്ധിച്ചിടത്തോളം ലോകത്തിനു പ്രത്യാശ മിക്കവാറും നശിച്ചിരിക്കുകയാണെന്നു അവിടുന്നു മുന്നറിയിപ്പുനൽകി. പുനരുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ മംഗളനിർദ്ദേശങ്ങൾ, രാഷ്ട്രങ്ങളുടെ ഭാഗധേയങ്ങൾ നിർവ്വഹിക്കുന്ന എവരുടേയും സൗമനസ്യപൂർവ്വകമായ പരിഗണനയ്ക്കു തിരുമേനി സമർപ്പിച്ചു. അണുശക്തിയുപകരണങ്ങളുടെ നിരോധനനിയന്ത്രണങ്ങൾ സംബന്ധിച്ച് പരിശുദ്ധ പിതാവു ഇതിനുമുമ്പു മൂന്നു പരസ്യപ്രസ്താവനകൾ നൽകിക്കഴിഞ്ഞിട്ടുള്ളതാണ്.

## അടുത്ത ദിവ്യകാരുണ്യകോൺഗ്രസ്

അടുത്ത സാർവ്വലൗകികദിവ്യകാരുണ്യകോൺഗ്രസ് 1960-ൽ മ്യൂണിച്ച് നഗരത്തിൽവച്ചു നടത്തപ്പെടുന്നതാണെന്നു പരിശുദ്ധ മാർപ്പാപ്പാ പ്രഖ്യാപിച്ചിരിക്കുന്നു. കഴിഞ്ഞ കൊല്ലം റിയോ ഡെ ജെനെയിറോ നഗരത്തിൽവച്ചാണല്ലോ പ്രസ്തുത കോൺഗ്രസ് നടത്തപ്പെട്ടത്.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 || APRIL 11, ERNAKULAM || No. 34


## തിരുക്കൊച്ചിയിലെ രാഷ്ട്രീയനീക്കങ്ങൾ

രാഷ്ട്രീയം പ്രതിപാദിക്കുക ഞങ്ങളുടെ പ്രവർത്തനലക്ഷ്യമല്ല. എന്നാൽ രാഷ്ട്രീയപരിവർത്തനങ്ങളിൽ പൊതുനന്മയേയും സാമൂഹികവും മതപരവുമായ രംഗങ്ങളേയും സ്പർശിക്കുന്ന വിഷയങ്ങളിൽ സമ്യക്കായ ആദർശങ്ങളേയും അഭിപ്രായങ്ങളേയും വായനക്കാരുടെ പരിചിന്തനത്തിനു സമർപ്പിക്കുക അനിവാര്യമായ പത്രധർമ്മമാണ്. തിരുക്കൊച്ചിയിലെ രാഷ്ട്രീയരംഗം ഇന്നു പല പരിവർത്തനങ്ങളേയും നേരിട്ടുകൊണ്ടിരിക്കുന്ന ഒരു ഘട്ടമാണല്ലോ. ഇവിടെ ജനാധിപത്യഭരണം ഏതാനും കൊല്ലങ്ങളായി പരീക്ഷിക്കപ്പെടുകയായിരുന്നു. പലേ പ്രതിസന്ധിഘട്ടങ്ങളേയും തരണംചെയ്ത് അത് പ്രസിഡണ്ടുഭരണം അനിവാര്യമായ ഒരു സന്ധിയിൽ എത്തിച്ചേർന്നു. അതുകൊണ്ട് നമ്മുടെ രാജ്യത്തിന്റെ ഭാവിയെ ശ്രേയസ്കരമാക്കുന്നതിനും അടിയുറച്ച മൂല്യങ്ങളിൽ പടുത്തുയർത്തുന്നതിനും നാടിന്റേയും നാട്ടാരുടേയും നന്മയ്ക്കുവേണ്ടി യത്നിക്കുന്നതിനും ശരിയായ ജനാധിപത്യാദർശങ്ങളേയും വഴക്കങ്ങളേയും ഓരോ പൗരനും മനസ്സിരുത്തി പഠിക്കേണ്ടതു് ഇത്തരുണത്തിൽ അത്യാവശ്യമാണ്. പകാശയനും പലേ രാജ്യങ്ങളിലേയും ജനാധിപത്യഭരണരീതികളുമായി ഇടപഴകുന്നതിനു സാധിച്ചിട്ടുള്ള മഹാനുമായ ഡോക്ടർ പി. ജെ. തോമസ് അവർകൾ ഈയിടെ കരമന എസ്. എം. ആർ. വി. അസ്സോസിയേഷൻ വാർഷികത്തിൽ പ്രസംഗിക്കവെ ഈ വിഷയത്തെപ്പററി പരാമർശിച്ച ഒരു ഭാഗം മാന്യ വായനക്കാരുടെ പരിചിന്തനത്തിനായി ഞങ്ങൾ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ:-

"സാമ്പത്തികപ്രശ്നങ്ങളുടെ വെളിച്ചത്തിൽ മാത്രമാണ് ഞാൻ രാഷ്ട്രീയകാര്യങ്ങളെ ദർശിക്കുന്നതു്. തിരുക്കൊച്ചിയുടെ സാമ്പത്തികപ്രശ്നങ്ങൾ ഇന്ത്യയുടെ മററു ഭാഗങ്ങളിലുള്ളവയിൽനിന്നു തുലോം വ്യത്യസ്തമായവയും ഏററം ജടിലമായവയുമാണ്. അവയ്ക്കു പരിഹാരംകാണാതെ തിരുക്കൊച്ചിയിൽ വ്യവസ്ഥാപിതമായ ഒരു രാഷ്ട്രീയവ്യവസ്ഥ രൂപംകൊള്ളുകയില്ല. സാമ്പത്തികപ്രശ്നങ്ങൾക്കു പരിഹാരം കാണണമെങ്കിലോ ഇവിടെ ഒരു ഉറച്ച ഭരണകൂടം ഉണ്ടാവാതെ നിവൃത്തിയില്ല. ഭരണകൂടത്തിനു ഉറപ്പുമാത്രമുണ്ടായാൽ പോരാ, വർദ്ധിച്ച കാര്യക്ഷമതയും ഉണ്ടാവണം. ഇംഗ്ലണ്ടിലേതുപോലുള്ള ജനാധിപത്യം ഇവിടെ തല്ക്കാലത്തേക്കെങ്കിലും ഒരു പരാജയമായി അനുഭവപ്പെടുന്നുവെങ്കിൽ അതിൽ അതിശയിക്കാനില്ല. ഇംഗ്ലണ്ടിൽ ഇംഗ്ലീഷ് ജനാധിപത്യത്തിന്റെ സുശക്തമായ നിലനില്പിനു അനുകൂലമായ സാമ്പത്തികസാഹചര്യങ്ങളാണുള്ളതു്. ഒന്നാമതു് അവിടെ ജനാധിപത്യം നിലവിൽവന്നതു രാജ്യത്തിനു പൊതുവെ ഗണ്യമായ സാമ്പത്തികാഭിവൃദ്ധിയുണ്ടായതിനുശേഷമാണ്. രണ്ടാമതു് അവിടെ ജനങ്ങൾ മേല്പറഞ്ഞ സാഹചര്യങ്ങളിൽ ജനാധിപത്യവ്യവസ്ഥയിൽ അവഗാഢമായ പരിശീലനം നേടിക്കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല ജനാധിപത്യക്രമത്തിൽ പതറിച്ചയില്ലാത്ത വഴക്കങ്ങൾ അവിടെ സൃഷ്ടിക്കപ്പെട്ടിട്ടുമുണ്ട്.

"കമ്മ്യൂണിസ്റ്റുകാർ ഇന്ത്യയിൽ കാലഗതിക്കൊത്ത ചിന്താഗതിയുള്ളവരല്ല എന്നുള്ള കാര്യം പരമാർത്ഥമാണ്. എങ്കിലും അവർക്കു ഒരുറച്ച ചിന്താഗതിയുണ്ട്. വികൃതമായ ഒരുതരം സ്വേച്ഛാധിപത്യത്തിൽ അവർ വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ അവർ സുശക്തമായ ഒരു ഗവർമ്മെൻറു് വിഭാവനംചെയ്യുന്നു. യഥാർത്ഥ ജനാധിപത്യവാദികൾക്കു ഉറച്ച ഗവർമ്മെൻറു സ്ഥാപിക്കാൻ കഴിഞ്ഞില്ലെങ്കിൽ തിരുക്കൊച്ചിയിൽ ഒരുപക്ഷെ ഇടക്കാലത്തേക്കുമാത്രമായിട്ടെങ്കിലും കമ്മ്യൂണിസ്റ്റുകാരുടെ ആധിപത്യം നിലവിൽ വന്നേക്കും. കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വരുന്നുവെങ്കിൽ അതവരുടെ ചിന്താഗതിയുടെ മെച്ചംകൊണ്ടായിരിക്കയില്ല. നേരെമറിച്ച് യഥാർത്ഥജനാധിപത്യവാദികൾ പരാജയപ്പെട്ടതുകൊണ്ടായിരിക്കും. ജനാധിപത്യം പരാജയപ്പെടുന്നിടത്തു ഒരുതരം സ്വേച്ഛാധിപത്യം പ്രതിഷ്ഠനേടിയെന്നുവരും. എന്തുകൊണ്ടെന്നാൽ ജനങ്ങൾക്കു നിരവധി സാമ്പത്തികപ്രശ്നങ്ങൾ പരിഹരിക്കേണ്ടതായിട്ടുണ്ട്. അതിനുറച്ച ഗവർമ്മെൻറു് നിലവിൽ വരാതെ കഴിയില്ല.

"ഫ്രാൻസിൽ നടക്കുന്നതു പോലെ എപ്പോഴും ഗവർമ്മെൻറു് മാറിക്കൊണ്ടിരിക്കുന്ന ഒരു സ്ഥിതി ഇന്ത്യയുടെ ഈ ഭാഗത്തുണ്ടായിക്കൂടാ. ഇവിടെ ഗവർമ്മെൻറുകളുടെ വരവുംപോക്കും ഉദ്യോഗസ്ഥലോകത്തെപ്പോലും ദുഷിപ്പിക്കുന്നു. ഗവർമ്മെൻറുകളുടെ മാററങ്ങൾ ഇവിടെ ഉദ്യോഗസ്ഥന്മാരെപ്പോലും ചപലരാക്കിത്തീർക്കുന്നു. ജനാധിപത്യപാരമ്പര്യത്തിൽ ഉദ്യോഗസ്ഥന്മാർക്കോ ജനങ്ങൾക്കോ പരിശീലനം ലഭിച്ചിട്ടില്ല. ഉന്നതവും അചഞ്ചലവുമായ ജനാധിപത്യവഴക്കങ്ങൾ ഇവിടെ സൃഷ്ടിച്ചിട്ടില്ലെന്നതാണിതിനു കാരണം. ഫ്രാൻസിൽ ഗവർമ്മെൻറു മാറിയാലും സിവിൽസർവ്വീസിനു ഉറച്ച അടിത്തറയും പ്രവർത്തനത്തിനു ഉയർന്ന മാനദണ്ഡവും ഫ്രാൻസിലുണ്ട്.

"ഇവിടെ പ്രസിഡണ്ടുഭരണം ഏർപ്പെടുത്തിയതിനെ സ്വാഗതം ചെയ്യുന്ന വലിയൊരു ജനവിഭാഗമുണ്ട്. എന്തുകൊണ്ടെന്നാൽ ഇവിടെ പാർലിമെൻററിജനാധിപത്യം തല്ക്കാലത്തേക്കെങ്കിലും പരാജയപ്പെട്ടിരിക്കുന്നു. ജനങ്ങൾക്കു ചാഞ്ചല്യവും ഉളുക്കുമില്ലാത്ത ഉറച്ച ഗവർമ്മെൻറാണിതിനും ആവശ്യം.

"തിരുക്കൊച്ചിയിൽ ജനാധിപത്യവ്യവസ്ഥയ്ക്കു ഉറച്ച ഒരടിത്തറയുണ്ടാകാൻ എന്തുചെയ്യണമെന്നു എല്ലാവരും ഗാഢമായി ചിന്തിക്കേണ്ടുന്ന അവസരമാണിതു്. ജനാധിപത്യവ്യവസ്ഥയെ സംബന്ധിച്ച് പുതിയൊരു ബോധം ജനങ്ങളും നേതാക്കളും ഉൾക്കൊള്ളണമെന്നതാണ് സർവ്വപ്രധാനമായ കാര്യം. യൂറോപ്യൻ രാജ്യങ്ങളിൽ ജനങ്ങളും പൊതുപ്രവർത്തകന്മാരുമൊക്കെ ഏതെങ്കിലും തൊഴിൽ സ്വന്തനിലയിൽ ചെയ്യുന്നവരാണ്. ഒഴിവുസമയത്താണവർ രാഷ്ട്രീയകാര്യങ്ങളിലിടപെടുന്നതു്. രാഷ്ട്രീയപ്രവർത്തകർക്കു രാഷ്ട്രീയരംഗത്തിൽ താല്ക്കാലികപരാജയം നേരിട്ടാൽതന്നേയും അവർക്കതു് ഒരു പ്രശ്നമല്ല. രാഷ്ട്രീയവടംവലിയിൽ അവർക്കൊരു സ്പോർട്ട്സ്മൻ സ്പിരിട്ടുണ്ട്. ഇവിടെ രാഷ്ട്രീയപ്രവർത്തകരുടെ നില അതല്ല. രാഷ്ട്രീയപ്രവർത്തനം ഇവിടെ രാഷ്ട്രീയപ്രവർത്തകരുടെ ഉപജീവനമാർഗ്ഗംകൂടിയാണ്. മന്ത്രിമാരാകുന്നവർക്കു മന്ത്രിസ്ഥാനം നഷ്ടപ്പെട്ടാൽ പിന്നെ നിലയൊന്നുമില്ല എന്ന സ്ഥിതിയാണിവിടെയുള്ളതു്. കാര്യവിവരമുള്ളവർക്കു രാഷ്ട്രീയകാര്യങ്ങളിൽ സ്വാധീനം ചെലുത്താനും കഴിയാതെ പോകുന്നു. ഒരുതരം മുരട്ടുവാദം രാഷ്ട്രീയകാര്യങ്ങളിൽ ഇവിടെ വേരൂന്നുന്നു. ഈ സ്ഥിതി മാറുകതന്നെ വേണം. രാഷ്ട്രീയകാര്യങ്ങളിൽ തികഞ്ഞ സ്പോർട്ട്സ്മൻസ്പിരിട്ട് വളർത്താൻ കഴിയണം.

"ഇംഗ്ലണ്ടിലും മററുമാണെങ്കിൽ അധികാരത്തിലെത്താൻ കഴിയാത്ത കക്ഷികളും അധികാരത്തിൽ പ്രവേശിക്കുന്ന കക്ഷിയെ സഹായിക്കാനും ആ കക്ഷിയുമായി ആവശ്യമുള്ള സന്ദർഭങ്ങളിൽ സഹകരിക്കാനും തയ്യാറാവും. ഇവിടെ രാഷ്ട്രീയകക്ഷികൾ തമ്മിൽ എപ്പോഴും ബദ്ധവൈരമാണ്. നമ്മുടെ നാട്ടിലെ കുട്ടികൾക്കിടയിലും യുവജനങ്ങൾക്കിടയിലും കാണുന്ന സ്പോർട്ട്സ്മൻസ്പിരിട്ട് മുതിർന്ന രാഷ്ട്രീയനേതാക്കൾക്കിടയിൽ കാണാൻ കഴിയുന്നില്ല. ഈക്കാര്യത്തിൽ ഇവിടെ സാധാരണക്കാരാണ് മെച്ചപ്പെട്ടുനില്ക്കുന്നതു്. രാഷ്ട്രീയനേതാക്കൾ ഇക്കാര്യത്തിൽ പരാജയപ്പെട്ടുനില്ക്കുന്നു. "എടുക്കുകയും കൊടുക്കുകയും" ചെയ്യാനുള്ള മനോഭാവം രാഷ്ട്രീയകക്ഷികൾക്കില്ലെങ്കിൽ പാർലിമെൻററിജനാധിപത്യം വിജയിക്കുവാൻ വിഷമമാണ്."

ഈ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ നാം ഒത്തൊരുമിച്ച് പരിശ്രമിക്കുകയാണെങ്കിൽ തിരുക്കൊച്ചിയെ ഒരു മാതൃകാജനാധിപത്യഘടകമാക്കിത്തീർക്കുവാൻ നമുക്കു കഴിയുന്നതാണ്. അതിനുള്ള പ്രചോദനം എല്ലാവരിലും ഉണ്ടാകുമാറാകട്ടെ.

## പ്രസാധകക്കുറിപ്പുകൾ

### വിവാഹതകർച്ചയെപ്പററി ബ്രിട്ടനിൽ ഭയമുളവാകുന്നു

മററു ചില യൂറോപ്യൻരാജ്യങ്ങളിലെന്നവണ്ണം ബ്രിട്ടനിലും വിവാഹമോചനങ്ങൾ വർദ്ധമാനമായിക്കൊണ്ടിരിക്കുകയാണല്ലോ. അതേപ്പററി അന്വേഷണം നടത്തുന്നതിനു നിയമിക്കപ്പെട്ട "റോയൽ കമ്മീഷൻ" അതിന്റെ റിപ്പോർട്ടിൽ നൽകിയിരിക്കുന്ന വസ്തുതകൾ വിവാഹബന്ധത്തെപ്പററി ധാരാളം അബദ്ധസമ്പൂർണ്ണങ്ങളായ ആശയങ്ങൾ പ്രചരിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തു എല്ലാവരുടേയും സവിശേഷമായ ശ്രദ്ധയെ ആകർഷിക്കുന്നവയാണ്. വിവാഹജീവിതത്തിൽ ഏതെങ്കിലും അസ്വാസ്ഥ്യതയുണ്ടാകുമ്പോൾ ഉടനെതന്നെ വിവാഹമോചനത്തെ അതിനുള്ള പ്രതിവിധിയായി സ്വീകരിക്കുക എന്നൊരു മനോഭാവം ഇന്നു വളർന്നുവരികയാണെന്നും, അതിനെ നിയന്ത്രിക്കുന്നതിനു തക്ക നടപടികൾ സ്വീകരിക്കപ്പെടുന്നില്ലായെങ്കിൽ, ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിലുള്ള ആജീവനാന്തബന്ധമാണ് വിവാഹമെന്നുള്ള വിവാഹത്തിന്റെ ആശയംതന്നെ ശിഥിലമാകുന്നതിനു അപകടം അത്യാസന്നമായിരിക്കയാണെന്നുമാണ് റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കുന്നതു്. അപകടകരമായ പ്രസ്തുതാശയങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ലെങ്കിൽ സമുദായത്തിന്റെ പൊതുഗുണത്തിനുവേണ്ടി വിവാഹമോചനമെന്ന ഏർപ്പാടുതന്നെ നിരോധിക്കപ്പെടേണ്ട ഒരു സാഹചര്യം വന്നുചേരുന്നതാണെന്നാണ് കമ്മിററിയിലെ ചില അംഗങ്ങൾ അഭിപ്രായപ്പെട്ടിട്ടുള്ളതു്. കത്തോലിക്കരെ സംബന്ധിച്ച് ഇതൊരു പ്രശ്നമല്ല എന്നുള്ളതു് ശരിയാണ്. അവർക്കു ഇക്കാര്യത്തിൽ ഖണ്ഡിതമായ നിയമങ്ങളുണ്ട്. സ്റ്റേററിന്റെ നിയന്ത്രണമോ നിരോധനമോ അനുവാദമോ ഇക്കാര്യത്തിൽ അവർക്കു ബാധകമാകാൻ സാദ്ധ്യമല്ല. എങ്കിലും ഈ പ്രശ്നത്തെ സംബന്ധിച്ച സാമൂഹീകരംഗത്തിൽ അവർക്കൊരു കർത്തവ്യം നിർവ്വഹിക്കാനുണ്ട്. മനുഷ്യരെല്ലാം ദൈവത്തിന്റെ നിയമങ്ങൾ അനുഷ്ഠിക്കുന്നതിനു അവരെ പ്രേരിപ്പിക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്. സാമൂഹികസുസ്ഥിതിയെ പരിരക്ഷിക്കുന്നതിൽ തിരുസഭയുടെ 20 നൂററാണ്ടുകാലത്തെ പരിചയസമ്പത്തു് സ്റ്റേററുകൾക്കും ജനവിഭാഗങ്ങൾക്കും മാർഗ്ഗദർശകമാകത്തക്കവിധം യഥാർത്ഥതത്വങ്ങളേയും ആദർശങ്ങളേയും അവരെ പ്രബോധിപ്പിക്കുന്നതിനുള്ള സേവനം അനുഷ്ഠിക്കണം. സഹോദരങ്ങളുടേയും രാജ്യങ്ങളുടേയും അപകടകരമായ പുരോഗതിയെ അലസമായി വീക്ഷിക്കുന്നതു കൃത്യവിലോപവും പാതകവുമാണ്. ഈ ഉത്തരവാദിത്വത്തെ മനസ്സിലാക്കിയാണ് അന്വേഷണക്കമ്മീഷനു കത്തോലിക്കാ ആദർശങ്ങൾക്കനുസരിച്ച ഒരു മെമ്മോറാണ്ഡം തയാറാക്കി സമർപ്പിക്കണമെന്നു ഇംഗ്ലണ്ടിലേയും, വെയ്ത്സിലേയും, സ്കോട്ട്ലണ്ടിലേയും ഹയരാർക്കികൾ നിശ്ചയിക്കുകയും ബ്രിട്ടനിലെ കത്തോലിക്ക് യൂണിയൻ സംഘടനയെ അതിലേക്കു നിയോഗിക്കുകയും ചെയ്തതു്. റോയൽ കമ്മീഷൻ സസന്തോഷം സ്വീകരിക്കുകയും, അംഗീകരിക്കുകയും ചെയ്ത പ്രസ്തുത മെമ്മോറാണ്ഡത്തിൽ നൽകിയിരുന്ന പൊതുനിർദ്ദേശങ്ങൾ: 1. വിവാഹമോചനത്തിനു പരസ്പരസമ്മതമോ, ഒരു നിശ്ചിതകാലത്തിനുശേഷം പിരിയുന്നതിനുള്ള നിയമവ്യവസ്ഥയോ ഒരിക്കലും അംഗീകരിക്കപ്പെടരുതെന്നും, 2. സന്താനങ്ങൾ അവശേഷിക്കുന്ന ഒരു വിവാഹബന്ധമാണെങ്കിൽ, അവർ തമ്മിൽ പൊരുത്തപ്പെടുന്നതിനോ മാതാപിതാക്കളോ കോടതിയോ സന്താനങ്ങളുടെ സംരക്ഷണത്തിനു ആവശ്യമായ തീരുമാനങ്ങൾ ചെയ്യുന്നതിനോ വേണ്ട സാവകാശം നൽകാതെ വിവാഹമോചനം അനുവദിക്കപ്പെടരുതെന്നും; 3. വിവാഹങ്ങൾ തക്ക ആലോചനയോടും അന്വേഷണങ്ങളോടുംകൂടി നിർവ്വഹിക്കപ്പെടുന്നതിനു സഹായകമായ പ്രോത്സാഹനങ്ങളും സാമ്പത്തികസഹായങ്ങളും നൽകപ്പെടണമെന്നും; 4. വിവാഹത്തിനു ഒരു രജിസ്ട്രാരെയോ മതപുരോഹിതനെയോ സമീപിക്കുന്ന കക്ഷികൾക്കു സാവധാനം പരിചിന്തിച്ച ഒരു നിശ്ചയത്തിൽ എത്തിച്ചേരുന്നതിനാവശ്യമെന്നു കാണുന്ന സമയദൈർഘ്യം നൽകാതെ ധൃതഗതിയിൽ വിവാഹം നടത്തുന്ന രീതി നിരുത്സാഹപ്പെടുത്തണമെന്നുമാണ്. ചുരുക്കത്തിൽ വിവാഹത്തിന്റെ പരിപാവനതയേയും ദൈവം അതു സംബന്ധിച്ച് നൽകിയിട്ടുള്ള പ്രകൃത്യനുയോജ്യമായ നിയമങ്ങളേയും അവഗണിക്കുന്നതായാൽ മാനവസമുദായത്തിനു അതു വിനാശകാരണമാകാതെതരമില്ല.

* * *

### റഷ്യൻനേതാക്കന്മാരുടെ ഇംഗ്ലണ്ട് സന്ദർശനം

റഷ്യൻനേതാക്കന്മാരായ മാർഷൽ ബുൾഗാനിനും മി. ക്രൂഷ്ചേവും ബ്രിട്ടീഷ് ഗവർമ്മെൻറിന്റെ അതിഥികളായി ഇംഗ്ലണ്ട് സന്ദർശനാർത്ഥം അടുത്തയാഴ്ച എത്തിച്ചേരുന്നതാണല്ലോ. വിഭിന്നങ്ങളായ ആദർശാഭിപ്രായങ്ങൾ സ്വീകരിച്ചിരിക്കുന്ന വ്യത്യസ്തരാഷ്ട്രങ്ങളിലെ സമുന്നതനേതാക്കന്മാർ സന്ദർശനങ്ങൾ നടത്തുന്നതു് അവരുടെ ആദർശവ്യത്യാസങ്ങളെ പരസ്പരം മനസ്സിലാക്കുന്നതിനും സൗമനസ്യത്തോടും സൗഹാർദ്ദത്തോടുംകൂടി സഹവർത്തിത്വാശയത്തിൽ എത്തിച്ചേരുന്നതിനും സഹായിക്കുന്നതാണ്. എന്നാൽ റഷ്യയെപ്പോലെ ആദർശങ്ങളിൽ യാതൊരു വ്യതിയാനത്തിനും വഴിയില്ലാത്തതും ആധുനികജനകീയാഭിലാഷങ്ങൾക്കു കടകവിരുദ്ധമായ ലോകത്തിന്റെ ഏകച്ഛത്രാധിപത്യത്തിനുവേണ്ടിമാത്രം നിലകൊള്ളുന്നതുമായ ഒരു രാഷ്ട്രത്തിന്റെ നേതാക്കന്മാർ ഈവിധ സന്ദർശനങ്ങൾ നടത്തുന്നതുകൊണ്ട് ഉദ്ദിഷ്ടലക്ഷ്യം സാദ്ധ്യമാവുകയില്ലെന്നു മാത്രമല്ല അതു കമ്മ്യൂണിസ്റ്റു വിഷപങ്കിലമായ ആദർശങ്ങളെ പ്രദർശിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള ഒരവസരമായി തീരാറുമുണ്ട്. അതുകൊണ്ടാണ് റഷ്യൻനേതാക്കന്മാരുടെ സന്ദർശനങ്ങളെ സ്വതന്ത്രരാജ്യങ്ങളിലെ പലജനങ്ങൾ പ്രതിഷേധിക്കുന്നതായി കാണുന്നതു്. പക്ഷെ സംഗതിവശാൽ ഒരു സ്റ്റേററിന്റെ അതിഥിയായിവരുന്ന വ്യക്തിയെ അനാദരിക്കുകയോ പ്രതിഷേധപ്രകടനങ്ങൾ അദ്ദേഹത്തിനെതിരായി നടത്തുകയോ ചെയ്യുന്നതു വേറൊരു വിഷമമാണ്. ഈദൃശമായ ഒരു വിഷമസന്ധിയായിരുന്നുവല്ലോ അടുത്ത അവസരത്തിൽ ഇന്ത്യയിൽ നാം നേരിടേണ്ടിവന്നതു്. ഈ വിഷമസന്ധിയിലാണ് ബ്രിട്ടീഷ്പൗരന്മാർ ഇപ്പോൾ എത്തിച്ചേർന്നിരിക്കുന്നതു്. അതുകൊണ്ടാണ് രാഷ്ട്രീയബോധത്തിൽ വളരെ മുന്നണിയിൽ നില്ക്കുന്ന അവിടത്തെ പൗരാവലി അപകടരഹിതമായി അതിനെ തരണംചെയ്യുന്നതിനു മാർഗ്ഗങ്ങൾ ആരായുവാൻ നിർബന്ധിതരായിരിക്കുന്നതും. അവിടത്തെ കത്തോലിക്കാവിഭാഗം കൈക്കൊള്ളേണ്ട നിലപാടിനെപ്പററി ഇംഗ്ലണ്ടിലേയും വെയിത്സിലേയും മെത്രാപ്പോലീത്താമാരും മെത്രാന്മാരുംചേർന്ന് ജനങ്ങളെ ഉൽബോധിപ്പിക്കുകയും അവർ അനുഷ്ഠിക്കേണ്ട കാര്യങ്ങളെപ്പററി നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. വിപത്തുകളെ തടയുന്നതിനും രാജ്യത്തിന്റെ അന്തസ്സിനും പാരമ്പര്യങ്ങൾക്കും ഹാനി ഭവിക്കാതിരിക്കുന്നതിനും പററിയ നിർദ്ദേശങ്ങളാണ് അവർ നൽകിയിട്ടുള്ളതു്. ദൈവത്തിന്റെ അനുഗ്രഹങ്ങൾക്കായി ഒരു പ്രത്യേകപ്രാർത്ഥനാദിനം നാടൊട്ടുക്കെ ആചരിക്കുന്നതിനു ഏപ്രിൽ 8-ാംനു ഞായറാഴ്ച നിശ്ചയിക്കുകയും അന്നു ദേവാലയകർമ്മങ്ങളി-

ൽ പങ്കെടുത്തു ഒരു പ്രാർത്ഥനാസമരം നടത്തുന്നതിനുവേണ്ട പരിപാടികൾ നിർദ്ദേശിക്കുകയും ചെയ്തിരിക്കയാണ്. സന്ദർശനാവസരങ്ങളിൽ കത്തോലിക്കരെല്ലാം അന്തസ്സായും ആത്മനിയന്ത്രണത്തോടുകൂടിയും വർത്തിക്കണമെന്നു ശുപാർശചെയ്തിരിക്കുന്നു. ഏതുവിധം ക്രിസ്ത്യാനികൾക്കു അവശ്യം സങ്കടകരവും ക്ഷോഭജനകവുമായ പ്രസ്തുത സന്ദർശനപരിപാടികൾ ദൈവാനുഗ്രഹത്താൽ പ്രത്യാശാപൂർണ്ണവും സന്ദർശകർക്കു ബോധജനകവുമായി പരിണമിപ്പിക്കുന്നതിനാണ് അവർ ശ്രമിക്കുന്നതു്. കമ്മ്യൂണിസ്റ്റ് ഭരണത്തിനു വിധേയമായിട്ടുള്ള രാജ്യങ്ങളിൽ അസ്വാതന്ത്ര്യം മൂകതമാക്കപ്പെട്ടിരിക്കുന്ന ക്രിസ്തീയ സഹോദരങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും ഈ അവസരം വിനിയോഗിക്കപ്പെടണമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. കമ്മ്യൂണിസ്റ്റു രാജ്യങ്ങളിലും മതസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടുണ്ടെന്നു കമ്മ്യൂണിസ്റ്റുകൾ സാധാരണയായി നടത്തുന്ന പ്രചാരണത്തെപ്പറ്റി പ്രസ്താവിക്കുന്ന ഭാഗം പ്രത്യേകം ശ്രദ്ധാർഹമാണ്: "സോവ്യറ്റു" രാജ്യങ്ങളിൽ മതത്തിനു പരിപൂർണ്ണ സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടുണ്ടെന്നു പറയുന്നവരുണ്ട്. അവരെ നിങ്ങൾ വിശ്വസിക്കരുതു്. മതസ്വാതന്ത്ര്യത്തെ അനുവദിക്കുന്ന നിയമഭാഗങ്ങളും അതിനുറപ്പുനൽകുന്ന വ്യവസ്ഥകളും എടുത്തു കാണിക്കുന്നതിനു കമ്മ്യൂണിസ്റ്റുകൾക്കു വിഷമമുണ്ടാവുകയില്ല. എന്നാൽ സ്വാതന്ത്ര്യത്തിന്റെ മാനദണ്ഡം എഴുതപ്പെട്ടിട്ടുള്ള നിയമങ്ങളല്ല; അവ എങ്ങനെ പാലിക്കപ്പെടുന്നുവെന്നുള്ള വസ്തുതയാണ്. കമ്മ്യൂണിസം പ്രാബല്യത്തിലിരിക്കുന്ന ഓരോ രാജ്യത്തും ക്രിസ്തുവിന്റെ സഭ ഇരുമ്പുചങ്ങലകളാൽ ബന്ധിക്കപ്പെട്ടിരിക്കുകയാണ്. പീഡനരീതികൾ ചിലപ്പോൾ പരസ്യങ്ങളാകാം ചിലപ്പോൾ രഹസ്യങ്ങളാകാം, ചിലപ്പോൾ മയമുള്ളവയാകാം ചിലപ്പോൾ മൃഗീയത നിറഞ്ഞതാകാം. ഏതായാലും അതു എവിടെയും തുടർന്നുകൊണ്ടിരിക്കുകതന്നെ ചെയ്യും. നമുക്കു ദൈവത്തോടും ബന്ധിതരായ എല്ലാ ദൈവമക്കളോടും ഒരു കർത്തവ്യം നിർവ്വഹിക്കുവാനുണ്ട്. നാം സ്വരമുയർത്തണം. അടുത്ത ഏതാനും വാരങ്ങളിൽ പൂർവ്വയൂറോപ്പിലുള്ള ജനങ്ങളോട് റേഡിയോവഴിയും പ്രസിദ്ധീകരണങ്ങൾവഴിയും ഒരു ക്രിസ്ത്യൻരാജ്യം ദൈവശത്രുക്കൾക്കു നൽകുന്ന സ്വീകരണത്തെപ്പറ്റി നാം സംസാരിക്കണം. അതവർ കേൾക്കുമ്പോൾ—കേൾക്കാതിരിക്കുകയില്ല—അവർക്കാശ്വാസകരമാകും, അവർക്കുവേണ്ടി ഇവിടത്തെ കത്തോലിക്കർ സ്വരമുയർത്തുന്നുവെന്നുള്ളതുകൊണ്ട്. സമരമനോഭാവത്തോടുകൂടിയ നിരീശ്വരവാദികളും ദൈവവിശ്വാസികളും തമ്മിൽ യഥാർത്ഥമായ ഒരു സഹവർത്തിത്വം സാദ്ധ്യമല്ല എന്നു പരിശുദ്ധ മാർപ്പാപ്പാതന്നെ ലോകത്തിനു മുന്നറിവു നൽകിയിട്ടുള്ളതാണല്ലോ. ദൈവത്തിന്റെ സഭയെ നശിപ്പിക്കുകയെന്നതാണ് അവരുടെ ലക്ഷ്യം. നമ്മുടെ ലക്ഷ്യമോ എന്നാൽ നശിപ്പിക്കുവാനല്ല, പ്രത്യുത അവർ പരിത്യജിച്ചിരിക്കുന്ന ക്രിസ്തുവിലേക്കു അവരെ പ്രത്യാനയിപ്പിക്കുന്നതിനാണ്. നമ്മുടെ വാക്കുകൾ യുദ്ധത്തിന്റെ ഭാഷയല്ല, പ്രത്യുത സമാധാനത്തിന്റേതാണ്. നശീകരായുധങ്ങൾകൊണ്ടു കീഴടക്കുവാനല്ല നമ്മുടെ ലാക്ക്, നേരെമറിച്ചു ദൈവവചനമാകുന്ന പരിശുദ്ധാത്മാവിന്റെ ആയുധംകൊണ്ടു വിജയിക്കുവാനത്രെ."

കമ്മ്യൂണിസത്തോടും അതിന്റെ പ്രവർത്തനരീതികളോടും കത്തോലിക്കർ യോജിച്ചുപോകുവാൻ കഴിയാത്തതിന്റെ മൂലകാരണങ്ങൾ ഇതിൽ സ്പഷ്ടമായി കാണാവുന്നതാണല്ലോ.

# എം. സി. എസ്സ്. എൽ.

## സമ്മർക്യാമ്പും ലീഡർഷിപ്പ് കോഴ്സും

പ്രൊഫസർ പി. റ്റി. തോമസ് (പ്രസിഡന്റ്)

കേരള കത്തോലിക്കാ വിദ്യാർത്ഥിസഖ്യ(M. C. S. L.)ത്തിന്റെ ആഭിമുഖ്യത്തിൽ 1956 ഏപ്രിൽ 30 മുതൽ മേയ് 5 വരെ ഒരു ലീഡർഷിപ്പ്കോഴ്സും അതേത്തുടർന്നു മേയ് 5 മുതൽ 10 വരെ ഒരു സമ്മർക്യാമ്പും മാന്നാനം സെന്റ് എഫ്രേംസ് ഹൈസ്കൂളിൽവച്ചു നടത്തുന്നതാണെന്നും അതിനുള്ള പ്രവേശനാപേക്ഷകൾ മാർച്ച് 30-ാം തീയതിക്കുമുൻപായി അയക്കേണ്ടതാണെന്നും കാണിച്ച് ഒരു വിജ്ഞാപനം ഇതിനുമുൻപു പ്രസിദ്ധംചെയ്തിരുന്നു. അതനുസരിച്ചു പല അപേക്ഷകളും ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഈദൃശകാര്യങ്ങളിൽ സാധാരണയായി കണ്ടുവരാറുള്ള സമയനിഷ്ഠക്കുറവുകൊണ്ടായിരിക്കാം, പല ഹൈസ്കൂളുകളിൽനിന്നും ഇതുവരെയും അപേക്ഷകൾ അയക്കാതിരുന്നിട്ടുള്ളതു്. മുൻപ്രസ്താവനയിൽ കാണിച്ചിരുന്ന അപേക്ഷാതീയതി (മാർച്ച് 30) കഴിഞ്ഞുവെങ്കിലും ക്യാമ്പിലും ലീഡർഷിപ്പ്കോഴ്സിലും സംബന്ധിക്കുവാൻ ഉദ്ദേശിക്കുന്നവർ ഇനിയും ഒട്ടും വൈകാതെ അപേക്ഷകളയച്ചു പേരു രജിസ്റ്റർ ചെയ്യിക്കണമെന്നു താല്പര്യപൂർവ്വം അനുസ്മരിപ്പിക്കുന്നു.

ലീഗിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഈ പ്രസ്ഥാനങ്ങൾക്കു കേരളത്തിലെ കത്തോലിക്കാ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം പ്രത്യേകമായ ഒരു പ്രാധാന്യവും പ്രയോജകത്വവും ഉണ്ടെന്നുള്ള കാര്യം രക്ഷാകർത്താക്കളും വിദ്യാലയാധികൃതരും അനുസ്മരിച്ചു കഴിയുന്നിടത്തോളം കൂടുതൽ വിദ്യാർത്ഥിവിദ്യാർത്ഥിനികൾ ഇവയിൽ സംബന്ധിക്കുന്നതിനു് ആവശ്യമായ എല്ലാ പ്രോത്സാഹനങ്ങളും നല്കണമെന്നഭ്യർത്ഥിക്കുന്നു.

ലീഡർഷിപ്പ്കോഴ്സിലും സമ്മർക്യാമ്പിലും സംബന്ധിക്കുന്ന ഓരോ വിദ്യാർത്ഥിക്കും, രണ്ടിനുംകൂടി 15 രൂപയാണു് ഫീസ് നിശ്ചയിച്ചിരിക്കുന്നതു്. ഈ തുക മാനേജ്മെന്റിൽനിന്നും നല്കി ഓരോ വിദ്യാർത്ഥിയെ വീതം അയക്കാമെന്നു്, പല സ്കൂൾമാനേജരന്മാരും സമ്മതിച്ചിട്ടുണ്ടെന്നുള്ള വിവരം സന്തോഷസമേതം പ്രസ്താവിച്ചുകൊള്ളുന്നു. മറ്റു വിദ്യാലയാധികൃതരും ഈദൃശമായ സഹായം നൽകി ലീഡർഷിപ്പ്കോഴ്സിനെ വിജയിപ്പിക്കണമെന്നു അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ക്യാമ്പിൽ സംബന്ധിക്കുവാൻ വരുന്ന വിദ്യാർത്ഥിവിദ്യാർത്ഥിനികളുടെ താമസം, ഭക്ഷണം, പഠനം, കലാപരിശീലനം എന്നിവയ്ക്കുവേണ്ടിയുള്ള സജ്ജീകരണങ്ങൾ കാലേകൂട്ടി ചെയ്യേണ്ടതു് ആവശ്യമാകയാൽ അപേക്ഷകൾ അയച്ചു പേരു രജിസ്റ്റർ ചെയ്യിക്കുന്നതിൽ ഇനിയും ഒട്ടും അമാന്തിക്കരുതെന്നും പ്രത്യേകം അനുസ്മരിപ്പിക്കുന്നു. ക്യാമ്പിലും ലീഡർഷിപ്പ്കോഴ്സിലും സംബന്ധിക്കേണ്ടവർ അവരുടെ പേരും, അവധിക്കാലത്തെ മേൽവിലാസവും, സ്കൂൾ അധികൃതർമുഖേന, റവ. ഫാദർ കോൺസ്റ്റൻറയിൻ ടി. ഒ. സി. ഡി. സെന്റ് ജോസഫ്സ് ആശ്രമം, മാന്നാനം എന്ന മേൽവിലാസത്തിൽ ഉടൻതന്നെ അയച്ചുകൊടുക്കേണ്ടതാണ്. എന്നാൽ ലീഡർഷിപ്പ്കോഴ്സിൽ സംബന്ധിക്കുവാനായി വരുന്ന വിദ്യാർത്ഥികൾ അവരവരുടെ സ്കൂളിലെ ഹെഡ്മാസ്റ്ററുടേയോ മാനേജരുടേയോ പക്കൽനിന്നും ലീഡർഷിപ്പ്കോഴ്സിലേക്കായി അവരെ അയക്കുന്നുവെന്ന വിവരത്തിനുള്ള കത്തുകൾ കൂടി കൊണ്ടുപോരേണ്ടതാണ്. ക്യാമ്പുസംബന്ധമായ എല്ലാ കത്തിടപാടുകളും അതിന്റെ കൺവീനറായ റവ. ഫാദർ കോൺസ്റ്റൻറയിനുമായിട്ടുവേണം നടത്തുവാൻ.

ക്യാമ്പിനോടനുബന്ധിച്ചു് എല്ലാ ദിവസവും നടത്തപ്പെടുന്ന കലാപരിപാടികളിൽ പ്രദർശിപ്പിക്കുവാൻ പറ്റിയ പ്രഹസനങ്ങൾ, ഏകാങ്കനാടകങ്ങൾ, ഗീതങ്ങൾ മുതലായവ അടങ്ങിയ പുസ്തകങ്ങളോ, കൈയെഴുത്തുപ്രതികളോ ലഭിക്കാവുന്നിടത്തോളം ശേഖരിച്ചുകൊണ്ടുപോരേണ്ടതാണ്. കൂടാതെ ഓരോ സ്കൂളിൽനിന്നും വരുന്ന വിദ്യാർത്ഥിവിദ്യാർത്ഥിനികൾ ഒറ്റയ്ക്കോ സംഘംചേർന്നോ പ്രദർശിപ്പിക്കാവുന്ന ചില കലാപരിപാടികൾ നേരത്തെ അഭ്യസിച്ചുകൊണ്ടുവരുന്നതും വളരെ പ്രയോജനകരമായിരിക്കും.

കേരളത്തിലെ എല്ലാ കത്തോലിക്കാ ഹൈസ്കൂൾ വിദ്യാർത്ഥിവിദ്യാർത്ഥിനികളേയും മാന്നാനം ക്യാമ്പിലേക്കു സസന്തോഷം ക്ഷണിച്ചുകൊള്ളുന്നു.

## ജപാപ്പുസ്തോലസഖ്യത്തിന്റെ ഏപ്രിൽമാസത്തെ പൊതുനിയോഗം

"വൈദികാന്തസ്സിലേക്കും സന്യാസാന്തസ്സിലേക്കുമുള്ള ദൈവവിളിയേയും അതിന്റെ മാഹാത്മ്യത്തേയും സംബന്ധിച്ചു വൈദികർക്കും വിശ്വാസികൾക്കും ശരിയായ അറിവുണ്ടാകുന്നതിനു്."

## വേദപ്രചാരനിയോഗം

"കൊറിയായിൽ മിഷനറിമാരുടെ എണ്ണം വർദ്ധിക്കുന്നതിനു്"

## അടുത്തയാഴ്ചയിൽ

ഏപ്രിൽ
12 വ്യാ: വി. ഇസിദോർ
13 വെ: വി. ഹെർമെനെഗിൽദോസ്
14 ശ: വി. തിബൂർത്തിയൂസും കൂട്ടരും
15 ഞാ: ഉയിർപ്പ് 2-ാം ഞായർ
16 തി: വി. വിൻസന്തിയോസ്
17 ചൊ: വി. അനിസേത്തൂസ്
18 ബു: വി. അൽബെർത്തൂസ്


SACRED HEART COLLEGE, THEVARA
(University of Madras)

The Pre-University course will commence working from June 11, 1956. The college offers the following courses of studies.

Part I. 1. English.
2. Malayalam, Hindi, Sanskrit, Syriac, Latin.

All applicants should offer English and any one of the other languages from Part I.

Part II 1. Mathematics, Physical Science & World History.
2. Natural Science, Physical Science & World History.
3. Mathematics, Natural Science & World History.

Applicants should offer any one of the above groups from part II and any one of the subjects mentioned below.

Elements of Commerce, Logic, Advanced English, Advanced Malayalam, Advanced Hindi, Advanced Sanskrit, Advanced Syriac or Advanced Latin.

Application forms and Prospectus can be obtained from the Principal on payment of Rs. 2/-

Principal.


വാരാന്ത്യവീക്ഷണം

# ഈജിപ്റ്റും റഷ്യയും

ഈജിപ്റ്റും റഷ്യയുമായി കുറച്ചുകാലമായിട്ടു വളരെ സൗഹാർദ്ദത്തിലാണ് കഴിയുന്നതു്. ഒരു റഷ്യൻ ഉപഗ്രഹരാജ്യമായ ചെക്കോസ്ലോവാക്കിയായിൽ നിന്നും ഈജിപ്റ്റിനു് ആയുധങ്ങൾ കിട്ടിത്തുടങ്ങിയ നാൾമുതൽ ഈ സൗഹാർദ്ദം വർദ്ധിച്ചുവരികയാണ്. ഈജിപ്റ്റിനു് യുറേനിയം നൽകാമെന്നും ആററംശക്തികേന്ദ്രങ്ങൾ നിർമ്മിച്ചുകൊടുക്കാമെന്നും റഷ്യ ഇപ്പോൾ വാഗ്ദാനം ചെയ്തിരിക്കയാണ്. ഇതിനു പകരം പരുത്തിയും മററുല്പന്നങ്ങളും ഈജിപ്റ്റു റഷ്യക്കു നൽകുന്നതാണ്. ഈജിപ്റ്റിന്റെ ശക്തി വർദ്ധിച്ചുവരുന്നതിൽ ഇസ്രായേലിനു ആശങ്കയുണ്ടാകാതെ തരമില്ല. ആററംഗവേഷണത്തിൽ ഇസ്രായേൽ വളരെ പുരോഗമിച്ചിട്ടുണ്ടെന്നാണ് പറയപ്പെടുന്നതു്. റഷ്യയുടെ പുതിയ പുറപ്പാടു് ഇസ്രായേലിൽ പ്രത്യാഘാതങ്ങളുണ്ടാക്കുമെന്നുള്ളതു് നിശ്ചയമാണ്. ഇസ്രായേലിനു് ആററംഗവേഷണങ്ങളിൽ സഹായം നൽകണമെന്നു് അമേരിക്കയിലെ യഹൂദകേന്ദ്രങ്ങൾ വാദിച്ചുകൊണ്ടിരിക്കുന്നതു്. സാങ്കേതികപരിജ്ഞാനത്തിൽ ഇസ്രായേലിലെ പാശ്ചാത്യയഹൂദർ ഈജിപ്റ്റുകാരേക്കാൾ സമർത്ഥന്മാരാണ്. ഇസ്രായേലിനു അണുവായുധങ്ങൾ ഉണ്ടാക്കുന്നതിനു സാധിക്കാതിരിക്കുന്നതു് അതിനുള്ള സാങ്കേതിക പരിജ്ഞാനമില്ലാഞ്ഞിട്ടല്ലെന്നും ദുർവഹമായ ധനവ്യയം ആവശ്യമുള്ളതുകൊണ്ടാണെന്നുമാണ് പറയപ്പെടുന്നതു്. ഏതായാലും ഈജിപ്റ്റിൽ അണുഗവേഷണങ്ങൾ നടക്കുമ്പോൾ ഇസ്രായേൽ വെറുതെയിരിക്കുമെന്നു വിചാരിച്ചുകൂടാ. അറബിരാജ്യങ്ങളും ഇസ്രായേലും തമ്മിലുള്ള സംഘർഷാവസ്ഥക്കു അവസാനമുണ്ടാകാതെ മദ്ധ്യപൂർവ്വപ്രദേശങ്ങളിലേക്കു ആയുധങ്ങൾ കയററി അയയ്ക്കരുതെന്നുള്ള ഒരു നയമായിരുന്നു പാശ്ചാത്യരാഷ്ട്രങ്ങൾ അടുത്തകാലംവരെ സ്വീകരിച്ചിരുന്നതു്. എന്നാൽ റഷ്യയുടെ ഇടപെടൽകാരണം പാശ്ചാത്യരാഷ്ട്രങ്ങൾ ഈ നയത്തിൽ മാററം വരുത്തിയിട്ടുണ്ട്. ബ്രിട്ടനും അമേരിക്കയും ഇപ്പോൾ ഇസ്രായേലിനു് ആയുധങ്ങൾ നൽകുന്നുണ്ടെന്നു പറയപ്പെടുന്നു. റഷ്യയും ഈജിപ്റ്റുമായി കഴിഞ്ഞ കൊല്ലം ആരംഭിച്ച സൗഹാർദ്ദബന്ധങ്ങൾ മദ്ധ്യപൂർവ്വപ്രദേശങ്ങളിലെ സ്ഥിതിഗതികൾക്കു മൊത്തത്തിൽ വലിയ മാററങ്ങൾ വരുത്തിയിട്ടുണ്ട്. മദ്ധ്യപൂർവ്വപ്രദേശങ്ങളിൽ റഷ്യയുമായിട്ടുള്ള ഒരു പരസ്പരധാരണ പാശ്ചാത്യരാഷ്ട്രങ്ങൾക്കു ആവശ്യമായിത്തീർന്നിട്ടുണ്ട്.

## കാഷ്മീർപ്രശ്നം

കാഷ്മീർപ്രശ്നം പാകിസ്ഥാന്റെ ഹൃദയത്തിൽ എങ്ങനെ സ്പർശിച്ചിട്ടുണ്ടെന്നു തനിക്കു ബോദ്ധ്യമായെന്നു് റഷ്യൻ ഡെപ്യൂട്ടി പ്രധാനമന്ത്രി മി. മിക്കോയൻ ഈയിടെ കറാച്ചിയിൽവച്ചു പറയുകയുണ്ടായി. പാകിസ്ഥാന്റെ വിദേശനയത്തിന്റെ പ്രധാനലക്ഷ്യംതന്നെ ജമ്മു-കാഷ്മീർ കൈയടക്കണമെന്നുള്ളതാണ്. അമേരിക്കയുമായി സൈനികക്കൂട്ടുകെട്ടിനു പോയതും ബാഗ്ദാദ് സഖ്യത്തിലും സീയാറ്റോ സഖ്യത്തിലും ചേർന്നതും കാഷ്മീറിനെ ഉന്നംവച്ചുകൊണ്ടു തന്നെയാണ്. ഇപ്പോൾ കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന അതിർത്തിസംഘട്ടനങ്ങളുടെയും അടിസ്ഥാനകാരണം കാഷ്മീർപ്രശ്നംതന്നെയാണ്. കാഷ്മീർകാര്യം ഇപ്പോഴും ഐക്യരാഷ്ട്രസംഘടനയുടെ പരിഗണനയിൽ ഇരിക്കയാണ്. അമേരിക്കയുടെ പിന്തുണവഴിയായിട്ട് ഐക്യരാഷ്ട്രസംഘടനയിൽനിന്നും തങ്ങൾക്കനുകൂലമായ ഒരു തീരുമാനം കിട്ടിയേക്കാമെന്നു് പാകിസ്ഥാനു് അല്പം പ്രത്യാശ ഇപ്പോഴുമുണ്ടെന്നു തോന്നുന്നുണ്ട്. "വീറേറാ" അധികാരമുള്ള റഷ്യ ഇക്കാര്യത്തിൽ ഇന്ത്യയുടെ ഭാഗത്തായതുകൊണ്ടു് ഐക്യരാഷ്ട്രസംഘടനയിൽനിന്നും പാകിസ്ഥാനനുകൂലമായ ഏതെങ്കിലും തീരുമാനമുണ്ടാകുവാൻ ഇടയില്ല. ഈ സാഹചര്യങ്ങളിൽ നൈരാശ്യം ബാധിച്ചിട്ടുള്ള പാകിസ്ഥാൻ ഭരണകർത്താക്കൾ ഒരാക്രമണത്തിനു പുറപ്പെട്ടേക്കാമെന്നു് ഇന്ത്യയിൽ ചില കേന്ദ്രങ്ങളിൽ ആശങ്കയുണ്ടായിട്ടുണ്ട്. കാഷ്മീർപ്രശ്നത്തിൽ ഇന്ത്യയുടെ ഉറച്ച നിലപാടെന്താണെന്നു് പ്രധാനമന്ത്രി മി. നെഹ്റു ലോകസഭയിൽ ചെയ്ത ഒരു പ്രസംഗത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. പാകിസ്ഥാൻ കൈയടക്കിവച്ചിരിക്കുന്ന ജമ്മു-കാഷ്മീരിന്റെ ഭാഗങ്ങളിൽനിന്നും അവർ വിട്ടൊഴിയാതെ ഹിതപരിശോധനയുടെ കാര്യം പറയുന്നതു് അപ്രസക്തമാണെന്നു് അദ്ദേഹം പ്രസ്താവിച്ചു. ചുരുക്കത്തിൽ എന്തെല്ലാം ഭീഷണികൾ പ്രയോഗിച്ചാലും പാകിസ്ഥാൻ കാഷ്മീർമണ്ണിൽനിന്നും വിട്ടുമാറാതെ ഒരു ഹിതപരിശോധനയെപ്പററി ഇന്ത്യ ആലോചിക്കുന്നതല്ല. ഒരു നിർബന്ധമാദ്ധ്യസ്ഥത്തിന്റെ കാര്യത്തിലാണെങ്കിൽ ഇന്ത്യയെ

മൗലികമായി സ്പർശിക്കുന്ന ഈ പ്രശ്നത്തിൽ ഒരു വിദേശശക്തിയുടെ മാദ്ധ്യസ്ഥതീർമാനം സ്വീകരിക്കാൻ ഇന്ത്യ തയ്യാറില്ല. ഇന്ത്യയുടെ നിലയെന്താണെന്നു സംശയത്തിനവകാശമില്ലാത്ത ഭാഷയിൽ പ്രധാനമന്ത്രി വിശദീകരിച്ചിട്ടുണ്ട്. പാകിസ്ഥാൻ ഈ വിശദീകരണം കേട്ടുകൊണ്ട് സമാധാനമായിരിക്കുമെന്നു വിചാരിച്ചുകൂടാ. ഇന്ത്യാ-പാകിസ്ഥാൻ അതിർത്തികളിലെ സംഘർഷാവസ്ഥ വർദ്ധിച്ചുകൊണ്ടിരിക്കാനാണു സാദ്ധ്യമുള്ളത്. അമേരിക്കാ പാകിസ്ഥാനുനൽകുന്ന സൈനികസഹായത്തിനു ഇതിൽ ഉത്തരവാദിത്വമുണ്ട്.

കാശ്മീർ പ്രശ്നത്തിൽ ഇനിയും ഒരു ഹിതപരിശോധനയെപ്പററി ആലോചിക്കേണ്ടയാവശ്യമില്ലെന്നു ഇന്ത്യൻ പ്രധാനമന്ത്രി മി. നെഹ്റു ഈയിടെ പ്രസ്താവിക്കയുണ്ടായി. മി. നെഹ്റു ആദ്യമായിട്ടാണു ഇങ്ങനെ ഇറന്നുപറഞ്ഞതു്. 1947-ൽ കാശ്മീർ മഹാരാജാവു് ഒപ്പിട്ട ഒരു പ്രമാണപ്രകാരം കാശ്മീർ ഇന്ത്യയോടു ചേർന്നപ്പോൾ ഈ പ്രശ്നം സംബന്ധിച്ചു് ഒരു ഹിതപരിശോധന നടത്താമെന്നു ഇന്ത്യ വ്യക്തമാക്കിയിരുന്നു. ഒരു ഹിതപരിശോധന നടത്തേണ്ടതാണെന്നു ഐക്യരാഷ്ട്രസംഘടനയുടെ രക്ഷാസമിതിയും നിർദ്ദേശിച്ചിരുന്നു. പാകിസ്ഥാൻ സൈന്യങ്ങൾ ഇതിനിടയിൽ കാശ്മീരിൻെറ മൂന്നിലൊരു ഭാഗം കൈയടക്കിയിരുന്നു. പാകിസ്ഥാൻ സൈന്യങ്ങൾ കാശ്മീരിൽനിന്നും പിൻവലിക്കപ്പെട്ടാലുടൻ ഹിതപരിശോധന നടത്തുന്നതാണെന്നു ഇന്ത്യ പല പ്രാവശ്യം ആവർത്തിച്ചു പറഞ്ഞിരുന്നു.

---

വിശുദ്ധ യൗസേപ്പുപിതാവിൻേറയും വിശുദ്ധ റീത്തായുടേയും മദ്ധ്യസ്ഥതയാൽ ഏററവും അസാദ്ധ്യമെന്നു കരുതിയിരുന്ന ഒരു കാര്യം സാധിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

V. A. Panjikkaran

---

എന്നാൽ പാകിസ്ഥാൻ സൈന്യങ്ങൾ ഇതുവരെ പിൻവലിക്കപ്പെട്ടിട്ടില്ല. ഇതിനിടയിൽ കാശ്മീരിലെ ജനങ്ങൾ ഒരു ഭരണഘടനാ നിർമ്മാണസഭയെ തിരഞ്ഞെടുക്കയുണ്ടായി. യഥാർത്ഥത്തിൽ ഇതു ഒരു ഹിതപരിശോധനതന്നെയായിരുന്നു. ഇന്ത്യൻ ലയനത്തോടു അനുകൂലിച്ചവരും എതിർത്തവരും തിരഞ്ഞെടുപ്പിനു നിന്നിരുന്നെങ്കിലും ലയനാനുകൂലികളെയാണു ജനങ്ങൾ തിരഞ്ഞെടുത്തതു്. ഇന്ത്യൻ സൈന്യങ്ങൾ കാശ്മീരിലുള്ളതുകൊണ്ടാണു ജനങ്ങൾ ഇന്ത്യൻലയനത്തെ അനുകൂലിച്ചതെന്നാണു പാകിസ്ഥാൻ നേതാക്കന്മാർ പറയാറുള്ളതു്. പക്ഷെ ഇന്ത്യൻ സൈന്യങ്ങളെ കാശ്മീരിൽനിന്നും പിൻവലിക്കണമെന്നും പകരം ഐക്യരാഷ്ട്ര സംഘടനയുടെ സൈന്യമെന്ന പേരിൽ അമേരിക്കൻ സൈന്യത്തെ അവിടെ നിറുത്തണമെന്നും ആവശ്യപ്പെടാൻ സംഭവവശാൽ പാകിസ്ഥാനു അവകാശമില്ല. കാശ്മീർജനങ്ങൾ തിരഞ്ഞെടുത്ത ഭരണഘടനാനിർമ്മാണസഭ കാശ്മീരിൻെറ ഇന്ത്യൻ ലയനത്തെ അംഗീകരിച്ചിട്ടുണ്ട്. ഇപ്പോൾ ഇന്ത്യൻ പ്രധാനമന്ത്രിയുടെ അസന്നിഗ്ദ്ധമായ പ്രസ്താവനമൂലം കാശ്മീരിനെ സംബന്ധിച്ച അനിശ്ചിതാവസ്ഥ അവസാനിച്ചുവെന്നു വിചാരിക്കപ്പെടാവുന്നതാണു്. പാകിസ്ഥാൻ കാശ്മീർപ്രശ്നം വീണ്ടും ഐക്യരാഷ്ട്ര സംഘടനയിൽ ഉന്നയിക്കാൻ നിശ്ചയിച്ചിരിക്കയാണു്. കഴിഞ്ഞ എട്ടുവർഷക്കാലത്തിനുള്ളിൽ സാമ്പത്തികരംഗത്തു ഇന്ത്യയുടെ സഹായത്തോടുകൂടി വളരെ പുരോഗമിച്ചിട്ടുള്ള കാശ്മീരിലെ ജനങ്ങൾ പൊതുവെ പാകിസ്ഥാനിൽ ചേരുവാൻ ആഗ്രഹിക്കുന്നില്ല. അവർക്കു് അതിനു് ആഗ്രഹമില്ലാത്തിടത്തോളം കാലം പാകിസ്ഥാൻെറ ബന്ധുക്കൾക്കു പാകിസ്ഥാനെ സഹായിക്കുവാൻ സാദ്ധ്യവുമല്ല.

## ഇൻഡോ-ചൈന

ഇൻഡോ-ചൈനായിലെമൂന്നു രാജ്യങ്ങളിൽ ഒന്നായ ലാവോസിൽ ഏതാനും ദിവസങ്ങൾക്കു മുൻപു് ഒരു മന്ത്രിസഭ അധികാരത്തിൽ വന്നിട്ടുണ്ടു്. സൗവന്നഫൗമ രാജകുമാരനാണു പ്രധാനമന്ത്രി. അടുത്തകാലത്തു നടന്ന തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കിട്ടിയ കക്ഷിയുടെ നേതാവാണു സൗവന്നരാജകുമാരൻ. തൻെറ മന്ത്രിസഭ വിദേശനയത്തിൽ നിഷ്പക്ഷത പാലിക്കുമെന്നും പഞ്ചശീലതത്വങ്ങൾ അനുവർത്തിക്കുമെന്നും അദ്ദേഹം അധികാരമേറ്റപ്പോൾ പ്രസ്താവിക്കയുണ്ടായി. ലാവോസ്‌രാജ്യത്തിൻെറ ഉത്തരമേഖലയിൽ സൗവന്നായുടെ ഗവമ്മെൻറിനു് അധികാരം ലഭിച്ചിട്ടില്ല. അവിടെ പാത്തറ്റു് ലാവോസ് എന്ന പേരിൽ അറിയപ്പെടുന്ന ഒരു കമ്മ്യൂണിസ്റ്റു് സംഘടനയാണു ഭരിക്കുന്നതു്. ഇൻഡോ-ചൈനായിലെ മറെറാരു രാജ്യമാണു് കംബോഡിയാ. ഇവിടെ മുൻപു രാജാവായിരുന്ന സിഹാനൗക് രാജസ്ഥാനം ഉപേക്ഷിച്ചു് അദ്ദേഹത്തിൻെറ പിതാവിനെ രാജാവാക്കിയിട്ടു്, തിരഞ്ഞെടുപ്പിനു നിന്നു് നിയമസഭയിലെ ഭൂരിപക്ഷത്തിൻെറ നേതാവെന്ന നിലയിൽ പ്രധാനമന്ത്രിയായിത്തീർന്നു. സിഹാനൗക് കഴിഞ്ഞ ആഴ്ചയിൽ പ്രധാനമന്ത്രിസ്ഥാനം രാജിവയ്ക്കുകയുണ്ടായി. അദ്ദേഹത്തിൻെറ കക്ഷിയായ പോപ്പുലർ സോഷ്യലിസ്റ്റു് പാർട്ടിക്കു് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ദേശീയനിയമസഭയിലെ എല്ലാ സ്ഥാനങ്ങളും ലഭിച്ചിരുന്നു. സിഹാനൗക് വിദേശനയത്തെ സംബന്ധിച്ചിടത്തോളം നിഷ്പക്ഷത പാലിച്ചിരുന്നു. അമേരിക്കൻ പക്ഷവർത്തികളായ തായ്‌ലണ്ടും ദക്ഷിണവിയറ്റ്നാമും സാമ്പത്തികനിസ്സഹകരണാവും അതിർത്തികളിൽ ഉപരോധാവസ്ഥയും നടപ്പിൽ വരുത്തിയതുകൊണ്ടാണു് സിഹാനൗക് രാജിവച്ചതെന്നു പറയപ്പെടുന്നു. സിഹാനൗകിൻെറ അടുത്ത കരുനീക്കം എന്താണെന്നു നിശ്ചയിച്ചുകൂടാ. രാഷ്ട്രീയജീവിതത്തിൽനിന്നും പെട്ടെന്നു വിട്ടുപിരിഞ്ഞുപോകുന്ന തരക്കാരനല്ല സിഹാനൗക്. ദക്ഷിണവിയറ്റ്നാമിൽനിന്നും ഫ്റഞ്ചുസൈന്യങ്ങളെ പിൻവലിക്കാൻ ഫ്റാൻസ് തീരുമാനിച്ചിരിക്കയാണു്. ദക്ഷിണവിയറ്റ്നാമിൻേറയും ഉത്തരവിയറ്റ്നാമിൻേറയും ഏകീകരണത്തിനുവേണ്ടി ഹിതപരിശോധന നടത്തണമെന്നു് 1954-ൽ ജനീവാകോൺഫറൻസ് നിശ്ചയിച്ചിരുന്നതു് ദക്ഷിണവിയറ്റ്നാമിൻെറ എതിർപ്പുമൂലം ഇതുവരെ നടന്നിട്ടില്ല. ഹിതപരിശോധനയ്ക്കുമുൻപു് ഫ്റഞ്ചുസൈന്യം പിൻവലിക്കപ്പെട്ടാൽ വിയറ്റ്നാമിൽ വീണ്ടും യുദ്ധമുണ്ടാകുവാൻ സാദ്ധ്യമുണ്ടു്. മേൽനോട്ടക്കമ്മീഷൻെറ അദ്ധ്യക്ഷസ്ഥാനം വഹിക്കുന്ന ഇൻഡ്യാ ഈ പ്രശ്നം ദക്ഷിണവിയറ്റ്നാംഗവമ്മെൻറിൻെറ മുൻപിൽ ഉന്നയിച്ചിട്ടുണ്ടു്.

# പൊതുതിരഞ്ഞെടുപ്പും വോട്ടേഴ്സ്‌ലിസ്റ്റ് പരിഷ്കരണവും

ഇന്ത്യയിൽ അടുത്ത പൊതുതിരഞ്ഞെടുപ്പു 1957 ആരംഭത്തിൽ തന്നെ നടക്കുന്നതാണെന്നും അതു മാർച്ചുമാസം കടന്നുപോകുകയില്ലെന്നും പണ്ഡിററു നെഹ്റു അലഹബാദിൽവച്ചു ഒരു പ്രസ് കോൺഫറൻസിൽ വീണ്ടും പ്രസ്താവിച്ചിരിക്കുന്നു. നേരത്തെ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള രൂപത്തിൽ സംസ്ഥാനപുനസ്സംഘടന ഒക്ടോബർ 2-ാംനു-തന്നെ നടക്കുന്നതാണെന്നും അദ്ദേഹം വ്യക്തമാക്കി. ഈ തിരഞ്ഞെടുപ്പു മുമ്പു നടന്നിട്ടുള്ള തിരഞ്ഞെടുപ്പുകളിൽ വന്നുകൂടിയിട്ടുള്ള അപാകതകളെ ഒഴിവാക്കി ഏററവും വിജയപ്രദമായും രാജ്യശ്രേയസ്സിനനുയോജ്യമായും നിർവ്വഹിക്കുന്നതിനു പൗരസഞ്ചയം നേരത്തെ തയാറാകേണ്ടതാണു്. അതിൽ ഏററവും കൂടുതൽ പ്രാധാന്യമർഹിക്കുന്ന സംഗതിയാണു് വോട്ടേഴ്‌സ്‌ലിസ്റ്റു് ശരിപ്പെടുത്തുക. ഓരോ പൗരനും ഏററം വിലപ്പെട്ട വോട്ടവകാശം പ്രായോഗികമായി ലഭിക്കണമെങ്കിൽ അയാളുടെ പേർ ലിസ്റ്റിൽ ചേർത്തിരിക്കണം. ഈ ഏപ്രിൽ മാസമാണു് പരിഷ്കരിച്ച ലിസ്റ്റു് തയാറാക്കുന്ന അവസരം. 2-ാം തിയതി അതിൻെറ പ്രവർത്തനം സമാരംഭിച്ചുകഴിഞ്ഞു. അതുകൊണ്ടു കഴിഞ്ഞ സെൻസസിൽ പേരു ലിസ്റ്റിൽപെടാതെ പോയിട്ടുള്ളവരും അതിനുശേഷം 21 വയസ്സു പൂർത്തിയായിട്ടുള്ളവരും അവരുടെ പേരുകൾ പുതിയ ലിസ്റ്റിൽ ചേർക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ചേർത്തിട്ടുള്ള പേരുകളിൽതന്നെ എന്തെങ്കിലും തെററോ, അവ്യക്തതയോ, അപൂർണ്ണതയോ ഉണ്ടെങ്കിൽ അതു പരിഹരിച്ചു വോട്ടവകാശം ഭദ്രമാക്കുന്നതിനുള്ള അവസരവും ഇതാണു്. ലിസ്റ്റു് പരസ്യപ്പെടുത്തിയശേഷം ആക്ഷേപം ബോധിപ്പിച്ചു ലിസ്റ്റിൽ പേരു ചേർക്കുക എന്നുള്ളതു വ്യയസാദ്ധ്യവും കൂടുതൽ ബുദ്ധിമുട്ടുള്ളതുമാണെന്നു പ്രത്യേകം അനുസ്മരിക്കണം. അതുകൊണ്ടു ഈ അവസരത്തിൽ ഓരോ വ്യക്തികളും പൗരബോധത്തോടുകൂടി അവരവരുടെ വോട്ടവകാശം ഭദ്രമാക്കുന്നതിനും, സംഘടനകൾ മുൻനിന്നു അതതു സ്ഥലത്തെ ലിസ്റ്റുകൾ പൂർണ്ണമാക്കുന്നതിനു വേണ്ടവിധത്തിൽ ശ്രദ്ധിക്കുവാൻ അമാന്തം വിചാരിക്കരുതു്. പ്രജാധിപത്യഭരണത്തിൽ തിരഞ്ഞെടുപ്പു എത്ര പ്രാധാന്യമർഹിക്കുന്ന ഒരു നടപടിയാണെന്നും, വോട്ടേഴ്‌സ് ലിസ്റ്റു് അതിൻെറ അടിസ്ഥാനമാകയാൽ അതു ഏററവും കൃത്യമായിരിക്കേണ്ടതു എത്രമാത്രം ആവശ്യമാണെന്നും മനസ്സിലാക്കി യഥാവസരം ഉണർന്നു പ്രവർത്തിക്കേണ്ടതു് ജനകീയഭരണവിജയത്തിനു അനിവാര്യമാണു്.

---

***Thanksgiving***

for favours received by the help of St. Pius X. Excuse for the delay

G. Figueiredo

---

## ഇടവകവാർത്തകൾ

**കുടക്കച്ചിറ:** തലശ്ശേരി രൂപതാദ്ധ്യക്ഷൻ റൈററു് റവ. ഡോക്ടർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമേനി സ്വന്തം ഇടവകയായ കുടക്കച്ചിറ മാർച്ചു് 24-ാംനു- വന്നുചേരുകയും ഇടവകക്കാർ തിരുമേനിക്കു മംഗളപൂർവ്വകമായ ഒരു സ്വീകരണം നൽകുകയും ചെയ്തിരിക്കുന്നു. ശ്രീ തോമസ് കൊല്ലംപറമ്പിൽ ഹാരമണിയിച്ചശേഷം ബ. വൈദികരുടേയും ജനങ്ങളുടേയും അകമ്പടിയോടുകൂടി തിരുമേനി സ്വന്തഭവനത്തിലേക്കു ആനയിക്കപ്പെട്ടു. പ്രത്യേകം തയ്യാറാക്കിയിരുന്ന പന്തലിൽവച്ചു് തിരുമേനിയുടെ വാത്സല്യപിതാവു് ഒരു കുരിശും മാലയും അണിയിച്ചു സ്വീകരിച്ചു. കുശലപ്രശ്നങ്ങൾക്കുശേഷം ബഹുമാന്യാതിഥികൾക്കു് ഡിന്നർ നൽകുകയും ഗ്രൂപ്പുഫോട്ടോയ്ക്കുശേഷം 4 മണിയോടുകൂടി കുടക്കച്ചിറപ്പള്ളിയിലേക്കു തിരിക്കുകയും ചെയ്തു വി. അന്തോനീസിൻെറ കപ്പേളയുടെ മുൻവശത്തുവച്ചു തിരുമേനിക്കു ബ. വികാരി അച്ചൻ സ്വീകരിച്ചു സമ്മാനിച്ചു ഇംഗ്ലീഷ് ഹൈസ്കൂളിൽവച്ചു നടന്ന അനുമോദനയോഗത്തിൽ വികാരി റവ ഫാദർ കുരുവിള കൊട്ടാരത്തുംകുഴി, എ. ഒ. ജോസഫ് ബി എ എന്നിവർ പ്രസംഗിച്ചു. ഇടവകക്കാരുടേയും, മിഷ്യൻലീഗിൻേറയും വകയായി ഓരോ സ്വർണ്ണമെഡലും സമ്മാനിച്ചു. ഞായറാഴ്ച രാവിലെ ദിവ്യപൂജയ്ക്കുശേഷം സ്ഥലം വിൻസെൻറു ഡി പോൾ സഖ്യത്തിൻെറ വാർഷികയോഗത്തിൽ തിരുമേനി അദ്ധ്യക്ഷതവഹിച്ചു.

**പാലയൂർ:** പാലയൂർ ഫൊറോനാപള്ളിയിൽ മാർച്ചു 29-ാം തിയതി പെസഹാവ്യാഴാഴ്ച പരി: കുർബ്ബാനയുടെ ആരാധനയ്ക്കു ഭക്തസംഘടനകളും വിവിധ കരക്കാരും പ്രാർത്ഥനാജാഥയായി വന്നു ആരാധന നടത്തി. ദുഃഖവെള്ളിയാഴ്ച ഉച്ചതിരിഞ്ഞു് 4 മണിക്കു പ്രസംഗവും ഇടന്നു, കർത്താവിൻെറ കുരിശുരൂപം വഹിച്ചും മരക്കുരിശുവാഹകന്മാർ, ദുഃഖവിഹ്വലവസ്ത്രധാരികൾ മുതലായവരുടെ അകമ്പടിയോടുകൂടിയും വിയാസാക്ര എത്തിച്ചും വിലാപയാത്ര നടത്തുകയും ചെയ്തു.

**മുട്ടുചിറ:** റവ മാത്യു കൊട്ടുകാപ്പള്ളി മുട്ടുചിറ ഫൊറോനാപള്ളിയിൽവച്ചു് തലശ്ശേരി രൂപതയുടെ മെത്രാൻ റൈററു് റവ ഡോക്ടർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിതിരുമനസ്സിൽനിന്നും ഗുരുപ്പട്ടം സ്വീകരിച്ചിരിക്കുന്നു. ഇതു പ്രമാണിച്ചു് ദേവാലയത്തിൽ ആഗതനായ തിരുമേനിക്കു ഇടവകാംഗങ്ങൾ ഹൃദ്യമായ സ്വീകരണം നൽകി. മുട്ടുചിറ ഫൊറോനാപള്ളിയുടെ ചരിത്രത്തിൽ ഒരു വൈദികനു ഇവിടെവച്ചു പട്ടം കൊടുക്കുക എന്നതു ഇതാദ്യത്തേതാണു് എന്നറിയുന്നു.

**അരുവിത്തുറ:** സ്ഥലം സെൻറു് തോമസ് മിഷ്യൻലീഗിൻെറ എട്ടാമതു വാർഷികസമ്മേളനം മാർച്ചു 25-ാംതിയതി ആഘോഷിക്കുകയുണ്ടായി. നാലു മണിക്കു ഹൈസ്കൂൾ സ്റ്റേഡിയത്തിൽവച്ചു നടത്തപ്പെട്ട പൊതുയോഗത്തിൽ റവ ഡോക്ടർ കുര്യൻ വഞ്ചിപ്പുരക്കൽ ഡി സി എൽ ആദ്ധ്യക്ഷം വഹിച്ചു ബ്രദർ എ കെ അഗസ്റ്റിൻ, മാസ്റ്റർ സിറിയക്ക് മേടക്കൽ എന്നിവർ പ്രസംഗിച്ചു. രാത്രി "സെൻറിനറിട്ടക്കിസു്" കാരുടെ സിനിമാപ്രദർശനവും ഉണ്ടായിരുന്നു റിപ്പോർട്ടുവർഷത്തിൽ ആകെ 1300 രൂപാ മിഷ്യൻകാര്യങ്ങൾക്കായി വിനിയോഗിക്കുവാൻ ലീഗിനു കഴിഞ്ഞിട്ടുണ്ടു്.

**നിർമ്മലപുരം:** പാപ്പാദിനം പ്രമാണിച്ചു് ചെറുപുഷ്പമിഷൻലീഗിൻെറ ആഭിമുഖ്യത്തിൽ ഇവിടെനിന്നു പുറപ്പെട്ട ഘോഷയാത്ര കോട്ടാങ്ങൽ, ചുങ്കപ്പാറ, കുളത്തൂർ ഈ സ്ഥലങ്ങളിൽനിന്നും വന്ന ഘോഷയാത്രകളുമായി മാരൻകുളം കവലയിൽവച്ചു യോജിച്ചു് പെരുംപെട്ടി ലത്തീൻപള്ളിവരെ പോകുകയും അവിടെവച്ചു് പെ ബ മേരൺ ജോൺ കച്ചിറമററത്തിൻെറ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടുകയും മെ വി ജെ വർക്കി ബി എ ബി എൽ, തോമസ് കണയംപ്ലാക്കൽ എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

**വെങ്ങോർ:** സ്ഥലത്തെ സന്ധ്യസംരക്ഷണസംഘം, സെൻറു് വിൻസെൻറു് ഡി പോൾ സൊസൈററി, സെൻറു് ക്ലാരററ്സ് സർവ്വീസ് കത്തലിക്ക് സൊസൈററി എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ ദുഃഖവെള്ളിയാഴ്ച ഉച്ചതിരിഞ്ഞു് നാലുമണിക്കു സ്ഥലം പള്ളിയിൽനിന്നു മരക്കുരിശുകൾ ഏന്തിക്കൊണ്ടു് ഒരു പരിഹാരസ്ലീവാപാതനടത്തി അളതപ്പാനതറിലേക്കു് പുറപ്പെടുകയും തിരികെ പള്ളിയങ്കണത്തിൽവന്നു അവിടെവെച്ചു റവ ഫാദർ ബെല്ലർമീൻ ടി ഒ സി ഡി ബി എസ്സി ഒരു പ്രസംഗം ചെയ്യുകയും ചെയ്തു.

**തിരുവല്ല:** തിരുവല്ലാ കത്തീഡ്റലിൽ പെസഹാവ്യാഴാഴ്ച ഉച്ച കഴിഞ്ഞു് കാലുകഴുകൽ ശുശ്രൂഷ അഭിവന്ദ്യ അത്തനാസിയോസ് തിരുമനസ്സുകൊണ്ടു നടത്തി. അന്ത്യോഖ്യൻ റീതിൽ മെത്രാന്മാർ മാത്രമേ ഈ കർമ്മം അനുഷ്ഠിക്കാറുള്ളു.

(ശേഷം 5-ാംപേജിൽ)




# ചെറുകഥ

## മങ്ങിയ ജീവിതം

(തൃക്കൊടിത്താനം ചാക്കോ)

പശ്ചിമ ചക്രവാളച്ചെരുവിൽ പകലോൻ വിശ്രമിക്കുകയാണ്.

മരതകപ്പച്ച വിരിച്ച ഗ്രാമത്തിന് അഴകിന്റെ പൊന്നരഞ്ഞാണം ചാർത്തികൊണ്ടു വളഞ്ഞുപുളഞ്ഞു കിടക്കുന്നു മുണ്ടകപ്പാടവരമ്പുകൾ.

വഞ്ചിനാടിന്റെ നെൽപ്പുരയിൽ കനകമണികൾ നിറയ്ക്കുന്ന അഭിമാനത്തോടുകൂടി നെൽച്ചെടികൾ തലയെടുപ്പോടുകൂടി വളരുകയാണ്.

പടിഞ്ഞാറൻകാററിന്റെ ഉഗ്രമായ തള്ളലേറ്റ് ചാറുപാടം കരുത്തിരുണ്ട് പടർന്നു നില്ക്കുന്ന കേരവൃക്ഷങ്ങൾ തമ്മിത്തല്ലുകയാണ്.

ഓലത്തുമ്പുകളിൽ ഇരുന്നു മദിക്കുന്ന പറവകൾ നൈരാശ്യത്തോടുകൂടി ഏകാന്തതയിലേക്കു ഓടിമറയുന്നു.

പാടത്തിന്റെ ഇടയിൽക്കൂടി ഒഴുകുന്ന ചാലുകളിൽ കടലാസുവഞ്ചിയുമായി കളിച്ചു രസിക്കുന്നുണ്ട് രണ്ടു ഓമനക്കുഞ്ഞുങ്ങൾ... അതേ! സോഫിയും, റോമിയും, ആറും ഒൻപതും വയസ്സു പ്രായമുള്ളവർ.

നാളത്തെ ലോകത്തിന്റെ ചരിത്രം എഴുതേണ്ടവർ. കൊള്ളയും, അഴിമതിയും ഇല്ലാത്ത ഒരു ഭരണകൂടത്തിന്റെ ചക്രം തിരിക്കേണ്ടവർ. പണക്കാരെന്നോ പാവങ്ങളെന്നോ ഉള്ള ഉച്ചനീചത്വം സ്പർശിച്ചിട്ടില്ലാത്ത രണ്ടു മാൻപേടകൾ.

റോമി.... അവൻ ഒരു കർഷകന്റെ ഓമനപ്പുത്രനാണ് — എല്ലുമുറിയെത്തന്നെ കഷ്ടപ്പെട്ടു ജീവിക്കേണ്ടവൻ. ഒരുപക്ഷേ ആ ഭാവിയുടെ ദുർഘടം പിടിച്ച വഴിത്താരയേക്കുറിച്ചെന്തറിയാനാണ്...... അതേക്കുറിച്ചൊക്കെ ചിന്തിക്കേണ്ട പ്രായത്തിലേക്കു അവൻ എത്തിയിട്ടില്ലല്ലോ...

എന്നാൽ സോഫിയാ ... അവൾ ഒരു കുബേരന്റെ ഏക തങ്കക്കുടമാണ്. ജീവിതം അവൾക്കെന്നും സുഖിക്കുവാനുള്ളതുതന്നെ.

അങ്ങനെ പൊരുത്തപ്പെടാത്ത രണ്ടു മേഖലകളിൽ നിന്നുകൊണ്ടു അവർ സ്നേഹത്തിന്റെ ബാലപാഠം ഉരുവിടുകയാണ്.

നാലഞ്ചു ഫർലാംഗ് അകലെയുള്ള ഒരു പ്രൈമറി സ്കൂളിലാണ് അവർ വിദ്യ അഭ്യസിക്കുന്നതു്. പളപളപ്പുള്ള ഫാഷനബിൾ കാറിൽ സോഫിയാ പോകുമ്പോൾ ചിലപ്പോൾ റോമിയെ കാണും... പക്ഷേ ആ കുബേരകുമാരിയുടെ കാറിൽ കയറുന്നതിനുള്ള ഭാഗ്യം അവനില്ല... ചിലപ്പോൾ ആ കുസൃതിച്ചെറുക്കൻ വിളിക്കും..."ശോഫിയാ... ഞാനും..." ആ സ്നേഹം നിറഞ്ഞ വാക്കുകൾ പുറത്തു വരുമ്പോഴേക്കും വണ്ടി മൂളൽ ശബ്ദത്തോടുകൂടി സ്കൂൾപരിസരത്ത് എത്തിക്കഴിയും.....പിന്നെ തമ്മിൽ കാണുന്നതു് ആ മുണ്ടകപ്പാടത്തിന്റെ തീരത്തു വച്ചാണ്.

II

കാലം അതിന്റെ കനത്ത കരങ്ങൾകൊണ്ടു ലോകത്തെ ആകമാനം തടവിത്തുടങ്ങി,... ആകപ്പാടെ ഒരു പരിവർത്തനം. അതവരിലും സംഭവിച്ചു.

ഇന്നു മുണ്ടകപ്പാടത്തിന്റെ ചാലിൽ വന്നു കളിച്ചുരസിക്കുവാൻ ആരുമില്ല... അവൾ ഇന്നു കോളേജുവിദ്യാർത്ഥിനിയാണ്. റോമി സ്കൂൾഫൈനൽ പാസ്സായി തൊഴിലില്ലാതെ അലഞ്ഞു നടക്കുന്ന ഒരു യുവാവും.

താങ്ങുവാൻ വഹിയാത്ത ഒരു കുടുംബഭാരമാണ് അവന്റെ ചുമലിലിരിക്കുന്നതു്. വാർദ്ധക്യത്തിലെത്തിയിരിക്കുന്ന മാതാപിതാക്കന്മാരേയും.... വിവാഹപ്രായത്തോടടുത്തിരിക്കുന്ന രണ്ടു സഹോദരികളേയും അവനാണ് അന്വേഷിക്കേണ്ടതു്. ബി. എ. ക്കാരേയും എം. എ. ക്കാരേയും കൊണ്ടു നിറഞ്ഞ നാട്ടിൽ ഒരു സ്കൂൾഫൈനൽക്കാരന്റെ സ്ഥാനമെന്തു്...? കൈക്കൂലികൊണ്ടും, ശുപാർശകൊണ്ടും മേലാധിപന്മാരെ പിടിച്ചടക്കുന്ന വ്യവസ്ഥിതിയിൽ ഒരു കർഷകപുത്രനു എന്തു ജോലിയാണ് കിട്ടാനുള്ളതു്...? അവനുവേണ്ടി ശുപാർശയ്ക്കു ആ ഗ്രാമത്തിൽ ആരുമില്ല. അവൻ ജീവിതത്തിന്റെ പാസ്പോർട്ടായ സർട്ടിഫിക്കറ്റുമായി അലയുകയാണ്. ചില അവസരത്തിൽ റോമി അവന്റെ ഭൂ

ചന്ദ്രിക REGD. ഔഷധസോപ്പ്
ചൊറി, ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്ക്
S.V.PRODUCTS, IRINJALAKUDA

തകാലഏടുകൾ മറിക്കും... വെള്ളച്ചാലുകളിൽ കടലാസുവഞ്ചി ഇറക്കിയും... കണ്ണാം പൊത്താരം കളിച്ചും രസിച്ച കാലങ്ങൾ... ആയിരമായിരം തങ്കക്കിനാവുകൾ സ്മൃതിയിൽക്കൂടി കടന്നുപോയി. ആ സുന്ദരമായ— മധുരിക്കുന്ന കാലത്തിലേക്കു തിരിച്ചുപോകുവാൻ അവനാഗ്രഹിച്ചു...... ...എന്തൊരാഗ്രഹം!!

പക്ഷേ ഇന്നവനു സോഫിയായോടു സംസാരിക്കുവാൻ വഹിയാ. യൗവ്വനത്തിന്റെ കനത്ത കരിങ്കൽക്കോട്ടകൊണ്ടു ഇന്നവർ അന്യോന്യം വേർപെടുത്തപ്പെട്ടിരിക്കുകയാണ്. പക്ഷേ അവനതിൽ യാതൊരു സഹതാപമോ പരിഭവമോ ഇല്ല. എന്തുകൊണ്ടെന്നാൽ സ്നേഹത്തിന്റെ പേരിൽ എത്ര യുവതികളാണ് വഴിയാധാരമാക്കപ്പെടുന്നതു്.

മനുഷ്യന്റെ പേരിൽ മൃഗീയത്വം വച്ചുപുലർത്തുന്ന കൂട്ടർ. സ്നേഹത്തിന്റെപേരിൽ കാട്ടാളത്തം പ്രവർത്തിക്കുവാൻ മടിക്കാത്ത മനുഷ്യക്കരടികൾ. സാന്മാർഗ്ഗികമൂല്യങ്ങളെ മാനിക്കാത്തവരുടെ ലോകത്തിൽ നീതിക്കു സ്ഥാനമില്ല. കള്ളവും കള്ളസാക്ഷിയും വച്ചുപുലർത്തുന്നവരുടെ നാട്ടിൽ ഒരു മനുഷ്യസ്നേഹിക്കെങ്ങനെ ജീവിക്കുവാൻ സാധിക്കും...?

സോഫിയാ, അവൾ പരിശുദ്ധയാണ്. ചിന്തിക്കുവാനും ചിന്തിച്ചറിയുവാനുമുള്ള കരുത്ത് അവൾക്കുണ്ട്. ഒരു പണക്കാരന്റെ ഗോത്രത്തിൽ ജനിച്ചുപോയതുകൊണ്ടു വേദനിക്കുന്നവരുടെ കണ്ണുനീർ തുടയ്ക്കുവാൻ സാദ്ധ്യമല്ല എന്ന അഭിപ്രായത്തിനു വിരുദ്ധമായിരുന്നു അവൾ. പരിപാവനമായ അവരുടെ സ്നേഹബന്ധം തുടർന്നുകൊണ്ടുപോകുവാൻതന്നെ അവളാഗ്രഹിച്ചു.

ആ ബാല്യകാലസ്മരണകൾ. ബംഗ്ലാവിന്റെ മട്ടുപ്പാവിലിരുന്നു അവൾ കാണും അങ്ങകലെ സ്ഥിതിചെയ്യുന്ന റോമിയുടെ "ചെറിയ പുര" സോഫിയുടെ കണ്ണുകൾ നിറയും. അലഞ്ഞുതിരിഞ്ഞു നടക്കുന്ന റോമിയെ കാണുന്നതിനു അവളുടെ ഹൃദയം ദാഹിക്കുകയാണ്.

ഒരു ദിവസം കോളേജിൽനിന്നും വീട്ടിൽ വരുന്ന വഴിയിൽ വച്ചു അവൾ റോമിയെ കണ്ടു അവളുടെ നയനങ്ങൾ തിളങ്ങി. കാർ റോമിയുടെ അടുക്കൽ വന്നുനിന്നു.

"റോമി..." അവൾ വിളിച്ചു. കണ്ണുമധുരമായ ആ വിളി— വർഷങ്ങൾക്കപ്പുറത്തു് അവന്റെ ഹൃദയത്തെ തട്ടിയുണർത്തിയ സ്വരം. അവൻ തിരിഞ്ഞുനോക്കി

ഒരു സൗന്ദര്യദേവത...അവരുടെ നാലു മിഴികൾ തമ്മിൽ ഇടഞ്ഞു...അവ കുറച്ചുസമയത്തേക്കു മൂകമായി.

ആദിത്യരശ്മികൾ നിശ്ശേഷം അണഞ്ഞു.

"റോമി..." ആ കുയിൽനാദം വീണ്ടും പുറത്തുകേട്ടു.

അവന്റെ കണ്ണുകൾ നിറഞ്ഞു

"നീ എന്താണ് കരയുന്നതു്. എത്ര നാളുകളായി നാം സംസാരിച്ചിട്ട്..."

"സോഫിയാ, നീ പൊയ്ക്കോ. ഈ കരയാനുള്ള ജീവിതവുമായി ഞാൻ കഴിഞ്ഞുകൊള്ളാം. കഴിഞ്ഞുപോയ കാലങ്ങളല്ലാം ഇതു്. അവയെ പിന്നിലാക്കിക്കൊണ്ടു വളരെ ദൂരം നാം മുന്നോട്ടുനീങ്ങി കഴിഞ്ഞു. പോകൂ. സമയം വളരെ വൈകി. ലോകത്തിന്റെ കണ്ണുകൾ നമ്മേ ഉററുനോക്കുകയാണ്....അതോ! അതു നാം ഭയപ്പെടണം. നാം ഇവിടെ നില്ക്കുന്നതു കണ്ടാൽ......" റോമി വളരെ പരിഭ്രമത്തോടുകൂടി പറഞ്ഞു.

"ഇല്ല. ഒന്നുമില്ല..." സോഫിയാ ഉറപ്പിച്ചുപറഞ്ഞു.

"സോഫിയാ നിശ്ചയപ്പെട്ടതാരെ..."

"റോമീ, നാം എന്തിനു ഭയപ്പെടുന്നു. ആ സർവ്വവ്യാപിയുടെ നയനങ്ങളെ ഭയപ്പെടുക. ആ തേജോമയമായ കണ്ണുകളിൽപെടാത്ത ഒററ സംഭവവും ഇന്നി ലോകത്തിൽ നടക്കുന്നില്ല. നാം പരിശുദ്ധരാണ്. നമ്മുടെ സ്നേഹം വികാരങ്ങളുടെ ചട്ടക്കൂട്ടിൽ ഒതുങ്ങുന്നതല്ല. സ്നേഹിക്കുകയും, സ്നേഹിക്കപ്പെടുകയും ചെയ്യുന്നതിനുള്ള ഒരു ഹൃദയംമാത്രം നമുക്കുണ്ടു്. പാപപങ്കിലമായ സംഗതികളെ വിഭാവനചെയ്യുന്നതിനു ഞാൻ ശക്തയല്ല...."

"സോഫിയാ.... ബാഹ്യപ്രകടനങ്ങൾകൊണ്ടു മനുഷ്യനെ സാന്മാർഗ്ഗികതത്വത്തിൽനിന്നും വ്യതിചലിപ്പിക്കുന്ന അന്തരീക്ഷത്തിലാണ് നാം കഴിയുന്നതു്. ദൈവത്തേയും ദൈവപ്രമാണങ്ങളേയും നിഷേധിച്ചു വിലക്കപ്പെട്ട കനികളെ ഭക്ഷിച്ചു വീണ്ടും മനുഷ്യപുത്രനെ ഇരുമ്പാണികളിൽ കയററി കൊല്ലുന്നതിലേക്കു ജനങ്ങൾ പാപത്തിന്റെ അടിത്തട്ടിൽ വീണുകൊണ്ടിരിക്കുന്ന എത്ര സംഭവങ്ങളാണ് നാം കാണുന്നതു്. അങ്ങനെ ജഡികമായ സുഖത്തിനുവേണ്ടി നിത്യലോകവും നിത്യശാന്തിയും തീറെഴുതുന്നവർ—അവരും മനുഷ്യർ—"റോമി ഭൂത-ഭാവി-വർത്തമാനകാലത്തിന്റെ ചിത്രം വരച്ചുകാണിച്ചു.

"റോമീ, അത്തരത്തിലുള്ളവരെ മനുഷ്യരായി കാണുവാൻ ഞാൻ തയ്യാറില്ല. അപവാദങ്ങൾ ഭയന്നു പരിശുദ്ധിയും പവിത്രതയും ഉള്ള സ്നേഹം ബലികഴിക്കാൻ ഞാൻ വിചാരിക്കുന്നില്ല. മരണത്തിനുപോലും അതു് അസാദ്ധ്യം." സോഫിയാ വളരെ ആവേശത്തോടുകൂടിയായിരുന്നു ഇതു പറഞ്ഞതു്.

"സോഫീ...ഒന്നും തീരുമാനിക്കാതെ സോഫിയുടെ പിതാവറിഞ്ഞാൽ കേവലം എന്നെപ്പോലെയുള്ളവനുമായുള്ള ഈ നില്പ്....എനിക്കു ആ രംഗം ഓർക്കുവാൻകൂടി വഹിയാ. സമയം വളരെ......"

"സാമ്പത്തികമായി നാം തമ്മിൽ ഏററക്കുറച്ചിലുണ്ടു്. പക്ഷേ റോമിയുടെ ഉറച്ച വിശ്വാസത്തിന്റെ മുന്നിൽ ഞാൻ നമ്രശിരസ്സു് അർപ്പിക്കുന്നു. എന്റെ പിതാവിന്റെ മനോഭാവം എനിക്കു നല്ലതുപോലെ അറിയാം. എന്റെ ആഗ്രഹത്തിനു വിലങ്ങുതടിയായി അച്ഛൻ നിന്ന ഒററ സംഭവംപോലും ഞാൻ ഓർക്കുന്നില്ല..."

"സോഫിയാ, അതു വെറും മൃഗതൃഷ്ണയാണ്. ഒരു പക്ഷേ ചില സംഗതികൾ അദ്ദേഹം എതിരു നിന്നിട്ടില്ലായിരിക്കാം. അതുകൊണ്ടു എല്ലാ കാര്യത്തിനും അങ്ങിനെതന്നെ ആയിരിക്കും എന്നു എങ്ങിനെ തീരുമാനിക്കാൻ സാധിക്കും..."

"റോമി എന്റെ ഹൃദയത്തെ നൊമ്പരപ്പെടുത്താതെ. ഞാൻ റോമിക്കുവേണ്ടി കാത്തിരിക്കും."

"സോഫിയാ, എല്ലാം ദൈവനിശ്ചയം. അതേക്കുറിച്ചൊന്നും ഞാൻ തീരുമാനിച്ചിട്ടില്ല. ജീവിക്കുവാൻ വേണ്ടുന്ന ഒരു പന്ഥാവിനുവേണ്ടി ഞാൻ ശ്രമിക്കുകയാണ്. ആ എന്റെ ശ്രമത്തെ തടസ്സപ്പെടുത്താതെ. ഭൂതകാലത്തിന്റെ മധുരിക്കുന്ന സ്മരണകളുമായി ഞാൻ കഴിഞ്ഞുകൊള്ളാം. നോക്കെത്താത്ത മാനത്തെ അമ്പിളിക്കലയെ പിടിച്ചടക്കുവാനുള്ള യത്നം അസ്ഥാനത്താണ്. ഒരു സഹോദരനായി എന്നെ വീക്ഷിച്ചാലും..." സമയം റോമി വീണ്ടും ഓർമ്മപ്പെടുത്തി.

ഒലിക്കുന്ന കണ്ണുനീർത്തുള്ളി സാരിത്തുമ്പുകൊണ്ടു തുടച്ചുനീക്കിക്കൊണ്ടു് അവൾ കാറിൽ കയറി. സോഫിയുടെ ഹൃദയസ്പന്ദനം പുറത്തുകേൾക്കാമായിരുന്നു. അവൻ ഒരു പ്രതിമയെപ്പോലെ നോക്കിനിന്നുപോയി.

(തുടരും)

ജീവചരിത്രം

# വ്ളാഡിമിർ സൊളൊവിവ്

അഥവാ

# റഷ്യയിലെ ന്യൂമൻ

പത്തൊമ്പതാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധം. അതു റഷ്യയിൽ നിർമ്മാണാത്മകമായ ചിന്തയുടേയും ലേഖനങ്ങളുടേയും ഒരു സുവർണ്ണ ഘട്ടമായിരുന്നു. പ്രഖ്യാതരായ രണ്ടു ആഖ്യായികാകൃത്തുക്കളെ—ടോൾസ്റ്റോയ്, ഡസ്റ്റോവ്സ്കി എന്നിവരെ —റഷ്യക്കു സമ്മാനിച്ച നൂററാണ്ടായിരുന്നു അതു്. മതചിന്തകനും സാർവ്വജനീനനും ക്രൈസ്തവസഭയുടെ അഭിമാനസ്തംഭവുമായ സൊളവിവിന്റെ രംഗപ്രവേശവും അപ്പോഴായിരുന്നു. ഇന്നത്തെ ചൂടേറിയ പ്രശ്നങ്ങൾ തന്നെയാണു് അന്നും അദ്ദേഹത്തിനഭിമുഖീകരിക്കേണ്ടിയിരുന്നതു്. കീറി മുറിഞ്ഞു താറുമാറായ ലോകത്തെ ആദ്ധ്യാത്മിക സിദ്ധൗഷധങ്ങൾ ഉപയോഗിച്ചു സുഖപ്പെടുത്തുവാൻ അദ്ദേഹം സർവ്വാത്മനാ പരിശ്രമിച്ചു. മഹത്തായ രണ്ടു ലക്ഷ്യങ്ങൾക്കായി അദ്ദേഹം പുറപ്പെടുവിച്ച സമരകാഹളം ഇന്നും റഷ്യൻജനതയിൽ മാറെറാലികൊള്ളുന്നുണ്ടു്; കോരിത്തരിപ്പുകൾ സൃഷ്ടിക്കുന്നുണ്ടു്. റഷ്യയിൽ നഷ്ടിഭവിച്ച ആദ്ധ്യാത്മികസംസ്കാരത്തെ കരുപ്പിടിക്കുക, ഓർത്തഡോക്സ് സഭയും പാശ്ചാത്യസഭയും തമ്മിലുള്ള ഐക്യത്തിനു കളമൊരുക്കുക എന്നിവയായിരുന്നു കഥാപുരുഷന്റെ പരിശ്രമങ്ങളുടെയെല്ലാം ആശാകേന്ദ്രം. നിരന്തരം ഭൗതികതത്വത്തിലേക്കും നിരീശ്വരതത്വത്തിലേക്കും വഴുതിമാറിക്കൊണ്ടിരിക്കുന്ന സമുദായത്തിന്റെ ക്രൂരതയ്ക്കും കിരാതമായ നിലപാടിനും എതിരായി അദ്ദേഹം പടപൊരുതി. വർഗ്ഗവൈവിധ്യത്തിന്റേയും സാമുദായികമായ ഉച്ചനീചത്വങ്ങളുടേയും പേരിൽ നടമാടിയ അഴിമതികൾക്കെതിരായി അദ്ദേഹം പ്രതിഷേധസ്വരമുയർത്തി. ക്രൈസ്തവരിൽ പ്രത്യക്ഷമായ അനൈക്യത്തിലും വൈർമാത്യങ്ങളിലും അദ്ദേഹം ദർശിച്ചതു ക്രിസ്തുവിന്റെ മൗതികശരീരത്തിൽ ഏററിരുന്ന മുറിവുകളാണ്. കഥാപുരുഷന്റെ കറകലരാത്ത ലിഖിതങ്ങളിലും ഉടനീളം കത്തോലിക്കാചൈതന്യം പ്രസരിക്കുന്നുണ്ടു്. റഷ്യയിലെ ഓർത്തഡോക്സ് സഭാപാരമ്പര്യത്തിന്റെ ദൗത്യവാഹകനാണദ്ദേഹം. എന്നിരുന്നാലും മാർപ്പാപ്പായെ സാർവ്വത്രികസഭയുടെ യഥാർത്ഥ പിതാവും വി. പത്രോസിന്റെ പിൻഗാമിയുമായി അംഗീകരിക്കുവാൻ, അവിടുത്തെ സർവ്വാധിപത്യത്തെ വിളംബരം ചെയ്യുവാൻ അദ്ദേഹം മടിക്കുന്നില്ല. പടിഞ്ഞാറും കിഴക്കും ലക്ഷ്യത്തിൽ ഒന്നായിരിക്കണം. അവയുടെ പൊതുവായ കണ്ണി വി. പത്രോസ് എന്നദ്ദേഹം ശരിക്കു ഗ്രഹിച്ചിരുന്നു.

1853-ൽ വ്ളാഡിമിർ ജനിച്ചു. മോസ്കോയിൽ. പ്രശസ്ത റഷ്യൻ ചരിത്രകാരനായ സെർഗേയാണദ്ദേഹത്തിന്റെ പിതാവ്. വിവിധ ശാസ്ത്രശാഖകളിൽ ചെറുപ്പത്തിലേതന്നെ വലിയ പാണ്ഡിത്യം സമ്പാദിച്ച അദ്ദേഹത്തിന്റെ വിജയത്തിന്റെ രഹസ്യം അടിയുറച്ചിരിക്കുന്നതു പാണ്ഡിത്യത്തിലല്ല മറിച്ച മതിപ്രകർഷമേറിയ അദ്ദേഹത്തിന്റെ വീക്ഷണത്തിലാണ്. അദ്ദേഹത്തിനു മൂന്നു പ്രാവശ്യം അനുഭവപ്പെട്ട നിഗൂഢങ്ങളായ മൂന്നു ദർശനങ്ങൾ (mystical experiences) ഈ വസ്തുതയെയല്ലേ വെളിവാക്കുന്നതു്? ഈ അനുഭവങ്ങളെ തന്റെ ആത്മകഥാകഥനം ഉൾക്കൊള്ളുന്ന ഒരു പദ്യശകലം വഴി അദ്ദേഹം തന്നെ വിശദമാക്കുന്നുണ്ടു്.

തന്റെ ജീവിതയാത്രയിൽ അദ്ദേഹം ഒരിക്കൽ വഴുതിവീണു. യുവത്വത്തിന്റെ പൊൻപുലരിയിൽ ആദ്ധ്യാത്മികമായ ഒരു പ്രതിസന്ധിഘട്ടം, ഉൽക്കടമായ നിരീശ്വരത്വം, അദ്ദേഹത്തിന്റെ മജ്ജയിലേക്കുപോലും തുളച്ചുകയറി. ഭൗതികസിദ്ധാന്തങ്ങളുടെ അടിയൊഴുക്കിൽപ്പെട്ടു അദ്ദേഹം കരകാണാതെ കുഴഞ്ഞു. ഭാഗ്യവശാൽ വിശ്വാസത്തിന്റെ കനകരശ്മികൾ ആ ഇരുളടഞ്ഞ അന്തരാത്മാവിൽ വീണ്ടും വെളിച്ചം വീശി. യുക്തിവാദികളുടെ വിഷംകലർന്ന മാദകപാനീയം മുക്കാറും കുടിച്ച സൊളൊവിവിനും ആ അനുഭവം ഒരു സാധന

പാഠമായി. അനുഭവജ്ഞാനമാകുന്ന ഉറച്ച അടിസ്ഥാനത്തിൽ ജീവിതപരിപാടി അദ്ദേഹം കെട്ടിപ്പടുത്തു. റഷ്യയിലെ മതാന്തരീക്ഷത്തെ മലിനമാക്കുവാൻ വെമ്പൽകൊണ്ട ശൂന്യവാദത്തിൻറ കിടയററ പ്രതിധ്വനിയായി അദ്ദേഹം രൂപംകൊണ്ടു.

## ചൈതന്യം ഉടലെടുത്ത മഹാത്മാവ്

പല ലോകോത്തരഗ്രന്ഥങ്ങളും അദ്ദേഹം റഷ്യൻ ജനതയ്ക്കു സമ്മാനിച്ചിട്ടുണ്ട്. ധാർമ്മികമായ ഒരു നവോത്ഥാനത്തിനു, സംസ്കാരികാഭിവൃദ്ധിക്കു, അവ കളമൊരുക്കി. "ദൈവമനുഷ്യത്വം" (Godmanhood) എന്ന വിഷയത്തെ പരാമർശിച്ചു മോസ്കോയിലെ ആഡിറേറാറിയത്തിൽവച്ചു അദ്ദേഹം ഒരു പ്രസംഗപരമ്പര നടത്തി. അയസ്കാന്തം കണക്കെ അതായിരങ്ങളെ ആകർഷിച്ചു. ടോൾസ്റ്റോയിയും ഡസ്റ്റോവ്സ്കിയും അനുവാചകരായിരുന്നുപോലും. ഡസ്റ്റോവ്സ്കി കഥാനായകൻറ ആത്മസുഹൃത്തുക്കളിൽ അദ്വിതീയനായിരുന്നു. അശാന്തിയുടെ അഗ്നികുണ്ഡത്തിൽക്കിടന്നു പുളഞ്ഞിരുന്ന ആ സാഹിത്യകാരനു പുതിയ സുഹൃത്തു ഒരാശ്വാസനികേതനമായി പരിണമിച്ചു. അവർ ആശയങ്ങൾ പരസ്പരം കൈമാറി. തീർത്ഥയാത്രകളും സന്ദർശനങ്ങളും ഒരുമിച്ചു നടത്തി. തൻറ സുഹൃത്തിൽ പ്രകാശിച്ചിരുന്ന ചിന്തകളുടെ സജീവത്വവും ഉജ്ജ്വലത്തായ ആദ്ധ്യാത്മികപ്രബുദ്ധതയും ഡസ്റ്റോവ്സ്കിയെ ഹഠാദാകർഷിച്ചു. ആ സുഹൃദ്ബന്ധം അദ്ദേഹത്തിൻറ പ്രധാന ആഖ്യായികയായ The Brothers Karamazov (ദി ബ്രദേഴ്സ് കറമസോവ്) വഴി ബഹിർഗ്ഗമിക്കുകയും ചെയ്തു.

കറുത്തിരുണ്ട ജ്വലിക്കുന്ന നയനങ്ങൾ, മെലിഞ്ഞുവിളറി ശുഷ്കിച്ച ശരീരം ഇവ ആ താപസവര്യൻറ ആദ്ധ്യാത്മികചൈതന്യത്തെ വിളംബരം ചെയ്യുവാൻ പോരുന്നവയായിരുന്നു. ആ മുഖകമലത്തിൽ ഏതോ നിഗൂഢമായ ദിവ്യദുഃഖത്തിൻേറയും അനവദ്യമായ സൗന്ദര്യത്തിൻേറയും നിഴൽപ്പാടുകൾ പ്രത്യക്ഷമായിരുന്നു. പക്ഷേ അദ്ദേഹം വിഷാദപ്രകൃതിക്കാരനായിരുന്നില്ല. അമോഘമായ പുഞ്ചിരിയും തടയാൻവയ്യാത്ത ഹലിതരസവും അദ്ദേഹത്തിൻറ കൂടപ്പിറപ്പുകളാണ്. ഈ ഗുണവിശേഷങ്ങൾ അദ്ദേഹത്തിൻറ കവനങ്ങളെ ആദ്യന്തം ആകർഷകമാക്കിച്ചെയ്യുന്നുണ്ട്. അദ്ദേഹത്തിൻറ പദ്യകൃതികളിൽ ഉടനീളം ഓളംവെട്ടുന്നതു തികഞ്ഞ മതചൈതന്യവും മിസ്റ്റിസിസവുമാണ്.

ഈ ഇരുപതാം നൂററാണ്ടിൽ പുഷ്പിച്ചു സുഗന്ധം പരത്തിയ പ്രസിദ്ധമായ "സിമ്പോളിക്" പ്രസ്ഥാനത്തിൻറ മുന്നോടിയും ജീവനാഡിയുമായിരുന്നു നമ്മുടെ കഥാനായകൻ. റഷ്യയുടെ മഹത്തായ ക്രിസ്തീയപാരമ്പര്യത്തെ സംബന്ധിച്ചു അദ്ദേഹം ഓമനിച്ചുവച്ചിരുന്ന വിചാരധാരയെ കാലാന്തരത്തിൽ പല സുപ്രസിദ്ധമതചിന്തകന്മാരും ഈ പ്രസ്ഥാനംവഴി വികസിപ്പിച്ചിട്ടുണ്ട്.

## ക്രിസ്തു നമ്മുടെ സഹോദരനാണ്

മതപരമായ, നീതിശാസ്ത്രപരമായ അദ്ദേഹത്തിൻറ ചിന്താശക്തി ഒരേയൊരാശയത്തിലാണ് അടിയുറച്ചിരുന്നതു്. മാനവവംശം അല്ല ഓരോ മനുഷ്യവ്യക്തിയും സത്യദൈവവും സത്യമനുഷ്യനുമായ ക്രിസ്തുവിൻറ ഛായയിൽ രൂപംകൊള്ളണം. മനുഷ്യവ്യക്തിയുടെ സ്ഥാനമാഹാത്മ്യം അദ്ദേഹത്തെ ആകർഷിച്ചു. ദൈവപുത്രനെന്നനിലയിൽ മാനവവംശജരുടെ സാഹോദര്യം അദ്ദേഹം വിളംബരം ചെയ്തു. ദൈവത്തെ സമുദായമദ്ധ്യത്തിൽനിന്നു അകററിനിറുത്തി, കേവലം ശാസ്ത്രപരവും ധനതത്വപരവുമായ അടിസ്ഥാനത്തിൽ സമുദായശില്പം പണിയുയർത്തുവാൻ വെമ്പൽകൊണ്ടിരുന്ന ഉല്പതിഷ്ണുക്കൾക്കെതിരായിട്ടാണ് തൻറ മൂർച്ചയേറിയ ഈ ആദ്ധ്യാത്മികബാണം അദ്ദേഹം തൊടുത്തുവിട്ടതു്. ക്രൈസ്തവ സാഹോദര്യത്തിൻറ അടിത്തറ മാന്തുന്ന എത്രയെത്ര നൂതനങ്ങളായ ആദർശങ്ങളാണു് അന്നു സർവ്വത്ര പടർന്നുപന്തലിച്ചിരുന്നതു്; ഒരു മാരകായുധമായിരുന്ന നിക്ഷേയുടെ "SuperMan" തുടങ്ങി പലതും.

അദ്ദേഹത്തിൻറ ചരിത്രപരമായ പര്യവേഷണങ്ങളും ദൈവശാസ്ത്രപഠനങ്ങളും ഒടുവിൽ ഫലമണിഞ്ഞു. വി. പത്രോസിൻറ പിൻതുടർച്ചയെ പരാമർശിക്കുന്ന കത്തോലിക്കാ പഠനങ്ങളിലുള്ള അദ്ദേഹത്തിൻറ ഇളക്കമില്ലാത്ത വിശ്വാസം ഉപര്യുപരി വർദ്ധമാനമായിക്കൊണ്ടിരുന്നു. ഈ യാഥാർത്ഥ്യത്തെ അപഗ്രഥനം ചെയ്യുന്ന പല ഗ്രന്ഥതല്ലജങ്ങളും പ്രസിദ്ധീകൃതമായി. റഷ്യൻസഭയുടെ പുനരാഗമനത്തിനായി അവരെ അദ്ദേഹം ആഹ്വാനം ചെയ്തു. അദ്ദേഹം പ്രസ്താവിക്കുന്നു:

"സാർവ്വത്രികസഭയുടെ കൊടിക്കീഴിൽ, ക്രൈസ്തവാന്തരീക്ഷത്തിൽ പടിഞ്ഞാറും കിഴക്കുമുള്ള റോമാകൾ പരസ്പരം കൈകോർത്തുപിടിച്ചു ഒരേഒരു ലക്ഷ്യത്തെ മുൻനിറുത്തി മുന്നേറിയിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ക്രിസ്തീയസത്യങ്ങളെ സർവ്വത്ര പ്രചരിപ്പിക്കുകയായിരുന്നു ആ ലക്ഷ്യം. അന്നു കിഴക്കും പടിഞ്ഞാറും നിഴലിച്ചിരുന്ന പ്രത്യേകതകൾ അവയെ പരസ്പരം വേർതിരിക്കുകയല്ല ചെയ്തതു്. മറിച്ചു അവയെ പരസ്പരം കൂട്ടിയിണക്കി കൂടുതൽ പൂർണ്ണമാക്കി. പക്ഷേ അവ തമ്മിൽ ഏററുമുട്ടി......ഈ വേർതിരിവും ചരിത്രപരമായ ഒരു ആവശ്യകതയായിരുന്നുവെന്നു പറഞ്ഞേക്കാം. എന്നാൽ വേർതിരിവിനു വിരാമമിടുക അതിനേക്കാൾ വലിയ ധാർമ്മികമായ ആവശ്യകതയാണ്."

ഈ വലിയ പിളർപ്പു നികത്തുന്നതിനായി വ്യക്തിപരമായി തന്നെ പങ്കെടുക്കുവാൻ അദ്ദേഹം അരയും തലയും മുറുക്കി. തികഞ്ഞ മതചൈതന്യമുള്ള ആ ലക്ഷോപലക്ഷം റഷ്യാക്കാരുടെ പുനരൈക്യം സാധിക്കുക — അതാണ് അദ്ദേഹം ഭാവനചെയ്ത ഉന്നതലക്ഷ്യം. അതു മാത്രമല്ല, എല്ലാ ക്രൈസ്തവസഭാവിഭാഗങ്ങളുടേയും ഏകീകരണവും. ഈ വിഷയത്തിലുള്ള തൻറെ ആശയങ്ങളും അഭിനിവേശങ്ങളും അദ്ദേഹം ഫ്രഞ്ചുഭാഷയിൽ വിരചിച്ച റഷ്യയും സാർവ്വത്രികസഭയും, ആ വലിയ കലഹം, റഷ്യൻ ആദർശം എന്നീ വിശിഷ്ടഗ്രന്ഥങ്ങൾവഴി വെളിവാക്കി. അങ്ങനെ ഒരു നല്ല കളമൊരുക്കൽ.

ചരിത്രംസൃഷ്ടിച്ച ആ സംഭവം. 1896 ഫെ. 18-ാംനു അദ്ദേഹം കത്തോലിക്കാസഭയെ ആശ്ലേഷിച്ചു, മോസ്കോയിൽവച്ചുതന്നെ. ആ സംഭവം അദ്ദേഹത്തിൻറ അന്ത്യവിനാഴികവരെ പരമരഹസ്യമായിത്തന്നെ സൂക്ഷിക്കപ്പെട്ടു. കാരണം, അന്നാക്കും റഷ്യൻസഭയെ വിട്ടുപേക്ഷിക്കുക അനുവദനീയമായിരുന്നില്ല.

## റഷ്യയിലെ 'ന്യൂമൻ'

റഷ്യൻ "ന്യൂമൻ" എന്നാണ് സൊളൊവിയിവിൻറ അപരനാമം. പക്ഷേ ന്യൂമനെപ്പോലെ അദ്ദേഹം ഒരു പുരോഹിതനായിരുന്നില്ല എന്നൊരു വ്യത്യാസം. ജീവിതാന്ത്യംവരെ ഒരത്മായ തത്വശാസ്ത്രജ്ഞനായിരുന്നു അദ്ദേഹം. അപൂർവ്വം ചില വ്യക്തികൾക്കല്ലാതെ മററാർക്കും—ആത്മസുഹൃത്തുക്കൾക്കുപോലും— അദ്ദേഹത്തിൻറ പുനരൈക്യം അജ്ഞാതമായിരുന്നു.

കിഴക്കൻ റീത്തു് അദ്ദേഹത്തിൻറ സ്നേഹഭാജനമായിരുന്നു. സാർവ്വത്രികസഭയുടെ ഒരമൂല്യനിക്ഷേപമായി അതിനെ അദ്ദേഹം ആഞ്ഞുപുൽകി. അങ്ങനെ അദ്ദേഹം തുടങ്ങിവച്ചു പൗരസ്ത്യപ്രസ്ഥാനത്തിൻറ മൂർദ്ധാവിൽ കൈവച്ചനുഗ്രഹിച്ചിട്ടുണ്ട് തിരുസിംഹാസനം. അദ്ദേഹത്തിൻറ പരിശ്രമങ്ങൾ ഫലമണിയുന്നതിനു മുമ്പുതന്നെ അകാലമൃത്യുവിൻറ ഉഗ്രഹസ്തങ്ങൾ അദ്ദേഹത്തിൻറ മേൽ പതിച്ചു.

റഷ്യയിലെ ബുദ്ധിജീവികളിൽ ചിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ള ഒരു കത്തോലിക്കനാണ് സൊളൊവിവ് എന്ന വസ്തുത അദ്ദേഹത്തിൻറ പ്രത്യേകതയാണ്. അപഥസഞ്ചാരം ചെയ്തുകൊണ്ടിരുന്ന ബുദ്ധിമതികൾക്കു യഥാർത്ഥസംസ്കാരത്തിൻറ വെള്ളിവിളക്കു് അദ്ദേഹം തെളിച്ചുകൊടുത്തു. സത്യത്തിനായി ദാഹിക്കുന്ന ആയിരങ്ങൾക്കു അദ്ദേഹം ആശ്വാസമരുളി.

ഒരേസമയം ഒരു കത്തോലിക്കനും സ്വരാജ്യസ്നേഹിയായ റഷ്യൻപൗരനുമായിരുന്നു അദ്ദേഹം. സത്യത്തെ ആശ്ലേഷിക്കുവാൻ ആവേശപൂർവ്വം അഭിലഷിക്കുന്ന റഷ്യാക്കാരൻറ ആത്മാർത്ഥതയുടെ ആഴം അദ്ദേഹം അളന്നറിഞ്ഞിരുന്നു. റഷ്യൻജനതയിൽ അദ്ദേഹം അർപ്പിച്ചിരുന്ന അനല്പവിശ്വാസം എത്രയും ശുഭോദർക്കമായിരുന്നു. ഈ ഗുണവിശേഷം ഡസ്റ്റവിസ്കിയിലും കതിർചിന്തി എന്നതു പ്രത്യേകം പ്രസ്താവ്യമത്രേ. ക്രിസ്തീയമായ സാഹോദര്യം ഐക്യവുമാണ് റഷ്യയുടെ ഭാവി എന്നു അവർ രണ്ടുപേരും ഉൽഘോഷിച്ചു. ക്രിസ്തുവിൻറെ നാമത്തിൽ, സാർവ്വത്രികമായ ഒരു പുനരൈക്യംവഴി റഷ്യൻജനത വിജയമകുടം ചൂടുമെന്നു ഡസ്റ്റവ്സ്കി പ്രവചിച്ചപ്പോൾ സൊളവിവു പ്രസ്താവിച്ചു. "റഷ്യക്കാർ ദൈവമാതാവിൽ വിശ്വസിക്കുന്നു, ക്രിസ്തുവും ദൈവമാതാവും എല്ലാററിൻേറയും ആരംഭമാകുന്നു" എന്നു്. ഏററം സമഞ്ജസമായ ഒരു സമീപനംവഴി, ഐക്യത്തെ താരിതപ്പെടുത്തുന്ന സ്നേഹത്തിൽക്കൂടിയുള്ള ഒരു രമ്യതവഴിമാത്രമേ ആ പുനരൈക്യം സാദ്ധ്യമാകു. ദുർഗ്രഹമായ വാദപ്രതിവാദങ്ങളോ സുശക്തമായ പരിപാടികളോ ഒന്നുംതന്നെ നേടുവാൻ പോകുന്നില്ല. ഇതായിരുന്നു അദ്ദേഹത്തിൻറ ഉറച്ച ബോധം.

ഓർത്തഡോക്സ്സഭ സാരവത്തായ ക്രൈസ്തവതത്വങ്ങൾ അഭംഗം പാലിക്കുന്നുണ്ട്. വിശ്വാസസത്യങ്ങൾ, പൗരോഹിത്യം, പ: കൂദാശകൾ. മുതലായി സഭ അംഗീകരിച്ചിട്ടുള്ളവയെല്ലാംതന്നെ. പൗരസ്ത്യസഭയുടെ പഠനങ്ങൾ അധിഷ്ഠിതമായിരിക്കുന്നതു പൗരസ്ത്യപിതാക്കന്മാരിലാണ്. അവരാണെങ്കിൽ കിഴക്കൻസഭയുടേയെന്നപോലെ പടിഞ്ഞാറൻ സഭയുടേയും പൊതുസ്വത്തും. ഇതാരമായിരുന്നു ആ ചിന്താഗതി.

റഷ്യൻജനതയ്ക്കു തങ്ങളുടെ വിശ്വാസത്തിനനുരൂപമായി ജീവിക്കുന്നതിനും വിശ്വാസത്തിലൂടെ ജീവിതത്തെ ചിത്രീകരിക്കുന്നതിനുമുള്ള കഴിവു് അന്യാദൃശമാണ്. ഈ വാസ്തവത്തെപ്പററിയുള്ള അനുസ്മരണമാണ് അദ്ദേഹത്തെ ചൈതന്യപ്രബുദ്ധനാക്കിയ ശക്തിവിശേഷം. അദ്ദേഹത്തിൻറ പ്രബോധനങ്ങൾ വെറും സൂത്രവാക്യങ്ങളായിരുന്നില്ല. അവ ഒരു സജീവസന്ദേശവും പ്രവർത്തനത്തിനായുള്ള ഒരു കിടയററ ആഹ്വാനവുമാണ്. സ്വാഭാവികങ്ങളിൽനിന്നു അതിസ്വാഭാവികങ്ങളിലേക്കുള്ള ഒരു രൂപാന്തരീഭാവം.

സ്വജനതയോടദ്ദേഹം ഉദാരബുദ്ധനായിരുന്നുവെങ്കിലും അതു സങ്കുചിതമായ ദേശീയബോധത്തിൽചെന്നവസാനിച്ചില്ല. ഗുണവും ദോഷവും ഒരേസമയം പൊക്കിക്കാണിക്കുവാനുള്ള മഹാമനസ്കതയും അദ്ദേഹത്തിനു സ്വായത്തമായിരുന്നു.

ഐക്യത്തിനായി സമസ്തലോകത്തേയുമാണദ്ദേഹം ആഹ്വാനം ചെയ്തതു്, റഷ്യൻജനതയെ മാത്രമല്ല. സാർവ്വജനീനമായ സാഹോദര്യം, സാമുദായികനീതി, ആദ്ധ്യാത്മികമായ ഐക്യം ഇവയിലായിരുന്നു ആ ഹൃദയത്തുടിപ്പുകൾ. സാർവ്വത്രികമായ സഹാനുഭൂതിയും അദ്ദേഹത്തിൽ സവിശേഷം വിളങ്ങിയിരുന്നു. ഹതഭാഗ്യരായ യഹൂദജനതയുടെനേരെ അദ്ദേഹത്തിൻറ സഹതാപം എത്ര ഹൃദയസ്പൃക്കെന്നു നോക്കുക. ക്രൈസ്തവതത്വങ്ങളനുസരിച്ചു പെരുമാറുവാൻ ഇതേവരെ നാം പഠിച്ചിട്ടില്ലെന്നതാണ് യഹൂദപ്രശ്നം വെളിവാക്കുന്നതു് എന്നാണദ്ദേഹത്തിൻറ നിഗമനം.

സംഭവബഹുലമായ ആ നീണ്ട ജീവിതത്തെപ്പററിയുള്ള പര്യവേഷണങ്ങളും ചരിത്രപഠനങ്ങളും ഇനിയും അവസാനിച്ചിട്ടില്ല. പ്രതിഭാശാലിയായ, പണ്ഡിതനായ ഈ പ്രവാചകൻറ ദീർഘദർശനങ്ങൾ അടുത്തഭാവിയിൽത്തന്നെ യാഥാർത്ഥ്യമായിത്തീരുമെന്നു നമുക്കു പ്രത്യാശിക്കാം. നിരീശ്വരഭരണത്തിൻറ ഉരുക്കുമുഷ്ടികളിൽ വീർപ്പുമുട്ടുന്ന റഷ്യൻജനതയുടെ നെടുനിശ്വാസങ്ങൾ ക്രിസ്തുവിങ്കലേക്കും ദൈവമാതാവിൻ പക്കലേക്കും ഇന്നും ഉയരുന്നുണ്ട്.

വ്ളാഡിമീർ സൊളൊവിയിവിൻറ പ്രേഷിതപ്രവർത്തനത്തിൻറ സാരാംശമിതാണ്: "ഐക്യത്തിൻറ തത്വം ദൈവമാണ്. അങ്ങിൽനിന്നല്ലാതെ മനുഷ്യർ തമ്മിലുള്ള യാതൊരു യോജിപ്പും സാദ്ധ്യമേയല്ല." (എം. കെ.)






## നവപൂജാർപ്പണം



ഫാദർ ഉർബൻ
ഒ. എഫ്. എം. (Cap)

ആലുവാ ഇടവക പയ്യപ്പിള്ളിൽ കുടുംബാംഗമായ റവ. ഫാദർ ഉർബൻ അവർകൾ കോട്ടഗിരി ഫ്റയറിചാപ്പലിൽവച്ചു് മാർച്ച് 24-ാംനു വൈദികപട്ടം സ്വീകരിക്കുകയും ഏപ്രിൽ 2-ാം തിയതി ഇടവകപ്പള്ളിയിൽവന്നു അവിടെ പ്രഥമദിവ്യബലി അർപ്പിക്കുകയും ചെയ്തിരിക്കുന്നു. 1-ാംതിയതി ആലുവാ സെൻറ് ആൻറണീസ് കൊവേന്തയിൽ വന്നു വിശ്രമിച്ചിരുന്ന നവവൈദികനെ സ്ഥലം വിൻസെൻറ് ഡി പോൾ സംഘത്തിൻറ നേതൃത്വത്തിൽ അനേകംകാറുകളുടെ അകമ്പടിയോടുകൂടി തിങ്ങളൂർ കാലത്തു ഇടവകപ്പള്ളിയിലേക്കു ആനയിക്കുകയും പള്ളിയുടെ മൻഭാഗത്തുവച്ചു അനേകം വൈദികരും ഒരു വമ്പിച്ച ജനക്കൂട്ടവും ചേന്നു് അദ്ദേഹത്തെ സാഘോഷം സ്വീകരിക്കുകയുംചെയ്തു. ആഘോഷമായ ബലിയർപ്പണത്തെ ഇടന്നു് റവ. ഫാദർ ഫെലിക്സ് സി. ഡി. എം. പ്രസംഗിച്ചു. ഇടന്നു പരിശുദ്ധ കർബാനയുടെ വാഴ്വും സ്തോത്രഗീതവും നവവൈദികൻറ പ്രധാനകാർമ്മികത്വത്തിൽ നടന്നു. റൈററ് റവ. മോൺ: ജോർജ് വല്യാറമ്പത്തു്, സെമ്മിനാരിറെക്ടർ വെരി റവ. ഫാദർ ഔറേല്യൻ സി. ഡി., വൈസ്റെക്ടർ വെരി റവ. ഫാദർ സക്കറിയാസ് സി. ഡി. കമ്മലിത്താ പ്രിയോർജനറാൾ വെരി റവ. ഫാദർ മാവുരൂസ് മുതലായി 20-ൽപ്പരം വൈദികരും ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരും എം എൽ എ മാരുമായ പല പ്രശസ്തവ്യക്തികളും ഉത്സാഹഭരിതരായ ഇടവകജനങ്ങളും അവയിലെല്ലാം പങ്കുകൊണ്ടു. നവവൈദികനെ അനുമോദിക്കുന്നതിനായി പാരിഷ്ഹാളിൽ ഇടവകക്കാരുടെ ഒരു പൊതുയോഗം വെരി റവ. ഫാദർ ഡോമിനിക് കോയിക്കര അവർകളുടെ അദ്ധ്യക്ഷതയിൽചേന്നു. പൗരോഹിത്യമാഹാത്മ്യത്തേയും സന്യാസജീവിതത്തിൻറ പ്രത്യേക വൈശിഷ്ട്യങ്ങളേയും സമ്യക്കായി പ്രതിപാദിച്ചും നവവൈദികൻറ വ്യക്തിമാഹാത്മ്യത്തേയും ത്യാഗധീരതയേയും പ്രത്യേകം പരാമർശിച്ചും ശ്രീ ചാണ്ടി പാറയിൽ ബി. എ. എൽ. ടി., മി. കെ. കെ. ജോസഫ് ബി. എ., റവ. ഫാദർ ജോസഫ് വിതയത്തിൽ ബി. എ. എൽ. ടി. മുതലായവർ പ്രസംഗിച്ചു. സ്ഥലത്തെ സിസിലിയൻ ക്ലബ്ബുകാരുടെ സംഗീതപ്രകടനങ്ങൾ യോഗത്തെ അത്യധികം ആനന്ദിപ്പിച്ചു. നവവൈദികൻ മംഗളാശംസകൾക്കും എല്ലാവരുടേയും സഹകരണത്തിനും കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടു മറുപടിപ്രസംഗം നിർവ്വഹിച്ചു. മീററിംഗിനുശേഷം നവവൈദികൻറ കുടുംബവീട്ടിൽ ചായസൽക്കാരം നടന്നു. നവവൈദികൻ ഏതാനും ദിവസങ്ങൾക്കുശേഷം മടങ്ങിപ്പോകുന്നതാണ്.

ആഖ്യായിക

# ബറാബാസ്



## അദ്ധ്യായം 14 [തുടർച്ച]

## "മിറിയാം; മിറിയാം"

[വി. സി. ജോർജ്ജ് ബി. എ. എൽ. ററി.]

കഴിഞ്ഞ് വൈഷമ്യം പിടിച്ച സംഗതികൾ പറഞ്ഞുതീർക്കുന്ന കാര്യത്തിൽ റബ്ബി നഥാനിയേൽ സമർത്ഥനായിരുന്നു. ചില്ലറ കാര്യങ്ങളിൽ എതിരാളിയുടെ അഭിപ്രായം സ്വീകരിക്കുവാൻ റബ്ബി പ്രകടിപ്പിച്ച സന്നദ്ധത അദ്ദേഹത്തിന്റെ വിജയത്തിനു പ്രധാനകാരണമായി വിശ്വസിക്കപ്പെട്ടു. അപ്പോഴത്തെ ചർച്ചാവിഷയത്തിൽ ശാന്തമനോവികാസം വെളിപ്പെടുത്തുവാൻ പ്രയാസമുണ്ടായിരുന്നില്ല. യൂദാ ബെൻയാക്കോബിനെപ്പററി അദ്ദേഹത്തിനുതന്നെ നല്ല അഭിപ്രായമുണ്ടായിരുന്നില്ല. ആകയാൽ ബറാബാസിന്റെ ചോദ്യം റബ്ബി പൊട്ടിച്ചിരിക്കുവാൻ അവസരം നൽകി.

"കേമമായി ബറാബാസ്! മരച്ചെരിപ്പുകളും കണ്ണാടിക്കഷണങ്ങളും! പക്ഷെ ഒരുകാര്യം എനിക്കു ഗ്രഹിക്കുവാനുണ്ട്. നിങ്ങളെപ്പോലെ വിനോദരസികനായ ഒരാൾ യൂദാ ബെൻയാക്കോബെന്ന ഒരു മോഷകന്റെ സംഗതിയിൽ കോപിക്കുന്നതെന്തിനു്? യൂദാ ബെൻയാക്കോബ് വെറും ഒരു അലങ്കാരക്കോലമായിരുന്നാൽ മതിയാകുമെന്നു് ഞങ്ങൾ പറഞ്ഞതിന്റെ സാരം നിങ്ങൾ ഗ്രഹിച്ചില്ലെന്നു വരുമോ?"

"റബ്ബി നഥാനിയേൽ, ഞാൻ ഗ്രഹിച്ചു, നല്ലവണ്ണം ഗ്രഹിച്ചു" എന്നായിരുന്നു ബറാബാസിന്റെ അമധുരമായ മറുപടി.

"ബറാബാസ്, നിങ്ങൾ ഗ്രഹിച്ചുവെന്നു ഞാൻ കരുതുന്നില്ല. ഒരു നിമിഷത്തേക്കു് യുക്തിപൂർവ്വം ചിന്തിച്ചാട്ടെ. ധാരാളമായി ആളുകളെ ശേഖരിക്കുകയും അവർക്കു് ആയുധസാമഗ്രികൾ ഉണ്ടാക്കുകയും ചെയ്യുന്നതിലേക്കു് ആവശ്യമായ ധനം പുരോഹിതന്മാരാണല്ലോ നിങ്ങൾക്കു നൽകിയതു്. എന്നാൽ ജറുസലേമിലുള്ള ഞങ്ങളുടെ ധനാഗമമാർഗ്ഗങ്ങൾ അക്ഷയമല്ലാ. യൂദാ ബെൻയാക്കോബ് സ്വത്തുകാരനാണ്. വമ്പിച്ച ധനാഢ്യൻ ജനങ്ങളെ വശീകരിക്കുവാനുതകുന്ന ഒരുൽകൃഷ്ട നാമം അയാൾ വഹിക്കുന്നുമുണ്ട്. അയാളുടെ ധനവും അയാളുടെ പേരും പ്രസ്ഥാനം കൂടുതൽ വ്യാപകമായവിധം കെട്ടിപ്പടുക്കുവാൻ നിങ്ങളെ സഹായിക്കും. നിങ്ങളുടെ അഭിമാനത്തിനല്പം ഉടവുവന്നാലും ഈ അനുകൂലസാഹചര്യങ്ങൾ നമ്മുടെ ഉദ്ദേശ്യസിദ്ധിക്കുവേണ്ടി ഉപയോഗിക്കുകയല്ലയോ നിങ്ങൾ ചെയ്യേണ്ടതു്. ഞങ്ങൾ ഇനിയും എന്തുചെയ്യണം? യുദ്ധവിദഗ്ധനും പരിചയസമ്പന്നനുമായ ഒരാളെ ഞങ്ങൾ നിങ്ങൾക്കയച്ചുതന്നുവെങ്കിൽ ഞങ്ങളുടെ പേരിൽ പരിഭവം തോന്നുവാൻ നിങ്ങൾക്കവകാശമുണ്ടായിരുന്നു. എന്നാൽ പൊന്നിൽപൊതിഞ്ഞ ഈ അങ്ങിന്നു്, ഈ പാവ—ഞാൻ നിങ്ങളോടു കാര്യങ്ങൾ തുറന്നുപറയുകയാണ്—നിങ്ങളുടെ മാനത്തിനോ നാമത്തിനോ കോട്ടം തട്ടിക്കുവാൻ മതിയാകുകയില്ലാ. നിങ്ങളുടെ ആളുകളുടെ സമക്ഷം അയാൾ എത്രയധികം ദർഹണീയനാകുമോ അത്രയധികമുയരുകതന്നെ ചെയ്യും നിങ്ങളുടെ പ്രശസ്തി."

"ഒന്നാംതരം ചക്രവാക്കുകൾ!" ബറാബാസ് മറുപടി പറഞ്ഞുതുടങ്ങി. റബ്ബി നഥാനിയേൽ, താങ്കളുമായി വാദം തുടരുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല, അങ്ങനെ ചെയ്താൽ എനിക്കു തോൽവി നിശ്ചയമാണ്. ഞങ്ങളുടെ പക്കലേക്കു് ഈ കണ്ണാടിക്കാരനെ അയച്ചുതന്നിരിക്കുന്നതും നിങ്ങൾ പ്രസ്ഥാനത്തെ ആക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളതു്. ഏതായാലും നിങ്ങൾ ഉണ്ടാക്കിയതു് നിങ്ങൾതന്നെ കുടിക്കുകയേ വേണ്ടൂ. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ഈ കളിയിൽനിന്നു പിന്മാറുവാൻ തീരുമാനിച്ചിരിക്കുകയാണ്."

"നാം തമ്മിൽ ഒരു വ്യവസ്ഥയുണ്ടാക്കിയവിവരം ബറാബാസ് വിസ്മരിച്ചുവോ?" റബ്ബി നഥാനിയേൽ തുടർന്നു: "യൂദാ ബെൻയാക്കോബിന്റെ കാര്യവും അതിൽ ഉൾപ്പെട്ടിരുന്നു. നിങ്ങൾക്കുള്ള ധനസഹായം യൂദാ ബെൻയാക്കോബിന്റെ സേവനത്തെ ആശ്രയിച്ചായിരുന്നു. സത്യനിഷ്ഠമായ ഒരു വ്യവസ്ഥയിലുള്ള അനുകൂലപ്രതികൂലസാഹചര്യങ്ങൾ ഒരുപോലെ സ്വീകാര്യങ്ങളത്രെ. മാത്രമല്ല, ഞങ്ങളുടെ ഒരു പ്രതിഹസ്തനെങ്കിലും നിങ്ങളുടെ പാളയത്തിൽ ഉണ്ടായിരിക്കേണമെന്നു് പുരോഹിതഗണം ആഗ്രഹിക്കുന്നതു് യുക്തിയുക്തമല്ലേ?"

ഈ അഭിപ്രായം ബറാബാസിന്റെ സഹനശക്തിയെ ഉല്ലംഘിച്ചു. കോപഭ്രാന്തുപിടിച്ച അയാൾ അടുത്തുണ്ടായിരുന്ന ഒരു മുക്കാലിയെടുത്തു് ഊക്കോടെ ഭിത്തിക്കു നേരെയെറിഞ്ഞു. മുക്കാലി പല കഷണങ്ങളായി തകർന്നതിനെത്തുടർന്നു്, ബറാബാസ് മുറിവേററ ഒരു മൃഗംകണക്കെ ഞരങ്ങുവാനും തുടങ്ങി. അനന്തരം അയാൾ അലറിക്കൊണ്ടു പറഞ്ഞു "എനിക്കു സഹിക്കാവുന്നതിലധികമായി. പാളയത്തിൽ പുരോഹിതന്മാരുടെ പ്രതിഹസ്തൻ! ഞാനവിടെയായിരുന്നപ്പോൾ നിങ്ങൾക്കൊട്ടുവളരെ പ്രതിഹസ്തന്മാർ പാളയത്തിലുണ്ടായിരുന്നില്ലേ? ഞാനറിയാതെ ഒട്ടുവളരെ റിപ്പോർട്ടുകൾ പാളയത്തിൽനിന്നു ജറുസലേമിൽ ലഭിച്ചിട്ടുണ്ടെന്നെനിക്കറിയാം. പാളയത്തിൽ കുഴപ്പമുണ്ടാക്കുവാൻ ജോയലിനും അയാളുടെ കിങ്കരന്മാർക്കും നിങ്ങൾ പണം കൊടുക്കുന്നില്ലേ? ഞാൻ വെറും അന്ധനാണെന്നും നിങ്ങളുടെ വിദ്യകളൊന്നും അറിയുന്നില്ലെന്നും ആണോ നിങ്ങളുടെ വിചാരം? യുദ്ധത്തിൽ നിങ്ങൾക്കെന്നെയും എന്റെ ശക്തിയും വേണം—അതിന്റെ ശേഷം നിങ്ങൾക്കിഷ്ടമുള്ളപ്പോൾ നിങ്ങൾ എന്നെ ഉപേക്ഷിക്കുകയും ചെയ്യും. ആവശ്യം അനുസരിച്ചു് ഉപയോഗിച്ചുകഴിഞ്ഞിട്ട സമരായരെ അട്ടകളെപ്പോലെ കൊല ചെയ്യണമെന്നാണല്ലോ മുഖ്യപുരോഹിതന്റെ അഭിപ്രായം. അവരോടൊപ്പം എന്റെ കഥയും കഴിച്ചുകാണും. നിങ്ങൾ എന്നെ പെരുങ്കള്ളനെന്നും കൊലപാതകിയെന്നും വിളിക്കുന്നു. നിങ്ങളുടെ ഭക്തിയും നീതിനിഷ്ഠയുമൊക്കെ നിലവിലിരുന്നിട്ടു് നിങ്ങൾ മറാമാണോ? നസ്രായൻ ഈശോയോടൊപ്പം വെച്ചിരിക്കുന്ന ഒരു കുഞ്ഞാടാണു് ഞാൻ എന്നു് നിങ്ങൾ കരുതുന്നുണ്ടോ? റബ്ബി നഥാനിയേൽ, ഇവിടെ നിന്നിറങ്ങി നിങ്ങളുടെ മുഖ്യപുരോഹിതന്റെ പക്കൽ ചെന്നു് നിങ്ങളുമായുള്ള സകല ബന്ധവും ഞാൻ ഉപേക്ഷിച്ചിരിക്കുന്നതായി പറയൂ. ഇനിക്കിനിയൊന്നും പറയാനില്ലാ- ഇറങ്ങു വെളിയിൽ."

റബ്ബി നഥാനിയേൽ എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങി. നസ്രായന്റെ കാര്യം ബറാബാസ് എടുത്തുപറഞ്ഞതിന്റെ സാംഗത്യത്തെപ്പററി റബ്ബി ചിന്തിച്ചു. ബറാബാസ് അന്ധനല്ലെന്നു് അയാൾ പറയുകയുണ്ടായല്ലോ. പുരോഹിതന്മാരുടെ ആശയഗതി ബറാബാസ് എത്രമാത്രം ഗ്രഹിച്ചിരിക്കാം? നസ്രായൻ ജറുസലേം ലക്ഷ്യമാക്കി യാത്രതുടർന്നുകൊണ്ടിരിക്കവേ വീണ്ടും തനിക്കൊരു പരാജയം ബറാബാസിൽനിന്നുണ്ടായി എന്ന ബോധം റബ്ബിയെ അത്യധികം അസ്വസ്ഥനാക്കി. അദ്ദേഹം തയ്യാർചെയ്തിരുന്ന വാദഗതിയൊക്കെ നാടുകടന്നു. ബറാബാസിന്റെ ഉള്ളിലേക്കു തുളച്ചുകയറുന്ന ഒരു നോട്ടത്തോടുകൂടി റബ്ബി സംഭാഷണം തുടർന്നു: "ബറാബാസ്, പുരോഹിതന്മാരുടെ കൈ വളരെ ദൈർഘ്യമുള്ളതാണെന്നും മരുഭൂമിയുടെ അതിർത്തിക്കപ്പുറമെത്തുവാൻ അതിനു സാധിക്കുമെന്നും നിങ്ങൾ മറന്നുകളയുന്നു."

"എന്തു്! റബ്ബി, നിങ്ങൾ എന്നെ ഭയപ്പെടുത്തുകയാണോ?"

"ഞാൻ ഭയപ്പെടുത്തുകയല്ലാ. വസ്തുത പ്രസ്താവിക്കുന്നേയുള്ളു. പുരോഹിതർ നിങ്ങളെ വിശ്വസിച്ചു; നിങ്ങൾക്കു പണവും തന്നു. നിങ്ങൾ ഞങ്ങളെ ഭഗ്നാശരാക്കുന്നുവെങ്കിൽ......"

ബറാബാസ് കോപാവിഷ്ടനായി എന്തോ പറയുവാൻ ഭാവിക്കുകയിൽ പെട്ടെന്നു വാതിലിൽ മുട്ടിയ ഒരു ശബ്ദംകേട്ടു എസ്രാം ഞെട്ടിയെണീററു് മരഭിത്തിയിൽ ഇളക്കിമാററത്തക്കവണ്ണമുണ്ടായിരുന്ന ഒരു ഭാഗം ഇളക്കി. എന്തു സംഭവിക്കുന്നുവെന്നു ചിന്തിക്കുവാൻ റബ്ബി നഥാനിയേലിനു് സമയം ലഭിക്കുന്നതിനുമുമ്പു് എസ്രായും ബറാബാസും ഭിത്തിക്കപ്പുറത്തെ മുറിയിലേക്കു ചാടി അപ്രത്യക്ഷരാകുകയും ഭിത്തിയുടെ ഇളകിയഭാഗം പൂർവ്വസ്ഥാനത്തുറപ്പിക്കുകയും ചെയ്തു.

ഈ സംഭവത്തിനിടയിൽ കെട്ടിടത്തിന്റെ പുറത്തെ വാതിൽക്കൽ വലിയ അട്ടഹാസവും കട്ടിയായ മുട്ടും തട്ടുമുണ്ടായി. പലക ഞെരിയുന്ന ശബ്ദവും പുരുഷന്മാരുടെ പരുഷസ്വരവും ഒരു സ്ത്രീയുടെ ആർത്തനാദവും കേൾക്കപ്പെട്ടു. പെട്ടെന്നു വാതിൽ പൊളിച്ചു് കൈയിൽ പന്തങ്ങളും തെളിച്ചു് ഒരുസംഘം റോമൻഭടന്മാർ മുറിയിൽ പ്രവേശിച്ചു. അപ്രതീക്ഷിതമായുണ്ടായ പ്രകാശപൂരത്തിൽ അന്ധനായിത്തീർന്ന റബ്ബിയെ ഭടന്മാർ പിടിച്ചു് അദ്ദേഹത്തിന്റെ കൈകൾ കൂട്ടി ബലമുള്ള തുകൽവാറുകൊണ്ടു കെട്ടുകയായിരുന്നു അനന്തരകൃത്യം. ഒരു ഭടൻ പന്തം റബ്ബിയുടെ മുഖം ചേർത്തുപിടിക്കുകയും ഒരു യുവശതാധിപൻ അടിവെച്ചടുത്തു് അദ്ദേഹത്തെ ആപാദചൂഡം ഉററുനോക്കുകയുംചെയ്തു.

"നിങ്ങൾ ആരാണു്? നിങ്ങൾ ബറാബാസല്ലല്ലോ?" ശതാധിപൻ അരാമായഭാഷയിൽ സംസാരിച്ചു.

"ജറുസലേമിലെ നഥാനിയേൽ പുരോഹിതനാണു് ഞാൻ" റബ്ബി പറഞ്ഞു.

വിസ്മയഭരിതനായ ശതാധിപൻ ഗ്രീക്കിൽ ചോദിച്ചു: "നിങ്ങൾ ഇവിടെ എന്തു ചെയ്യുകയാണു്?"

നഥാനിയേൽറബ്ബി സഗർവ്വം മറുപടിപറഞ്ഞു: "അതെന്തിനു നിങ്ങൾ അറിയുന്നു? ഞാൻ ബറാബാസല്ല. നിങ്ങൾ എന്റെ കൈ കെട്ടുവാനെന്തുബന്ധം?"

ഈ ചോദ്യം അവഗണ്യമാക്കിക്കൊണ്ടു് ശതാധിപൻ പറഞ്ഞു: "എനിക്കറിയേണ്ട കാര്യം നിങ്ങളെ മനസ്സിലാക്കാം, ബറാബാസ് എവിടെയാണു്? സ്വല്പം മുമ്പു് അയാൾ ഇവിടെ ഉണ്ടായിരുന്നുവല്ലോ."

"അയാൾ ഭിത്തിക്കുള്ളിൽക്കൂടി കടന്നുകളഞ്ഞു." ഭിത്തിയിലെ ഇളകിയഭാഗം ചൂണ്ടിക്കാണിച്ചുകൊണ്ടു് റബ്ബി സമാധാനം നൽകി.

"അവിടെങ്ങും വാതിൽ ഇല്ലല്ലോ!"

"ആ ഭാഗം ഇളകാവുന്നതാണു്." ശതാധിപൻ ധൃടതിയിൽ ആജ്ഞനൽകി. ഉത്തരക്ഷണത്തിൽ നീളപലക മാറി. ഇരുളടഞ്ഞ ഒരു ദ്വാരം ജൃംഭകമായി പ്രത്യക്ഷപ്പെട്ടു.

"അവന്റെ പിറകെ!" ശതാധിപൻ അലറി ഭടന്മാരിൽ മൂന്നുപേർ കൈകളിൽ പന്തവുമായി ദ്വാരത്തിലൂടെ ചാടിയിറങ്ങി. പെട്ടെന്നവർ മടങ്ങിവന്നു് അതൊരു നിർഗ്ഗമനമാർഗ്ഗമാത്രമാണെന്നും അതിലെ പോയാൽ ഒരു മരമഞ്ചത്തിനടിയിൽക്കൂടി തെരുവിലെത്തുമെന്നും അറിയിച്ചു. ശതാധിപൻ കെട്ടിടത്തിൽ നിന്നോടിയിറങ്ങി. അയാൾ ഓരോ നിർദ്ദേശം നൽകുന്നതും, ഭടന്മാർ അന്വേഷണാർത്ഥം അങ്ങുമിങ്ങുമോടുന്നതും, കുതിരകളുടെ കുളമ്പടിയും, അനന്തരമൊരട്ടഹാസവും, തുടർന്നൊരു സ്ത്രീയുടെ ക്രന്ദനവും കേൾക്കാമായിരുന്നു. റബ്ബി ബന്ധിതനായി നാലു ഭടന്മാരുടെ ബന്തവസ്സിൽകഴിഞ്ഞ ആ മുറിയിലേക്കു് ശതാധിപൻ പിന്നീടു തിരിച്ചുവന്നു.

"ബറാബാസ് എങ്ങോട്ടോടിപ്പോയിരിക്കുകയാണെന്നു നിങ്ങൾക്കറിയാമോ?" ശതാധിപൻ ആ പുരോഹിതനോടു വീണ്ടും ചോദിച്ചു.

"ഇല്ല" എന്നു് നഥാനിയേൽ റബ്ബി ഉറപ്പിച്ചുപറഞ്ഞു.

(തുടരും)

---

(2-ാംപേജ് തുടർച്ച)

രഹസ്യപ്പോലീസിന്റെ പ്രവർത്തനം അതിഭീകരമായിരുന്നു അവിടെ. ഒരു പ്രഭാതത്തിൽ കാണാം അവിചാരിതമായി റഷ്യൻപൗരന്മാരെ വിലങ്ങുവച്ചുകൊണ്ടു പോകുന്നതു്. കാരണം രഹസ്യപ്പോലീസിനുമാത്രമറിയാം. ഒരു വീട്ടിൽതന്നെ അന്യോന്യം ഒററിക്കൊടുക്കലുകൾ നടക്കുന്നു. രഹസ്യപ്പോലീസിന്റെ പ്രവർത്തനമണ്ഡലത്തു്. ഭർത്താവു് ഭാര്യയെ ഒററുകൊടുക്കുന്നു; ഭാര്യ ഭർത്താവിനേയും, പിതാവു് മകനേയും മകളേയും, അവർ മറിച്ചും ഒററിക്കൊടുക്കുകയാണു്. മനുഷ്യജീവിതം ഒരു ചുടലക്കളമായിരുന്നു അവിടെ. ചോര! എവിടേയും ചോര!

1918-ൽ അന്നത്തെ സോവ്യററു് മുഖപത്രമായ "Red Gazette" എഴുതിയ വാചകങ്ങൾ സ്റ്റാലിൻ നടപ്പാക്കുകയായിരുന്നു. അതിതാണു്: "സമുദ്രംപോലെ ശത്രുക്കരം കണ്ടാലും അതു ചഞ്ചലിക്കുകയില്ല. ഞങ്ങളി രക്തച്ചാലുകൾ തുറന്നുവിടാൻപോകുന്നു. ആയിരമായിരങ്ങളായി അവർ മരിക്കട്ടെ; അവരുടെ സ്വന്തം രക്തത്തിൽ അവർ മുങ്ങിമരിക്കട്ടെ!"

പീലാത്തോസിന്റെ അരമനയിൽവച്ചു് "അവനെ ക്രൂശിക്കണം, അവനെ ക്രൂശിക്കണം" എന്നാക്രോശിച്ച യഹൂദജനപ്രളയത്തിന്റെ ഒരാവർത്തനം!! ആയിരമായിരം മതവിശ്വാസികളെ, പുരോഹിതന്മാരെ, വൈദികമേലദ്ധ്യക്ഷന്മാരെ ആ ഏകഛത്രാധിപതി കഴുവിലേററി; തടവിലാക്കി; അടിമക്യാമ്പുകളിൽ അടിയറവച്ചു. സ്റ്റാലിന്റെ ഏകാധിപത്യവാഴ്ചക്കാലത്തു് കൊല്ലപ്പെട്ട മതവിശ്വാസികളുടേയും സ്വാതന്ത്ര്യപ്രേമികളുടേയും സംഖ്യ ലക്ഷക്കണക്കിനാണു്. (തുടരും)

—o—

പ്യാരി (REGD) ഔഷധ സോപ്പ്
ചുണങ്ങ്, താരൻ
മുഖക്കുരു, പുഴക്കടി
നിറഭേദങ്ങൾ
മുതലായവക്ക്
PYARY PRODUCTS (REGD) T.C.S

## മനോധർമ്മ



"കുഞ്ഞുമോക്കടെ മടവിണ്ടപല്ലൊക്കെ വേദനിച്ചിട്ടവയ്യാന്നു് ഒന്നുകൊണ്ടോയി അതു് പറിപ്പിച്ചു് മാററിവെപ്പിച്ചു് കൊടുക്കിൻ."

"ഒരു മാസംകൂടി ക്ഷമിക്കു. കെട്ടിച്ചു കൊടുത്താം പിന്നെ അവൻ പറിപ്പിക്കോ, വെപ്പിക്കോ എന്തെങ്കിലുമായിക്കോളല്ലോ!"

x x x

ജാക്ക് ഒരു സ്നേഹിതനെ ടെലഫോണിൽ വിളിച്ചു് അത്യാവശ്യമായി 25ക. വായ്പ കൊടുത്തുവിടണമെന്നാവശ്യപ്പെട്ടു. കാര്യം മനസ്സിലായപ്പോൾ സ്നേഹിതൻ പറഞ്ഞു:- "മി. ജാക്ക്, നിങ്ങൾ പറയുന്നതൊന്നും എനിക്കു തിരിയുന്നില്ല. ഫോണിനു എന്തോ തകരാറുണ്ട്."

ജാക്ക് ആപ്പീസിലേക്കു വിളിച്ചുപറഞ്ഞു കണക്ഷൻ ശരിപ്പെടുത്തിക്കൊടുക്കുവാൻ.

ഓപ്പറേററർ:- "ഇവിടെ കണക്ഷനൊന്നും ഒരു കുഴപ്പവുമില്ല. നിങ്ങൾ പറയുന്നതു ഞാൻ ശരിയായി കേൾക്കുന്നുണ്ടല്ലോ. ഹലോ, നമ്പർ 48."

സ്നേഹിതൻ:- "എനിക്കൊന്നും തിരിയുന്നില്ല."


ഓപ്പറേററർ:- "അതെങ്ങിനെയാണു്. അദ്ദേഹം നിങ്ങളോടു് 25കയല്ലേ ആവശ്യപ്പെടുന്നതു്. അതെനിക്കു ശരിക്കു മനസ്സിലാകുന്നുണ്ടല്ലോ?"

സ്നേഹിതൻ:- "അങ്ങിനെയാണോ? എന്നാൽ അയാളുടെ ആവശ്യം നിങ്ങളങ്ങു നടത്തിക്കൊടുത്തേക്കുക. ഇതു പിന്നെ ശരിയാക്കാം."

Reg. No. M. 2293

# Sathya Deepam

Vol. 29 Ernakulam April 11 1956 No. 34



## ബാലരംഗം

## "വിദ്യാർത്ഥി മദ്ധ്യസ്ഥൻ"

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,




സ്റ്റാനിയുടെ ദൈവവിളിയെപ്പററിയാണല്ലോ കഴിഞ്ഞ ദിവസത്തെ ബാലരംഗത്തിൽ നാം പ്രതിപാദിച്ചതു്. ദൈവം ഏതെങ്കിലും ഒരു പ്രത്യേക ജീവിതാന്തസ്സിലേക്കു നമ്മെ വിളിക്കുന്നുവെന്നു മനസ്സിലാക്കിയാൽ അതിനെ സ്വീകരിക്കുന്നതിനും ആ ജീവിതസ്ഥിതിയിൽ ദൈവം നമുക്കായി ഒരുക്കിവച്ചിരിക്കുന്ന ധാരാളമായ അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനും ഒട്ടും അലസത വിചാരിക്കരുതു്. ഈ അലസത ഒരുപക്ഷെ നിത്യനാശത്തിനുപോലും ഇടയാകാവുന്നതാണെന്നത്രെ ആദ്ധ്യാത്മികഗുരുക്കന്മാർ അഭിപ്രായപ്പെടുന്നതു്. സ്റ്റാനി ക്ലേശകരങ്ങളായ പല പ്രതിബന്ധങ്ങളേയും തരണംചെയ്തു വിജയമടയുന്ന മാതൃകയാണു് നമുക്കു കാണിച്ചുതരുന്നതു്. ഈശോസഭയിൽ ചേരുന്നതിനു ബാലനായ സ്റ്റാനി ജ്യേഷ്ഠന്റെ പിടിയിൽനിന്നും ഓടി രക്ഷപെട്ടു. ദൈവം ആ കുഞ്ഞിനെ സംരക്ഷിച്ചു. മാർഗ്ഗമദ്ധ്യേ യാത്രക്കാരായ ഈശോസഭാംഗങ്ങളെ കണ്ടുമുട്ടുകയും അവരോടുകൂടി സുരക്ഷിതമായി ഉദ്ദിഷ്ടസ്ഥാനത്തെത്തുകയുംചെയ്തു. സ്റ്റാനിയുടെ നല്ല ആഗ്രഹങ്ങളും, സൽഗുണങ്ങളും, ദൈവഭക്തിയുംകണ്ടു് സഭാധികാരികൾ വളരെ സന്തോഷിച്ചു. അക്സ്ബെർഗ്ഗിൽവച്ചു് സഭാശ്രേഷ്ഠനായ ഫാദർ പീററർ കനീസിയൂസ് സ്റ്റാനിയെ സഭാംഗമായി സ്വീകരിച്ചു. അനന്തരം സ്റ്റാനി ഈശോസഭയുടെ കേന്ദ്രമായ റോമിലേക്കയക്കപ്പെട്ടു.

സ്റ്റനിസ്ലാവൂസിന്റെ റോമിലെ വിദ്യാർത്ഥിജീവിതം പെട്ടെന്നവസാനിക്കുകയാണു്. ഒരു നവസന്യാസിയായി വിശുദ്ധൻ അവിടെ ജീവിച്ചകാലം വെറും പത്തുമാസം മാത്രമാണു്. പക്ഷെ അതു മതിയായിരുന്നു ദൈവസന്നിധിയിൽ മനോഹരമായ ഒരു കിരീടം സ്വായത്തമാക്കുന്നതിനു്. 1568-ൽ പരിശുദ്ധ കന്യകമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാൾദിനം മരിയഭക്തനായ ഈ വിദ്യാർത്ഥി 17-ാമത്തെ വയസ്സിൽ പുണ്യവാനായി സ്വർഗ്ഗത്തിൽ പ്രവേശിച്ചു. ഇന്നു പ്രത്യേകവിധം വിദ്യാർത്ഥിമദ്ധ്യസ്ഥനായി ഈ കുഞ്ഞുവിശുദ്ധൻ വിരാജിക്കുന്നു. ഈ വിശുദ്ധനെ അനുകരിക്കുന്നതിനു കുഞ്ഞനുജന്മാരേയും കുഞ്ഞനിയത്തികളേയും പ്രത്യേകം ക്ഷണിച്ചുകൊണ്ടു് സ്റ്റാനിയുടെ ജീവചരിത്രം അവസാനിപ്പിക്കുന്നു.

വല്യേട്ടൻ



### 66-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—ഇരുട്ട്

### പ്രശ്നം നമ്പ്ര് 67

(ജോസഫ് പി. സി. Reg. No. 32)

ജീവജാലങ്ങൾക്കു വിശ്രമവും ഉന്മേഷവും പ്രദാനംചെയ്യുന്ന അനുദിനസന്ദർശകനാണു ഞാൻ. കാലത്തിന്റെ പകുതിയും എന്റെ അധീനത്തിലാണു്. എന്റെ പേരിനു വെറും രണ്ടക്ഷരം മാത്രം. ആദ്യക്ഷരം ചരാചരത്തിലുണ്ടു്. രണ്ടാമത്തെ അക്ഷരം പത്രികയിൽ കാണാം. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## രണ്ടു തുള്ളി കണ്ണുനീർ

(ജോസ് ജോർജ്ജ് മാമ്പിള്ളി Reg. No. 12)

"അന്തപ്പാ, ഇന്നു ഞങ്ങളുടെ അമ്പലത്തിൽ ഉത്സവം അവസാനമാണു്. നല്ല പരിപാടികളെല്ലാം ഉണ്ടു്. വെടിക്കെട്ടും ഉണ്ടു്. വരുന്നോ?"

വാസുവാണു് അതു ചോദിച്ചതു്.

ഞാൻ ഇതുവരെ ഉത്സവത്തിനു പോയിട്ടില്ല. അതുമല്ല വെടിക്കെട്ടു കാണുവാൻ എനിക്കു വലിയ ഇഷ്ടവുമാണു്. പക്ഷെ അപ്പച്ചൻ അനുവദിക്കുകയില്ല. അഥവാ അനുവദിച്ചാൽതന്നെ ഞാൻ തനിച്ചു എങ്ങിനെ പോകും. ഇങ്ങനെയുള്ള പലവിധ ചിന്തകൾ എന്റെ മനസ്സിൽ ഓളം വെട്ടി. ഒടുവിൽ ഞാൻ പറഞ്ഞു: "ചാണ്ടിക്കുഞ്ഞുണ്ടെങ്കിൽ ഞാനും വരാം."

എന്റെ ആത്മസുഹൃത്തും അയൽവാസിയുമാണു് ചാണ്ടിക്കുഞ്ഞു്. എന്തുകാര്യത്തിനും ചാണ്ടിക്കുഞ്ഞുണ്ടെങ്കിൽ എനിക്കൊരു ധൈര്യമുണ്ടു്.

ഞങ്ങൾ ഈ തീരുമാനമെടുത്തതു് ജ്യോഗ്രഫി ടീച്ചറുടെ ക്ലാസ്സിൽ ഇരുന്നുകൊണ്ടാണു്. ടീച്ചർ ഇന്ത്യയുടെ ഭൂമിശാസ്ത്രത്തെപ്പററി ഗംഭീരമായി പ്രസംഗിക്കുകയാണു്. ഞങ്ങൾ ലാസ്റ്റ്ബെഞ്ചിൽ ഇരുന്നുകൊണ്ടു് ഉത്സവപരിപാടികളെപ്പററിയുള്ള ആലോചനയിലും.

സ്കൂൾവിട്ട ഉടനെ ഞാൻ ചാണ്ടിക്കുഞ്ഞിനെ കണ്ടു.

"ചാണ്ടിക്കുഞ്ഞേ, നമുക്കിന്നു ഉത്സവത്തിനു പോകാം"

"ഉത്സവത്തിനോ! അതിനു് നിന്റെ അപ്പച്ചൻ അനുവദിക്കുമോ?"

"അതു സാരമില്ല. നമുക്കു ഒളിച്ചെങ്കിലും പോകാം."

"എന്നാൽ കാശുവേണ്ടേ?"

"കാശെന്റെ കൈയിലുണ്ടു്. നീ പോരാമോ?"

അവൻ ആലോചിച്ചു് ഒടുവിൽ സമ്മതിച്ചു. അങ്ങിനെ ഞങ്ങൾ ഉത്സവത്തിനു പോകാൻതന്നെ തീരുമാനിച്ചു.

ഞാൻ ഉത്സവസ്ഥലത്തെപ്പററി കേട്ടിട്ടുണ്ടു്. അവിടെ പലതും കാണുവാനും വാങ്ങിക്കുവാനും ഉണ്ടാകും. അതിനു് കാശുവേണം. എന്റെ കൈയിൽ കാലണപോലും ഇല്ല. കാശില്ലെങ്കിൽ ചാണ്ടിക്കുഞ്ഞു പോരുകയില്ല. ഞാൻ തലപുകഞ്ഞാലോചിച്ചു. പല വിചിത്രമാർഗ്ഗങ്ങളും എന്റെ മുമ്പിൽക്കൂടി കടന്നുപോയി. പക്ഷേ അതൊന്നും ശരിപ്പെട്ടില്ല. ഒടുവിൽ ഒരു മാർഗ്ഗം കണ്ടുപിടിച്ചു. ഒരേഒരു മാർഗ്ഗം. അപ്പച്ചന്റെ അലമാരിയിൽനിന്നും മൂണ്ടുകതന്നെ. അല്ലാതെ നിവൃത്തിയില്ല. അലമാരിയിരുന്ന സൂത്രത്തിൽ രണ്ടുരൂപാ കീശയിലാക്കി. കുരിശുമണികൊട്ടിയ ഉടനെ പ്രാർത്ഥന ചൊല്ലി. പ്രാർത്ഥന ചൊല്ലുന്നുണ്ടെന്നുമാത്രം. ചിന്ത മുഴുവൻ ഉത്സവസ്ഥലത്തും വെടിക്കെട്ടിലുമാണു്.

ഇതിനിടയിൽ അമ്മ ചോദിച്ചു: "പ്രാർത്ഥന ഇത്രവേഗം കഴിച്ചിട്ടു് എവിടെപ്പോകാനാ?"

ഞാനൊന്നമ്പരന്നു. എന്റെ രഹസ്യം അമ്മ അറിഞ്ഞോ എന്നൊരു സംശയം. ഒരു വിറയലോടെ ഞാൻ പറഞ്ഞു: "എനിക്കിന്നു വല്ലാതെ ഉറക്കം വരുന്നമ്മേ; വേഗം കിടക്കണം."

ഊണുകഴിഞ്ഞു ഞാൻ കിടന്നു, ഉറക്കം നടിച്ചുകൊണ്ടു്. നിമിഷങ്ങൾ പാഞ്ഞുപോയി വായുവേഗത്തിൽ.

മണി ഒമ്പതരകഴിഞ്ഞു. എന്നിട്ടും അപ്പച്ചൻ ഉറങ്ങിയിട്ടില്ല. ഞാൻ നിരാശനായി തിരിഞ്ഞും മറിഞ്ഞും കിടന്നു.

ചാണ്ടിക്കുഞ്ഞു് ഇപ്പോൾ എന്നേയും കാത്തു കവലയിൽനിന്നു വിഷമിക്കുന്നുണ്ടാകും. ഈ അപ്പച്ചനു ഒന്നുവേഗം ഉറങ്ങിയാലെന്താ? ഞാൻ മനസ്സുകൊണ്ടു് ശപിക്കുവാൻ തുടങ്ങി. നിമിഷങ്ങൾ പിന്നേയും കടന്നുപോയി.

ഞാൻ ശ്വാസവുംകൂടി കഴിക്കാതെ പതുക്കെ ഒന്നു തലപൊക്കി. കൂരിരുട്ടു്! നിശ്ശബ്ദത. നിശ്ചലത. ആ പരിസരം മുഴുവൻ പരിപൂർണ്ണമായി നിദ്രയിലാണ്ടുകഴിഞ്ഞിരുന്നു.

കിഴക്കുനിന്നു് ഒരു തണുത്ത കാററു് ജനാലയിൽക്കൂടി വന്നു് എന്നെ തലോടിക്കൊണ്ടു കടന്നുപോയി.

ഞാൻ എഴുന്നേററു് വാതിലിന്റെ അരുകിലേക്കു നടന്നു, ഒരു പൂച്ചയെപ്പോലെ ശബ്ദം ഒട്ടും പുറപ്പെടുവിക്കാതെ. എന്തോ വിലയേറിയ വസ്തു മോഷ്ടിക്കുവാൻ ഇറങ്ങുന്നതുപോലെ എന്റെ കരങ്ങൾ വിറച്ചു. ആകെക്കൂടി ഒരു ഭീകരത എനിക്കനുഭവപ്പെട്ടു. ഞാൻ സാക്ഷാ ഊരി. പെട്ടെന്നു് ഒരു ശബ്ദം നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടു്. അപ്പച്ചന്റെ ഒരു ചുമ!

എന്റെ കരൾ വിറച്ചു. പെട്ടെന്നു അസ്തപ്രജ്ഞനായി. ഭയം ഞരമ്പുകളിൽക്കൂടി വിദ്യുത്‌വേഗത്തിൽ പാഞ്ഞു.

പക്ഷെ സാരമില്ല. ഉറക്കത്തിലാണു്. അങ്ങനെ ഞാൻ ഒരു വിധത്തിൽ പുറത്തുകടന്നു. ഞാൻ കവലയ്ക്കലേക്കു ഓടി. എന്നെയും കാത്തു എന്റെ സുഹൃത്തു് അക്ഷമനായി നിൽക്കുകയാണു്.

ഞങ്ങൾ ഉത്സവസ്ഥലത്തെത്തി. വലിയ തിക്കും തിരക്കും ബഹളവുംതന്നെ. സ്ത്രീകളും പുരുഷന്മാരും എവിടെയും ഉണ്ടു്.

"ചാണ്ടിക്കുഞ്ഞേ, നമുക്കു വാസുവിനെ അന്വേഷിക്കാം."

"ഈ ബഹളത്തിനിടയിൽ അവനെ നമ്മൾ എവിടെ അന്വേഷിക്കാനാണു്?"

"എങ്കിലും വരൂ, നമുക്കൊന്നു അന്വേഷിക്കാം."

അങ്ങിനെ ഞങ്ങൾ ആ ജനസമുദ്രത്തിലേക്കു നീങ്ങി.

ഞങ്ങൾ കുറെ വടക്കോട്ടു നടന്നു. അവിടെ ഒരു തലക്കെട്ടുകാരൻ നിന്നുകൊണ്ടു് വിളിച്ചു പറയുന്നു: "6 കാശിനു് 7 കാശ്. 3 കാശിനു് 3 കാശ്." അയാളുടെ ചുററും കുറെ ആളുകൾ കൂടിയിട്ടുണ്ടു്. ഞങ്ങൾ ഒരോ കൊട്ടത്തു എഴു കാശുവിതം കണ്ടു.

"തരക്കേടില്ല അല്ലേ" ചാണ്ടിക്കുഞ്ഞു ചോദിച്ചു.

"ഉം..." ഞാൻ മൂളി.

കുറച്ചു കിഴക്കുവശത്തായി വേറൊരു ബഹളം ഞങ്ങൾ അവിടേക്കു നീങ്ങി. അവിടെ വേറൊരു രസമാണു്—ഷോടതി. മുഖത്തു വസൂരിക്കലയും മുള്ളംപോലെ കാലിൽ മന്തുമുള്ള ഒരാൾ ഞങ്ങളെ ആഹ്വാനം ചെയ്യുകയാണു്:

"വെയ് രാജാ വെയ്യ്...വെയ്യ് രാജാ വെയ്... 1ണ വെച്ചാൽ 8ണ കിട്ടും. 2ണ വെച്ചാൽ 1രൂപ കിട്ടും. വെയ് രാജാ വെയ്... ആർക്കും വെക്കാം. ആറും മൂന്നും കാലി...ആറും മൂന്നും കാലി. വെയ് രാജാ വെയ്"

ഞങ്ങൾ ഈരണ്ടണ വച്ചു. ആറിലും മൂന്നിലും. അയാൾ പാട്ടകിലുക്കി നമ്പറെടുത്തു. ഞാൻ വച്ച നമ്പർ വന്നു. അങ്ങിനെ 1ക കിട്ടി. ചാണ്ടിക്കുഞ്ഞിനെ കൊണ്ടു് പിന്നെ വെപ്പിച്ചില്ല. ഞാൻ വീണ്ടും വച്ചു അയാൾ പാട്ടകിലുക്കി, നമ്പറെടുത്തു എന്റെ നമ്പർ കാലി. ഞാൻ നിരാശനായില്ല. വീണ്ടും വച്ചു. കാലി. വീണ്ടും കാലി. കാലി കാലി... അങ്ങനെ എന്റെ കൈയിലെ കാശുമുഴുവൻ തീർന്നു. ഞങ്ങൾ നിരാശരായി അയാളെ ശപിച്ചുകൊണ്ടു മടങ്ങി.

വെടിക്കെട്ടിനു സമയമായി. ആളുകളെല്ലാം അങ്ങോട്ടോടി. കൂടെ ഞങ്ങളും. പോലിസുകാർ ആളുകളെ തള്ളിമാററുന്നുണ്ടു്. പക്ഷെ ജനക്കൂട്ടം പിന്നെയും അടുക്കുന്നു. അതിന്റെ മുൻവരിയിൽ തന്നെ ഞങ്ങളും നിലയുറപ്പിച്ചു.

ഇടസ്ഥലിടസ്ഥ ഗുണ്ടുകളോടുകൂടിയ ഓലപ്പടക്കം നാലുനിരയായി കെട്ടിയിരിക്കുന്നു. അതിനാണു് ആദ്യം തീ കൊടുത്തതു്. പടക്കങ്ങൾ പൊട്ടിത്തെറിച്ചു. ജനക്കൂട്ടം പിന്നോട്ടു തള്ളിനീങ്ങിക്കൊണ്ടിരുന്നു. വെടിമരുന്നിന്റെ പുകയാൽ ആ പ്രദേശം മുഴുവൻ അന്ധകാരമയമായി. പെട്ടെന്നു എന്റെ മുമ്പിൽ ഒരു മിന്നൽ! ഒരു പൊട്ടൽ!! ഞാൻ ബോധരഹിതനായി നിലംപതിച്ചു.

എനിക്കു ബോധമുണ്ടായപ്പോൾ ഞാൻ ആസ്പത്രിയിലാണു്. ചുററും ആളുകൾ കൂടിയിട്ടുണ്ടു്. എന്റെ ശരീരത്തിലും മുഖത്തും മരുന്നുവച്ചു കെട്ടിയിരിക്കുന്നു. എന്തൊരു നീററലും പുകച്ചിലും.

"എന്തിനാ മോനേ, നീ ഉത്സവത്തിനു പോയതു്?" അമ്മയുടെ ചോദ്യത്തിനുമുമ്പിൽ ഞാൻ തികച്ചും മൂകനായിപ്പോയി. എന്റെ കണ്ണുകളിൽനിന്നു രണ്ടു തുള്ളി കണ്ണുനീർ പൊള്ളിയ കവിളിൽക്കൂടി ഒഴുകി. ചുട്ടുപുകയുന്ന എന്റെ കവിളിനു് ഒരു ആശ്വാസം കിട്ടി.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-I